بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 6

ലക്കം 15

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ഏപ്രിൽ 15/ഹി.ശം. 1400 ശഹാദത്ത് 15/1442 റമളാൻ 2

## അല്ലാഹുവിന്റെ വചനം

فَاَمَّا الَّذِیۡنَ اٰمَنُوۡا بِاللّٰہِ وَاعۡتَصَمُوۡا بِہٖ فَسَیُدۡخِلُہُمۡ فِیۡ رَحۡمَۃٍ مِّنۡہُ وَفَضۡلٍ ۙ وَّیَہۡدِیۡہِمۡ اِلَیۡہِ صِرَاطًا مُّسۡتَقِیۡمًا

(النساء:176)

'അതുകൊണ്ട് അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ മുറുകെ പിടിക്കുകയും ചെയ്യുന്ന വരാരോ, തീർച്ചയായും അവരെ അവൻ തന്റെ പക്കൽനിന്നുള്ള മഹത്തായ കാരുണ്യത്തിലും അനുഗ്രഹത്തിലും പ്രവേശിപ്പിക്കുന്നതും തങ്കലേക്ക്(നയിക്കുന്ന)നേർമാർഗത്തിലേക്ക് അവരെ അവൻ വഴിനടത്തുന്നതുമാണ്.' (4:176)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### നബി(സ)തിരുമേനിയുടെ മൂന്നു ഉപദേശങ്ങൾ:

(1178)ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. അദ്ദേഹം പറഞ്ഞു: 'എന്റെ ആത്മമിത്രം മൂന്നുകാര്യം അനുഷ്ഠിക്കാൻ എന്നോടു ഉപദേശിച്ചിരിക്കുന്നു. ഞാൻ മരിക്കുന്നതുവരെ അതുപേക്ഷിക്കുകയില്ല. എല്ലാ മാസത്തിലും മൂന്നുനോമ്പനുഷ്ഠിക്കുക. ളുഹാ നമസ്കരിക്കുക. വിത്ർ നമസ്കരിച്ച് ഉറങ്ങുക.'

### വീട് ഖബ്റാക്കരുത്:

(1187)ഹദ്റത്ത് അബ്ദുല്ലാ ബിൻ ഉമർ (റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങളുടെ നമസ്കാരങ്ങളിൽനിന്ന് ഒരു ഭാഗം വീടുകളിൽവച്ച് നിങ്ങൾ നിർവഹിക്കുവിൻ. അവയെ നിങ്ങൾ ഖബ്റുകളാക്കരുത്.'

### മസ്ജിദ് ഹറാമിന്റേയും നബ്വിയുടേയും ശ്രേഷ്ഠത:

(1190) അബൂഹുറയ്റ നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'എന്റെ ഈ മസ്ജിദിൽവച്ചുള്ള ഒരു നമസ്കാരം ഈ മസ്ജിദ് ഒഴിച്ചുള്ള മറ്റൊരു മസ്ജിദിൽവച്ച് നമസ്കരിക്കുന്ന ആയിരം നമസ്കാരത്തെക്കാൾ പുണ്യമുള്ളതാണ്. എന്നാൽ, കഅ്ബ അതിൽപ്പെടുകയില്ല.' (സ്വഹീഹ് ബുഖാരി, വാള്യം 2, പ്രസാധകർ ഖാദിയാൻ 2006)

**ഈ ജമാഅത്ത് അല്ലാഹു സ്ഥാപിച്ചിട്ടുള്ളതല്ലെങ്കിൽ, അല്ലാഹുവിന്റെമേൽ ആരെങ്കിലും കെട്ടിയുണ്ടാക്കി പറയുകയും എന്നിട്ട് അയാൾക്ക് ദീർഘായുസ്സ് ലഭിക്കുകയും ചെയ്തിട്ടുള്ള സംഭവം ഏതെങ്കിലും ജനതയുടെ ചരിത്രത്തിൽനിന്ന് നമുക്ക് പറഞ്ഞുതരിക.**

**കറ്റുകെട്ടി പറയുന്നവൻ ഒരിക്കലും ദീർഘകാലം ജീവിച്ചിരിക്കില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

നമ്മുടെ ഇൽഹാമിന്റേയും ദൈവഭാഷണത്തിന്റേയും വാദം പ്രസിദ്ധീകരിച്ചിട്ട് ഒരുപാട് വർഷങ്ങൾ കഴിഞ്ഞു. ബറാഹീനെ അഹ്മദിയ്യ പ്രസിദ്ധീകരിച്ചതുമുതൽ കണക്കു കൂട്ടകയാണെങ്കിൽ 20 വർഷം കഴിഞ്ഞിരിക്കുകയാണ്. നമ്മുടെ എതിരാളികൾ നമ്മുടെ വാദത്തിൽ നമ്മെ കള്ളവാദിയെന്നും കറ്റുകെട്ടുകാരനെന്നും പറയുകയാണ്. അവരോടു ആരെങ്കിലും ചോദിക്കുക, ഇൽഹാമുണ്ടാകുന്നുവെന്നും ദൈദാഷണമുണ്ടാകുന്നുവെന്നും വാദിക്കുന്ന കറ്റുകെട്ടുകാരന് അല്ലാഹു നീട്ടിക്കൊടുക്കുകയില്ല. എത്രത്തോളമെന്നാൽ, നീ ചിലകാര്യങ്ങൾ സ്വന്തമായി പറഞ്ഞാൽ നാം നിന്റെ ജീവനാഡി പിടിക്കുന്നതാണെന്ന് നബി(സ)തിരുമേനിയോടും അല്ലാഹു പറഞ്ഞു. അപ്പോൾപ്പിന്നെ മറ്റാർക്ക് എന്ത് പ്രത്യേകത ഉണ്ടാകാനാണ്? ഇതിൽനിന്ന് അല്ലാഹുവിന്റെമേൽ ഇൽഹാം കെട്ടിച്ചമച്ചു പറയുന്നവന് ഒരിക്കലും അവധിയുണ്ടാകുകയില്ലെന്നാണ് വ്യക്തമായും മനസ്സിലാകുന്നത്. ഇനി നാം ചോദിക്കുകയാണ്, ഈ ജമാഅത്ത് അല്ലാഹു സ്ഥാപിച്ചിട്ടുള്ളതല്ലെങ്കിൽ, അല്ലാഹുവിന്റെമേൽ ആരെങ്കിലും കെട്ടിയുണ്ടാക്കി പറയുകയും എന്നിട്ട് അയാൾക്ക് ദീർഘായുസ്സ് ലഭിക്കുകയും ചെയ്തിട്ടുള്ള സംഭവം ഏതെങ്കിലും ജനതയുടെ ചരിത്രത്തിൽനിന്ന് നമുക്ക് പറഞ്ഞുതരിക. നമ്മെ സംബന്ധിച്ചിടത്തോളം ഈ മാനദണ്ഡം സ്പഷ്ടമാണ്. അതായത് നബി(സ)തിരുമേനിയുടെ 23 വർഷംവരെയുള്ള കാലം ഒരു സുദീർഘകാലമാണ്. ആ സത്യസന്ധനും തികവുറ്റവനുമായ നബിയുടെ കാലത്തോടു ഏകദേശം ചേർന്ന കാലം അല്ലാഹു ഇതുവരെ നമുക്ക് നല്കിയിരക്കുന്നു. കാരണം ബറാഹീനെ അഹ്മദിയ്യാ പ്രസിദ്ധീകരിച്ചിട്ട് 20 വർഷമായി. അത് പരലോകത്തെ കുറിച്ച് ചിന്തിക്കാത്ത ആക്ഷേപകരുടെ പക്കൽ കറ്റുകെട്ടിന്റെ ആദ്യത്തെ കാലമാണ്. ഇപ്പോൾ നാം സർവാംഗീകൃത സത്യവാൻ എന്നല്ല സത്യവാന്മാരുടെ നേതാവിന്റെ കാലത്തിനോടു ചേർന്ന കാലം അവതരിപ്പിക്കുകയാണ്. ഈ അക്രമി ഇപ്പോഴും പറഞ്ഞുകൊണ്ടുപോകുന്നു ഇത് കളവാണെന്ന്! അഹോ കഷ്ടം! നമ്മെ നിഷേധിക്കുക എന്ന ചിന്തയോടെ ഇവർ എത്രത്തോളം അന്ധരായിരിക്കുന്നുവെന്നാൽ

(ശേഷം പേജ് 12ൽ)

**ഇസ്‌ലാം കേവലം വ്യക്തിപരമായ വിജയത്തിൽ വിശ്വസിക്കുന്നില്ല.**
**നമ്മൾ മുഴുവൻ സമുദായത്തേയും എല്ലാ രീതിയിലും വർധിപ്പിക്കുന്നില്ലെങ്കിൽ നമ്മൾ വിജയിച്ചിട്ടേയില്ലെന്നാണ് അതിന് അർഥം.**
**ജനതയുടെ വിവരമെടുക്കാതിരിക്കുക എന്നത് അക്രമമാണ്. കാരണം വിവരമെടുക്കാത്തതുകൊണ്ട് തിന്മ വീണ്ടും മടങ്ങിവരും. തിന്മയെ ഉന്മൂലനം ചെയ്യുന്നതിന് എല്ലാ ശരിയായ വഴികളും സ്വീകരിക്കുക എന്നതാണ് വിജയം.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറ ഹൂദിലെ 113-ാം വചനമായ **ഫസ്ത്തഖിം കമാ ഉമിർത്ത വമൻതാബ മഅക്ക വലാ തത്വ്ഗൗ ഇന്നഹൂ ബിമാ തഅ്മലൂന ബസ്വീർ** എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: ഈ വചനത്തിൽ ഭാവി തലമുറയുടെ പരിഷ്കരണത്തിലേക്കും അവരുടെ ശിക്ഷണത്തിലേക്കും സൂചന നല്കപ്പെട്ടിരിക്കുന്നു. എന്നാൽ, ഖേദകരമെന്നു പറയട്ടെ ഇക്കാര്യത്തിൽ വളരെ കുറച്ചാളുകളെ ശ്രദ്ധിക്കുന്നുള്ളു. ബയ്ഹഖി ശിഅ്ബുൽഈമാനിൽ അബൂ അലി സരിയിൽനിന്ന് നിവേദനം. അബൂ അലി പറഞ്ഞു: *റഅ്യത്തു റസൂലല്ലാഹി സ്വല്ലല്ലാഹു അലയ്ഹിവസല്ലമ ഫിൽമനാമി ഫഖുൽത്തു യാ റസൂലല്ലാഹി സ്വല്ലല്ലാഹു അലയ്ഹിവസല്ലമ റുവിയ അന്നക്ക ഖുൽത്ത ശയ്യബനിൽഹൂദു ഖാല നഅം ഖുൽത്തു മല്ലദീ ശയ്യബക്ക ഖസ്വസ്വുൽ അമ്പിയാഇ വ ഹലാക്കിൽ ഉമമി ഖാല ലാ വലാക്കിൻ ഖൗലുഹൂ ഫസ്ത്തഖിം കമാ ഉമിർത്ത* ഞാൻ നബി(സ)തിരുമേനിയെ സ്വപ്നത്തിൽ കണ്ടു. പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ! സൂറ ഹൂദ് അങ്ങയെ വൃദ്ധനാക്കിയിരിക്കുന്നുവെന്ന് അങ്ങ് പറഞ്ഞതായി ആളുകൾ പറയുന്നു. അവിടന്ന് പറഞ്ഞു, 'അതേ!' ഏതു കാര്യമാണ് അങ്ങയെ വൃദ്ധനാക്കിയതെന്ന് ഞാൻ ചോദിച്ചു. നബിമാരുടെ വൃത്താന്തങ്ങളും സമുദായങ്ങളുടെ നാശവുമാണോ? അവിടന്ന് പറഞ്ഞു: 'അല്ല. പ്രത്യുത ആയത്ത് ഫസ്തഖിം കമാ ഉമിർത്തയാണ് എന്നെ വൃദ്ധനാക്കിയത്.' ദാരിമീയും അബൂദാവൂദും തങ്ങളുടെ മറാസീലിലും ബയ്ഹഖി ശിഅ്ബുൽഈമാനിലും കഅ്ബിൽനിന്ന് നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:ഇഖ്റഉൽഹൂദ യൗമൽ ജുമുഅത്തി ഹൂദ് എന്ന അധ്യായം ജുമുഅ ദിവസം പാരായണം ചെയ്യുക. ഇതിൽനിന്ന് മനസ്സിലാകുന്നതും ഈ ആയത്ത് ജമാഅത്ത് വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ്. കാരണം ജുമുഅ ദിവസവും സമ്മേളന ദിവസമാകുന്നു.ഏതൊരു സൂറത്താണോ നബി(സ)തിരുമേനിയെപ്പോലുള്ള വിശാലഹൃദയനെ വാർധക്യം വരുന്നതിനുമുമ്പേതന്നെ വൃദ്ധനാക്കിയത് നമ്മളിൽ അത് ഒരു സ്വാധീനവും ഉണ്ടാക്കുകയില്ലെന്നു പറയുന്നത് എത്ര അത്ഭുതമുളവാക്കുന്ന കാര്യമാണ്. വാസ്തവത്തിൽ നമ്മുടെ മുമ്പിലുള്ള ജോലിയിൽ വിജയിക്കുന്നതിന് നമ്മൾ നബി(സ)തിരുമേനിയെക്കാൾ കൂടുതൽ ഭയപ്പെടേണ്ടതാണ്.

യഥാർഥ കാര്യമെന്താണെന്നാൽ, ഇസ്‌ലാം കേവലം വ്യക്തിപരമായ വിജയത്തിൽ വിശ്വസിക്കുന്നില്ല. നമ്മൾ മുഴുവൻ സമുദായത്തേയും എല്ലാ രീതിയിലും വർധിപ്പിക്കുന്നില്ലെങ്കിൽ നമ്മൾ വിജയിച്ചിട്ടേയില്ലെന്നാണ് അതിന് അർഥം. ലാ തത്വഗൗ എന്നത് അതാണ് സൂചിപ്പിക്കുന്നത്. ജന

(ശേഷം പേജ് 12ൽ)

ബദർ
വീക്കിലി ഖാദിയാൻ
Weekly BADAR Qadian Malayalam

The Weekly BADR Qadian (Malayalam)

https://www.akhbarbadrqadian.in/

### ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ 26-02-2021 സമ്പൂർണ തർജമ

ജുമുഅ ഖുത്വ്ബ 19-02-2021 സമ്പൂർണ തർജമ തുടർച്ച

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

ഉഥ്മാനേ! അല്ലാഹു നിന്നെ ഒരു കുപ്പായം അണിയിക്കാനിടയുണ്ട്. ആ കുപ്പായം ഊരാൻ ആളുകൾ നിന്നോടു ആവശ്യപ്പെട്ടാൽ അവർ പയുന്നതുകൊണ്ട് അതൊരിക്കലും ഊരരുത്.(അൽ ഹദീഥ്)

നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ദുന്നൂറയ്ൻ ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.

ഹദ്റത്ത് ഉഥ്മാനാണെങ്കിൽ അദ്ദേഹത്തെക്കുറിച്ച് നബി(സ)തിരുമേനി പറഞ്ഞത്, 'ഇദ്ദേഹം ഇസ്ലാമിന് എത്രമാത്രം സേവനങ്ങൾ ചെയ്തു കഴിഞ്ഞുവെന്നാൽ ഇനി ഇദ്ദേഹത്തിന് ഇഷ്ടംപാലെയൊക്കെ ചെയ്യാം. അതെക്കുറിച്ച് അല്ലാഹു ചോദ്യം ചെയ്യില്ല എന്നാണ്. അദ്ദേഹത്തിൽ എത്രമാത്രം സവിശേഷഗുണങ്ങൾ ഉണ്ടായിരുന്നുവെന്നാൽ, എത്രകണ്ട് അദ്ദേഹം നന്മയിൽ മുന്നേറിയെന്നാൽ ഇനി ഒരിക്കലും അല്ലാഹുവിന്റെ കല്പനകൾക്ക് എതിരായി അദ്ദേഹം ഒന്നും പ്രവർത്തിക്കുന്നതേയല്ല എന്നാണ്.

പിശാവറിലെ ബാസേദ് ഖയ്ൽ വാസി അബ്ദുൽഖാദിർ സാഹിബ്(ശഹീദ്), നങ്കാന സാഹിബ് ജില്ലയിലെ ശൗക്കത്ത് കോളനിയിലെ അസീരാനെ രാഹെ മൗലാ അക്ബർ അലി സാഹിബ്, വക്കീലുൽമാൽ ഥാലിഥ് തഹ്രീക്കെ ജദീദ് റബ്വ ഖാലിദ് മഹ്മൂദുൽ ഹസൻ ഭട്ടി സാഹിബ്, സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ പാക്കിസ്താന്റെ നിയമോപദേശകൻ മുബാറക് അഹ് മദ് ത്വാഹിർ സാഹിബ് എന്നിവരെകുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2021 ഫെബ്രുവരി 26/1399 തബ്ലീഗ് 26**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ കാലത്ത് നടന്ന് യുദ്ധങ്ങളെയും വിജയങ്ങളെയും കുറിച്ചുള്ള വിവരണമാണ് നടത്തിയിരുന്നത്. ഇന്നു ഞാൻ അതു തന്നെ വിവരിക്കുന്നതാണ്. അലി ബിൻ മുഹമ്മദ് മദാഇനി(റ)നിവേദനം. ഹദ്റത്ത് ഉഥ്മാന്റെ കാലഘട്ടത്തിൽ ഹിജ്റ വർഷം 30ന് തിബ്രിസ്ഥാനിൽവച്ച് ഹദ്റത്ത് സയീദ് ബിൻ ആസ്(റ) യുദ്ധം ചെയ്ത് കോട്ട കീഴടക്കി.(താരീഖു അത്ത്വബ്രി, വാള്യം 5, പേജ് 102-103, ഹിജ്റ വർഷം 30 ദാറുൽഫിക്ർ 1998)

അപ്രകാരം തന്നെ ഹിജ്റ 31ന് സ്വവാരി വിജയമുണ്ടായി. മിക്ക ചരിത്ര ഗ്രന്ഥങ്ങളിലും അതിന്റെ സ്ഥലവിവരങ്ങൾ നിശ്ചയിക്കപ്പെട്ടതായി കാണുന്നില്ല. അല്ലാമാ ഇബ്നു ഖൽദൂൻ ഇതു നടന്ന സ്ഥലം അലക്സാണ്ട്രിയ ആണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. (താരീഖ് ഇബ്നു ഖൽദൂൻ ഭാഗം 2, പേജ് 575, ദാറുൽഫിക്ർ ബെയ്റുത്ത് 2000)(അന്നജൂമ്സ്സാഹിറഃ ഫീ മുലൂക്കി മിസ്ർ വൽഖാഹിറ വാള്യം 1, പേജ് 80, ദാറുൽകുതുബ് അൽമിസ്രിയ്യ 1929)

ഒരു റിപ്പോർട്ട് പ്രകാരം മുസ്ലിമീങ്ങൾ റോമക്കാരുമായി ഹിജ്റ 31ന് ഒരു യുദ്ധം നടത്തി. അതാണ് സ്വവാരി യുദ്ധം എന്നറിയപ്പെടുന്നത്. അബൂ മഹ്ശറിന്റെ നിവേദനമനുസരിച്ച് സ്വവാരി യുദ്ധം ഹിജ്റ 34 ലാണ് നടന്നത്. അസാവിദയിലെ നാവികയുദ്ധം ഹിജ്റ 31 ലാണ് നടന്നത്. വാഖദിയുടെ അഭിപ്രായത്തിൽ സ്വവാരി യുദ്ധവും അസാവിദയിലെ നാവികയുദ്ധവും ഹിജ്റ 31-ലാണ് നടന്നത്. വാഖ്ദിയുടെ അഭിപ്രായപ്രകാരം സ്വവാരിയുദ്ധവും അസാവിദ യുദ്ധവും രണ്ടും ഹിജ്റ 31-ലാണ് നടന്നത്. (താരീഖു അത്ത്വബ്രി, വാള്യം 5, പേജ് 115, ഗസ്വയെ അസ്സ്വവാരി , ഹിജ്റ വർഷം 31 ദാറുൽഫിക്ർ 1998)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബീ സഅ്ദ് ബിൻ അബീ സർഹ് പറങ്കികളെയും അതായത് ഫ്രഞ്ചുകാരെയും ബാർബേരിയൻസിനെയും അഫ്രീഖയിലും സ്പെയിനിലുംവച്ച് പരാജയപ്പെടുത്തിയപ്പോൾ റോമാക്കാർ ക്ഷുഭിതരായി. എല്ലാവരുംകൂടി ഹെറാക്ലിയസിന്റെ മകൻ കോൺസ്റ്റാന്റീനിന്റെ പക്കൽ ഒത്തുകൂടി. ഇസ്ലാമിന്റെ തുടക്കം മുതൽക്ക് അന്നോളം മുമ്പൊരിക്കലുമില്ലാത്ത വൻ സൈന്യവുമായി മുസ്ലിമീങ്ങളോട് ഏറ്റുമുട്ടാനായി ഒരുങ്ങിപ്പുറപ്പെട്ടു. 500 കപ്പലടങ്ങിയ സൈന്യമായിരുന്നു അത്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സഅ്ദ് അബീസർഹിനെ ഒരു വ്യോമസേനയുടെ അമീറായി അമീർ മുആവിയ നിശ്ചയിച്ചു. ഇരു സൈന്യങ്ങളും മുഖാമുഖമായപ്പോൾ വൻ പോരാട്ടമുണ്ടായി. അവസാനം ദൈവസഹായത്താൽ മുസ്ലിമീങ്ങൾക്ക് വിജയമുണ്ടായി. കോൺസ്റ്റന്റീനും അയാളുടെ ശേഷിച്ച പട്ടാളവും പിന്തിരിഞ്ഞോടി.(താരീഖ് ത്വബരി, വാള്യം 5, പേജ് 116, ദാറുൽഫിക്ർ 1998)(അൽബിദായ വന്നിഹായ ലി ഇബ്നി കഥീർ, ഭാഗം 7, പേജ് 152-153, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 2001)

ആർമീനിയ വിജയം ഹിജ്റ 31 ലായിരുന്നു. വാഖദിയുടെ അഭിപ്രായത്തിൽ ഹിജ്റ 31 ന് ഹബീബ് ബിൻ മസ്ലമ ഫിഹ്രിയുടെ കൈകളാലാണ് ആർമിനിയാ വിജയമുണ്ടായത്.(താരീഖു അത്ത്വബ്രി, വാള്യം 5, പേജ് 118, ദാറുൽഫിക്ർ 1998)

ഖുറാസാൻ വിജയം ഹിജ്റ 31 ലായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ആമിർ ഖുറാസാനിലേക്ക് പുറപ്പെട്ടു. അദ്ദേഹം അബർശഹ്ർ നഗരം(abarshahr), ത്വൂസ്(Tous), അബിവാഡ്(Abivard), നേസാ(Nesa) എന്നിവ കീഴടക്കി. അങ്ങനെ സർഖസ്(Sarakhs)വരെ എത്തി. മേർവ്(Merv)വാസികളും അതേ വർഷമാണ് സന്ധി ചെയ്തത്.(താരീഖു അത്ത്വബ്രി, വാള്യം 5, പേജ് 123, ദാറുൽഫിക്ർ 1998)

തുർക്കിമാനിസ്താനിലാണ് മേർവ് (Merv)പ്രദേശം സ്ഥിതി ചെയ്യുന്നുത്. ശേഷിക്കുന്ന പ്രദേശങ്ങൾ ഇറാനിന്റെതാണ്. റോം പട്ടണത്തിലേക്ക് ഹിജ്റ 32 ലാണ് മുന്നേറ്റം നടത്തിയത്. ഹിജ്റ 32 ന് അമീർ മുആവിയ റോമുമായി യുദ്ധം ചെയ്തു. അങ്ങനെ കോൺസ്റ്റാന്റിനോപ്പിന്റെ പടിവാതിൽക്കൽ വരെ അദ്ദേഹമെത്തി.(അൽബിദായ വന്നിഹായ ലി ഇബ്നി കഥീർ, ഭാഗം 7, പേജ് 155, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 2001)

മർവ്റൂദ്,ത്വാലഖാൻ, ഫാരിയാബ്(Fariyab) ജോസ് ജാൻ(Jwoz), ത്വഖർസ്താൻ(Takhar) വിജയങ്ങൾ ഹിജ്റ 32 ലാണുണ്ടായത്. ഹിജ്റ 32 ന് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ആമിർ മർവ്റൂദ്, ത്വാലഖാൻ ഇന്നത്തെ അഫ്ഗാനിസ്താനിലെ ബലഖിനും മർവൂദിനും ഇടയിലുള്ള പ്രദേശമായ ഫരിയാബ്, ഇതും അഫ്ഗാന്റെ പ്രദേശമാണ്, ജോസജാൻ ഇതും അഫ്ഗാന്റെ പ്രദേശമാണ്, ഈ പ്രദേശങ്ങളെല്ലാം കീഴടക്കുകയുണ്ടായി.(താരീഖു അത്ത്വബ്രി, വാള്യം 2, പേജ് 630, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1987) (സയ്റുസ്സ്വഹാബ വാള്യം 1, പേജ് 168, ദാറുൽഇശാഅത്ത് കറാച്ചി 2004)

അബുൽഅശഹബ്സഅ്ദിതന്റെപിതാവിൽനിന്നു നിവേദനം. അഹ്നഫ് ബിൻ ഖയ്സിന്റെ മർവ്റൂദ്, ത്വാലഖാൻ , ഫാരിയാബ്(Fariyab), ജോസ്ജാൻ എന്നീ പ്രദേശക്കാരുമായുള്ള യുദ്ധം, അല്ലാഹു ശത്രുക്കളെ പരാജയപ്പെടുത്തുന്നതുവരെ, രാത്രി അന്ധകാര നിബിഡമാകുന്നതുവരെ നീണ്ടിരുന്നു. (താരീഖു അത്ത്വബ്രി, വാള്യം 5, പേജ് 130, ദാറുൽഫിക്ർ 1998)

അഹ്നഫ് ബിൻ ഖയ്സ്, അഖ്റഅ് ബിൻ ഹാബിസിനെ കുതിരപ്പടയുമായി ജോസ് ജാൻ(Jwoz)നിലേക്ക് അയച്ചു. അഖ്റഅ്നെ ഇത്തവണ അഹ്നഫ് പരാജയപ്പെടുത്തിയ സൈന്യത്തിന്റെ അവേശേഷിച്ച ഭാഗത്തേക്കായിരുന്നു അയച്ചിരുന്നത്. അഖ്റഅ് ബിൻ ഹാബിസ അവരുമായി ഘോര യുദ്ധം നടത്തി. അതിൽ അദ്ദേഹത്തിന്റെ കുതിരപ്പടയാളികൾ ശഹീദായെങ്കിലും മുസ്ലിമീങ്ങളെ അത് വിജയത്തോട് അടുപ്പിച്ചു.(താരീഖു അത്ത്വബ്രി, വാള്യം 5, പേജ് 130-131, ദാറുൽഫിക്ർ 1998)

ബൽഖ് വിജയം ഹിജ്റ 32 ലാണുണ്ടായത്. അഹ്നഫ് ബിൻ ഖയ്സ് മർവ്റൂദിൽ നിന്നു ബൽഖിലേക്ക് പുറപ്പെട്ടു. അവിടെച്ചെന്ന് ബൽഖുകാരെ വളഞ്ഞ് ഉപരോധിച്ചു. പുരാതന ബൽഖ് ഖുറാസാനിലെ ഒരു സുപ്രധാന നഗരമായിരുന്നു. അത് ഇന്നത്തെ അഫ്ഗാനിസ്താനിലെ ഏറ്റവും പ്രാചീന പട്ടണമാണ്. ഇന്നും ആ പ്രാചീന നഗരത്തിന്റെ അവശേഷിപ്പുകൾ നിലവിലുണ്ട്. ബൽഖ് നദിയുടെ വലത്തേ അറ്റത്തുനിന്ന് 12 കിലോമീറ്റർ അകലെയാണ് അത് സ്ഥിതിചെയ്യുന്നത്. അവിടുത്തുകാർ നാലുലക്ഷം പണം നല്കി രഞ്ജിപ്പിനായി അപേക്ഷിച്ചു. അത് അഹ്നഫ്ബിൻ ഖയ്സ് അംഗീകരിച്ചു.(താരീഖു അത്ത്വബ്രി, വാള്യം 5, പേജ് 131, ദാറുൽഫിക്ർ 1998)(മുഅ്ജമുൽബുൽദാൻ വാള്യം 1, പേജ് 568, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഹറാത്ത് സൈനിക നീക്കം ഹിജ്റ 32 ലുണ്ടായി. ഹദ്റത്ത് ഉഥ്മാൻ ഖുലയ്ദ് ബിൻ അബ് ദുല്ലാഹ് ബിൻ ഹനഫിയെ, ഹറാത്ത്, ബാദഗീസ് എന്നീ

ഭാഗങ്ങളിലേക്ക് അയച്ചു. അദ്ദേഹം അവ രണ്ടിനേയും കീഴടക്കി. എന്നാൽ, പിന്നീടവർ വിമതരാകുകയും ഖാരിൻ രാജാവുമായി ചേരുകയും ചെയ്തു.(താരീഖു അത്ത്വബ്‌രി, വാള്യം 5, പേജ് 131, ദാറുൽഫിക്ർ 1998)

ഹിജ്റ 32 ൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ആമിർ, ഖുറാസാനുമേൽ ഖയ്സ് ബിൻ ഹയ്ഥമിനെ തന്റെ പ്രതിനിധിയാക്കി നിശ്ചയിക്കുകയും സ്വയം അവിടെ നിന്നു പുറപ്പെട്ടുപോകുകയും ചെയ്തു.(താരീഖു അത്ത്വബ്‌രി, വാള്യം 5, പേജ് 132, ദാറുൽഫിക്ർ 1998)

മുസ്‌ലിമീങ്ങളെ നേരിടാൻ ഖാരിൻ ഒരു വൻ സൈന്യത്തെ തയ്യാറാക്കി വച്ചിരുന്നു. ഖയ്സ് ബിൻ ഹയ്ഥം ഭരണം അബ്ദുല്ലാഹ് ബിൻ ഖാസിമിനെ ഏല്പിച്ച് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ആമിറിന്റെ അടുത്ത് സഹായത്തിനും പോഷക സൈന്യത്തിനുമായി പോയി.(താരീഖു അത്ത്വബ്‌രി, വാള്യം 5, പേജ് 132–133, ദാറുൽഫിക്ർ 1998)

അവർക്കു നേരിടേണ്ടിയിരുന്ന സൈന്യം വളരെ വലുതായിരുന്നു. അബ്ദുല്ലാഹ് ബിൻ ഖാസിം 4000 പട്ടാളക്കാരേയുംകൊണ്ട് ഖാരിനോടു യുദ്ധം ചെയ്യുന്നതിനുവേണ്ടി പുറപ്പെട്ടു. അബ്ദുല്ലാഹ് ബിൻ ഖാസിം 600 പടയാളികളെ കരുതൽ സേനയായി മുന്നിലയക്കുകയും അവർക്ക് പിറകെ സഞ്ചരിക്കുകയും ചെയ്തു. ആ കരുതൽ സേന അർധരാത്രിക്ക് ഖാരിന്റെ സൈന്യത്തിനടുത്തെത്തി. അവരെ കടന്നാക്രമണം നടത്തി. പെട്ടെന്നുണ്ടായ ആക്രമണത്താൽ ശത്രുക്കൾ ഭയന്നുപോയി. മുസ്‌ലിമീങ്ങളുടെ ബാക്കി സൈന്യം എത്തിയപ്പോൾ ശത്രുക്കൾ ദയനീയമായി പരാജയപ്പെട്ടു. ഖാരിൻ വധിക്കപ്പെടുകയുമുണ്ടായി. മുസ്‌ലിമീങ്ങൾ അവരെ പിന്തുടർന്നു. അനേകം പേരെ വധിക്കുകയും തടവിലാക്കുകയും ചെയ്തു. (താരീഖു അത്ത്വബ്‌രി, വാള്യം 5, പേജ് 132, ദാറുൽഫിക്ർ 1998)

ഹദ്റത്ത് ഉഥ്മാന്റെ കാലഘട്ടത്തിൽ ഇന്തോ പാക് ഉപഭൂഖണ്ഡത്തിൽ ഇസ്‌ലാം എത്തുകയുണ്ടായി. ഇമാം അബൂ യൂസുഫ് കിത്താബുൽ ഖറാജിൽ ഇമാം സുഹ്‌റിയെ ഉദ്ധരിച്ചെഴുതുന്നു. ഈജിപ്തും സിറിയയും ഹദ്റത്ത് ഉമറിന്റെ കാലത്ത് വിജയിച്ചു. അഫ്രീക്കിയയും ഖുറാസാനും സിന്ധിന്റെ കുറച്ചു പ്രദേശവും ഹദ്റത്ത് ഉഥ്മാന്റെ കാലഘട്ടത്തിൽ വിജയിച്ചു.(കിതാബുൽ ഖറാജ്, ഇമാം അബൂ യൂസുഫ്, പേജ് 218, അൽമക്തബത്തുത്തൗഫീഖിയ്യഃ, 2013)

ഉപഭൂഖണ്ഡത്തിലെ ഇസ്‌ലാമിന്റെ ആഗമനത്തെ കുറിച്ച് ഒരു റിപ്പോർട്ട് ഇപ്രകാരം വന്നിരിക്കുന്നു. ഹദ്റത്ത് ഉഥ്മാന്റെ കാലത്ത് ഹദ്റത്ത് ഉബയ്ദുല്ലാഹ് ബിൻ മഅ്മറിന് ഒരു സൈന്യ വ്യൂഹത്തെ നല്കി മക്റാനിലേക്കും സിന്ധിലേക്കും അയച്ചു. മക്റാൻ വിജയത്തിൽ അദ്ദേഹം അസാധാരണമായ ധൈര്യം കാഴ്ചവച്ചു. ശേഷം ജയിച്ചടക്കിയ ഈ പ്രദേശങ്ങളുടെ ഭരണാധികാരം അദ്ദേഹത്തിനുതന്നെ നല്കി. (ബർറെ സ്വഗീർ മെ ഇസ് ലാം കെ അവ്വലീൻ നഖൂശ്, മുഹമ്മദ് ഇസ്ഹാഖ് ഭട്ടി, പേജ് 63, നവംബർ 2009)

ഹദ്റത്ത് മുജാശിഅ് ബിൻ മസ്ഊദ് സുല്ലമീയെ സംബന്ധിച്ച് എഴുതിയിരിക്കുന്നു, ഹദ്റത്ത് മുജാശിഅ ഇന്നത്തെ അഫ്ഗാനിസ്താന്റെ തലസ്ഥാനമായ കാബൂളിൽ ഇസ്‌ലാമിന്റെ ഒരു സൈന്യവ്യൂഹത്തെ നയിച്ചു കൊണ്ട് ഇസ്‌ലാമിന്റെ ശത്രുക്കളുമായി ജിഹാദ് ചെയ്തു. ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ അക്കാലത്ത് കാബൂൾ ഇന്ത്യയിലാണ് ഉൾപ്പെട്ടിരുന്നത്. ഹദ്റത്ത് മുജാശിഅ, ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്ത് ഘട്ടത്തിൽ പാകിസ്താനിലെ ബലൂചിസ്ഥാൻ സംസ്ഥാനത്ത് ഇസ്‌ലാമിന്റെ ശത്രുക്കളുമായി യുദ്ധം ചെയ്തു. അതോടുചേർന്നുകിടന്ന പ്രദേശമായ സജിസ്താനുമേൽ കൊടി പറത്തി. അനന്തരം മുസ്‌ലിമീങ്ങൾ ഉപഭൂഖണ്ഡത്തിന്റെ ആ പ്രദേശങ്ങളിൽ സ്ഥിരതാമസമാക്കുകയും അവയെ സ്വദേശമായി പ്രഖ്യാപിക്കുകയും ചെയ്തു. (ബർറെ സ്വഗീർ മെ ഇസ്‌ലാം കെ അവ്വലീൻ നഖൂശ്, മുഹമ്മദ് ഇസ്ഹാഖ് ഭട്ടി, പേജ് 65, നവംബർ 2009)

ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ കുഴപ്പങ്ങളുണ്ടാകുമെന്ന് നബി(സ)തിരുമേനിയുടെ പ്രവചനങ്ങളുമുണ്ട്. ഹദ്റത്ത് ആഇശ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'ഉഥ്മാനേ! അല്ലാഹു താങ്കളെ ഒരു കുപ്പായം ധരിപ്പിച്ചേക്കാം. ജനങ്ങൾ താങ്കളോട് അത് ഊരാനായി ആവശ്യപ്പെട്ടാൽ താങ്കൾ അവരുടെ വാക്കു കേട്ട് അത് ഊരരുത്. ഇത് തിർമുദിയിലെ നിവേദനമാണ്.(സുനനുത്തിർമുദി, അബ്‌വാബുൽ മനഖിബ്, ഹദീഥ് നമ്പർ 3705)

സുനൻ ഇബ്നുമാജയിൽ ഈ നിവേദനം ഇപ്രകാരമാണ്. ഹദ്റത്ത് ആഇശ(റ)വിവരിക്കുന്നു, നബി(സ)തിരുമേനി പറഞ്ഞു: 'ഉഥ്മാനേ! അല്ലാഹു ഒരു നാൾ താങ്കളെ ഇക്കാര്യം ചുമതലപ്പെടുത്തുകയും കപട വിശ്വാസികൾ താങ്കളെ അല്ലാഹു അണിയിച്ച കുപ്പായം ഊരാനായി ആഗ്രഹിക്കുകയും ചെയ്താൽ താങ്കൾ അതൊരിക്കലും ഊരരുത്.' നബി(സ)തിരുമേനി ഇത് മൂന്നുതവണ പറഞ്ഞു. നിവേദകൻ നുഅ്മാൻ പറയുന്നു: ഞാൻ ഹദ്റത്ത് ആഇശയോടു ചോദിച്ചു: ജനങ്ങളെ ഇക്കാര്യം അറിയിക്കുന്നതിൽ നിന്നു താങ്കളെ തടഞ്ഞ കാര്യമെന്താണ്? ഹദ്റത്ത് ആഇശ(റ) പറഞ്ഞു: അക്കാര്യം എനിക്ക് മറപ്പിക്കപ്പെട്ടു.'(സുനൻ ഇബ്നുമാജ, ഇഫ്തിതാഹുൽകിതാബ്, ഫള്ൽ ഉഥ്മാൻ(റ)ഹദീഥ് നമ്പർ 112)

ഹദ്റത്ത് കഅ്ബ് ബിൻ ഉജ്റഹ് വിവരിക്കുന്നു: നബി(സ)തിരുമേനി ഒരു ഫിത്നയെ കുറിച്ച് പരാമർശിച്ചുകൊണ്ട് അത് അടുത്തുതന്നെ ഉണ്ടാകുമെന്ന് പറഞ്ഞു. അപ്പോൾ അതുവഴി ഒരാൾ കടന്നു പോയി. വിവരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാൾ അതുവഴിപോയി. അയാൾ തലമൂടിയിരുന്നു. ചാദുർ പുതച്ചിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'ആ കുഴപ്പമുണ്ടാകുമ്പോൾ ആ ദിവസം ഈ വ്യക്തി സന്മാർഗത്തിലായിരിക്കും.' നിവേദകൻ പറയുന്നു: 'ഞാൻ ചാടി അയാളെ പിടിച്ചു. അയാൾ ഹദ്റത്ത് ഉഥ്മാൻ (റ)ആയിരുന്നു. അദ്ദേഹത്തെ ഇരുകരങ്ങളും കൊണ്ട് പിടിച്ചു. എന്നിട്ട് ഞാൻ നബി(സ)തിരുമേനിയുടെ നേരെ മുഖം തിരിച്ചു കൊണ്ട് ചോദിച്ചു: 'ഇദ്ദേഹമോ?' നബി(സ)തിരുമേനി പറഞ്ഞു: 'അതെ. ഇദ്ദേഹം തന്നെ.'(സുനൻ ഇബ്നുമാജ, ഇഫ്തിതാഹുൽ കിതാബ്, ഫള്ൽ ഉഥ്മാൻ(റ)ഹദീഥ് നമ്പർ 111)

ഹദ്റത്ത് ആഇശ(റ)വിവരിക്കുന്നു: നബി(സ) തിരുമേനി തന്റെ അവസാന രോഗാവസ്ഥയിൽ പറഞ്ഞു: 'ചില സ്വഹാബാക്കൾ എന്റെയടുക്കൽ ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ ചോദിച്ചു: 'അല്ലയോ അല്ലാഹുവിന്റെ ദൂതരേ! ഞങ്ങൾ താങ്കളുടെ അടുത്തേക്ക് അബൂബക്റിനെ വിളിക്കട്ടെ?' നബി(സ)തിരുമേനി മൗനം പാലിച്ചു. തുടർന്ന് ഞങ്ങൾ ചോദിച്ചു: 'അങ്ങയുടെ അടുത്തേക്ക് ഞങ്ങൾ ഉമറിനെ വിളിക്കട്ടെ?' നബി(സ) തിരുമേനി മൗനം തുടർന്നു. പിന്നെ ഞങ്ങൾ ചോദിച്ചു: അങ്ങയുടെ അടുത്തേക്ക് ഞങ്ങൾ ഉഥ്മാനെ വിളിക്കട്ടെ?' നബി(സ)തിരുമേനി സമ്മതമേകി. അദ്ദേഹം വന്നു. നബി(സ)തിരുമേനി അദ്ദേഹത്തെ തനിച്ച് കണ്ടു. അദ്ദേഹത്തോട് സംഭാഷണത്തിലേർപ്പെട്ടു. ഉഥ്മാന്റെ മുഖം വിവർണമാകാൻ തുടങ്ങി. ഖയ്സ് പറയുന്നു: 'ഹദ്റത്ത് ഉഥ്മാൻ സ്വതന്ത്രനാക്കിയ അടിമ അബൂ സഹ്‌ല എന്നോട് ഇപ്രകാരം പറയുകയുണ്ടായി: ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ യൗമുദ്ദാറിന്റെ അവസരത്തിൽ വിവരിച്ചു: 'നബി(സ)തിരുമേനി എനിക്ക് കർശനമായി ഒരു നിർദ്ദേശം നൽകിയിട്ടുണ്ട്. ഞാൻ അതിലേക്ക് പോകുകയാണ്.' നിവേദകൻ പറയുന്നു: 'ഹദ്റത്ത് ഉസ്ഥ്മാൻ(റ) പറഞ്ഞു: **അനാ സ്വാബിറുൻ അലയ്ഹി**. ഞാൻ അതിൽ ദൃഢഗാഢമായി നിലകൊള്ളുകയാണ്.'

'യൗമുദ്ദാർ' എന്നത് ഹദ്റത്ത് ഉഥ്മാൻ(റ)നെ മുനാഫിഖീങ്ങൾ അദ്ദേഹത്തിന്റെ വീട്ടിൽ ഉപരോധിക്കുകയും നിർദാക്ഷിണ്യം ശഹീദാക്കുകയും ചെയ്ത ദിവസമാണ്.(സുനൻ ഇബ്നുമാജ, ഇഫ്തിതാഹുൽകിതാബ്, ഫള്ൽ ഉഥ്മാൻ(റ) ഹദീഥ് നമ്പർ 113 അടിക്കുറിപ്പോടുകൂടി)

ഹദ്റത്ത് ഉഥ്മാന്റെ കാലത്തുണ്ടായ ഭിന്നിപ്പിന്റെ തുടക്കവും അതിന്റെ കാര്യകാരണങ്ങളെ കുറിച്ചും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു:

'ഹദ്റത്ത് ഉഥ്മാനും ഹദ്റത്ത് അലിയും ഇസ്‌ലാമിന്റെ പ്രാരംഭകാല ത്യാഗിവര്യന്മാരിൽ പ്പെട്ടവരാണ്. അവരുടെ സുഹൃത്തുക്കളും ഇസ്‌ലാമിന്റെ ശ്രേഷ്ഠ ജനങ്ങളാണ്. അവരുടെ വിശ്വസ്തതയെയും ഭക്തിയെയും കുറിച്ച് ആക്ഷേപമുണ്ടാകുന്നത് യഥാർഥത്തിൽ ഇസ്‌ലാമിനെക്കുറിച്ചുള്ള നിന്ദയാണ്. ഈ യാഥാർഥ്യത്തെ സംബന്ധിച്ച് സത്യഹൃദയത്തോടെ വിചിന്തനം ചെയ്യുന്നപക്ഷം അവർ എല്ലാ തരത്തിലുള്ള പക്ഷപാതങ്ങൾക്കു മതീതരും ശുദ്ധരുമാണെന്ന നിഗമനത്തിലെത്താൻ മുസ്‌ലിമീങ്ങൾക്കാകും. ഇക്കാര്യം വെളിവില്ലാത്തതല്ല. ചരിത്ര താളുകളിൽ കണ്ണുതുറന്നു നോക്കുന്നവർ ഇക്കാര്യത്തിന് സാക്ഷികളാണ്. എന്റെ ഗവേഷണ പ്രകാരം ഈ മഹാന്മാരെയും അവരുടെ സുഹൃത്തുക്കളെയും കുറിച്ചുള്ള ആക്ഷേപങ്ങൾ ഇസ്‌ലാമിന്റെ ശത്രുക്കളുടെ പണിയാണ്. സ്വഹാബാക്കൾക്കുശേഷം വന്ന മുസ്‌ലിമീങ്ങളെന്ന് വിളിക്കപ്പെട്ടവരും തങ്ങളുടെ ശരീരേച്ഛക്ക് അടിപ്പെട്ടുകൊണ്ട് ആ മഹാത്മാക്കളിൽ ഒരാളുടെ അല്ലെങ്കിൽ മറ്റൊരാളുടെ മേൽ കുറ്റാരോപണം നടത്തുകയുണ്ടായി. എന്നാൽ, അങ്ങനെയൊക്കെയായിട്ടും എല്ലായ്പ്പോഴും സത്യത്തിന് മേൽക്കോയ്മ തന്നെ ഉണ്ടായി. യാഥാർഥ്യം ഒരിക്കലും പർദയ്ക്കു താഴെ മറഞ്ഞിരുന്നില്ല.(ഇസ്‌ലാം മെ ഇഖ്തിലാഫാത് കാ ആഗാസ്, അൻവാറുൽഉലൂം വാള്യം 4, പേജ് 249)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് ഉഥ്മാനെതിരെ ഉണ്ടായ വിദ്വേഷത്തെ കുറിച്ച് വിവരിച്ചു കൊണ്ട് പറയുന്നു: 'കലഹം എവിടെ നി ന്നുണ്ടായി എന്നതാണ് ചോദ്യം. ചിലർ അതിന് ഹദ്റത്ത് ഉഥ്മാനെ കാരണക്കാരനാക്കിയെങ്കിൽ മറ്റു ചിലർ ഹദ്റത്ത് അലിയെ കാരണക്കാരനാ ക്കി. ചിലർ പറയുന്നു: ഹദ്റത്ത് ഉഥ്മാൻ ചില ബിദ്അത്തുകൾ (അനാചാരങ്ങൾ) തുടങ്ങുകയും അക്കാരണത്താൽ ജനങ്ങൾ പ്രക്ഷുബ്ധരാകുകയും ചെയ്തെന്ന്. ചിലർ ആരോപിക്കുന്നത് ഹദ്റത്ത് അലി ഖിലാഫത്ത് ലഭിക്കാനായി ഗൂഢ യത്നങ്ങൾ തുടങ്ങുകയും സ്വയം ഖലീഫയാകുന്നതിന് ഹദ്റത്ത് ഉഥ്മാനെതിരെ എതിർപ്പു സൃഷ്ടിച്ച് അദ്ദേഹത്തെ വകവരുത്തുകയും ചെയ്തെന്ന്! ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഈ രണ്ടു കാര്യങ്ങളും തെറ്റാണ്. ഹദ്റത്ത് ഉഥ്മാൻ ഒരു ബിദ്അത്തും തുടങ്ങിയില്ല. ഹദ്റത്ത് അലി സ്വയം ഖലീഫയാകാൻ അദ്ദേഹത്തെ വധിച്ചിട്ടുമില്ല. അലിക്ക് ആ വധത്തിൽ ഒരു പങ്കുമില്ല. മറിച്ച് ആ കലഹത്തിന്റെ കാരണങ്ങൾതന്നെ വേറെയാണ്. ഹദ്റത്ത് ഉഥ്മാന്റെയും ഹദ്റത്ത് അലിയുടെയും മടിത്തട്ടുകൾ ഇത്തരം ആക്ഷേപങ്ങളിൽ നിന്നു തികച്ചും പരിപാവനമാണ്. അവർ അത്യന്തം വിശുദ്ധരായിരുന്നു. ഹദ്റത്ത് ഉഥ്മാനാണെങ്കിൽ അദ്ദേഹത്തെക്കുറിച്ച് നബി(സ)തിരുമേനി പറഞ്ഞത്, 'ഇദ്ദേഹം ഇസ്‌ലാമിന് എത്രമാത്രം സേവനങ്ങൾ ചെയ്തു കഴിഞ്ഞുവെന്നാൽ ഇനി ഇദ്ദേഹത്തിന് ഇഷ്ടംപോലെയൊക്കെ ചെയ്യാം. ഇനി അതെക്കുറിച്ച് അല്ലാഹു ചോദ്യം ചെയ്യില്ല എന്നാണ്.' ഇത് തിർമുദിയിലെ നിവേദനമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അതുകൊണ്ട് അർഥമാക്കുന്നത് ഇനി അദ്ദേഹം ഇസ്‌ലാമിൽ നിന്നു സ്വയം വിട്ടകന്നാലും ഒരിക്കലും ശിക്ഷിക്കപ്പെടില്ല എന്നല്ല. അതിന്റെ അർഥം

അദ്ദേഹത്തിൽ എത്രമാത്രം സവിശേഷഗുണങ്ങൾ ഉണ്ടായിരുന്നുവെന്നാൽ, എത്രകണ്ട് അദ്ദേഹം നന്മയിൽ മുന്നേറിയെന്നാൽ ഇനി ഒരിക്കലും അല്ലാഹുവിന്റെ കല്പനകൾക്ക് എതിരായി അദ്ദേഹം ഒന്നും പ്രവർത്തിക്കുന്നതേയല്ല എന്നാണ്. ഹദ്റത്ത് ഉഥ്മാൻ ശരീഅത്തിന് വിരുദ്ധമായ കാര്യങ്ങൾ തുടങ്ങുന്ന വ്യക്തിയല്ല. ഹദ്റത്ത് അലിയും ഖിലാഫത്തിനെതിരെ ഗൂഢ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന വ്യക്തിയല്ല.'(ഇസ്‌ലാം മെ ഇഖ്തിലാഫാത് കാ ആഗാസ്, അൻവാറുൽഉലൂം വാള്യം 4, പേജ് 253–254)

തുടർന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: 'ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്തിന്റെ തുടക്കത്തിൽ 6 വർഷത്തോളം ഒരു കലഹവും നമുക്കു കാണാൻ കഴിയില്ല. മാത്രവുമല്ല ജനങ്ങൾ പൊതുവെ അദ്ദേഹത്തിൽ സന്തുഷ്ടരുമായിരുന്നു. ചരിത്രത്തിൽനിന്നു മനസ്സിലാകുന്നത്, ആ കാലയളവിൽ അദ്ദേഹം ജനങ്ങൾക്ക് ഹദ്റത്ത് ഉമറിനെക്കാൾ കൂടുതൽ പ്രിയങ്കരനായിരുന്നു എന്നാണ്. പ്രിയങ്കരൻ മാത്രമായിരുന്നില്ല. മറിച്ച് അദ്ദേഹത്തോട് അവർക്ക് ആദരയുക്തമായ ഭയവുമുണ്ടായിരുന്നു. അന്നത്തെ കവികൾ അതെക്കുറിച്ച് തങ്ങളുടെ കവിതകളിൽ സാക്ഷ്യവും വഹിക്കുന്നുണ്ട്. പറയുന്നു: 'അല്ലയോ അധർമകാരികളേ! ഉഥ്മാന്റെ ഭരണത്തിൽ ജനങ്ങളുടെ മുതൽ കൊള്ളയടിക്കരുത്. കാരണം ഇബ്നു അഫ്ഫാനെക്കുറിച്ച് നിങ്ങൾക്ക് അനുഭവമുണ്ടല്ലോ. അദ്ദേഹം കൊള്ളക്കാരെ ഖുർആനിക കല്പന അനുസരിച്ച് വധിക്കുന്നു. അദ്ദേഹം സദാ പരിശുദ്ധ ഖുർആനിന്റെ കല്പനകളെ സംരക്ഷിക്കുന്നവനും ജനങ്ങളുടെ ശരീരാവയവങ്ങളിൽ അവ നടപ്പിലാക്കുന്നവനുമാണ്.' എന്നാൽ, ഏഴാം വർഷത്തിൽ നമുക്കു ചില എതിർപ്പുകൾ കാണാനാകും. പക്ഷേ, അതൊന്നുംതന്നെ ഹദ്റത്ത് ഉഥ്മാനെതിരായിരുന്നില്ല. ചില സ്വഹാബാക്കൾക്കോ, ഗവർണർമാർക്കോ എതിരായിരുന്നു. ത്വബ്‌രി എഴുതുന്നു: 'ജനങ്ങളുടെ അവകാശങ്ങൾ ഹദ്റത്ത് ഉഥ്മാൻ(റ) പൂർണ്ണമായും സംരക്ഷിച്ചിരുന്നു. എന്നാൽ, ഇസ്‌ലാമിന്റെ തുടക്കക്കാരല്ലാത്തവർക്ക് ആദ്യകാല മുസ്‌ലിമീങ്ങൾക്ക് ലഭിക്കുന്നത്ര സദസ്സുകളിൽ ആദരവോ, ഭരണത്തിൽ തുല്യപങ്കാളിത്തമോ, ധനത്തിൽ തുല്യപങ്കോ ലഭിച്ചിരുന്നില്ല. കുറച്ചു കാലങ്ങൾക്കു ശേഷം ജനങ്ങൾ ഇതേക്കുറിച്ച് കണക്കു പറയാനും ഇതിനെ ക്രമക്കേടാണെന്ന് പ്രഖ്യാപിക്കാനും തുടങ്ങി. എന്നാൽ, ഇക്കൂട്ടർ പൊതു മുസ്‌ലിമീങ്ങളെ ഭയന്നിരുന്നു. ജനങ്ങൾ അവരെ എതിർക്കുമെന്ന് ഭയന്ന് തങ്ങളുടെ ചിന്തകൾ തുറന്നു പ്രകടിപ്പിക്കുമായിരുന്നില്ല. അവർ സ്വീകരിച്ചിരുന്ന നയമെന്നത്, രഹസ്യമായ നിലയിൽ ജനങ്ങളെ സ്വഹാബാക്കൾക്കെതിരെ ഇളക്കിവിടുക എന്നതായിരുന്നു. ഏതെങ്കിലും അജ്ഞനായ മുസ്‌ലിമിനെ അതുപോലെ ബദ്ദുക്കളായ സ്വതന്ത്രരായ അടിമകളെ കണ്ടാൽ അവരുടെ മുമ്പാകെ പരാതികളുടെ ഭാണ്ഡക്കെട്ട് അഴിക്കുമായിരുന്നു. ചിലരാണെങ്കിൽ അറിവില്ലായ്മയോ അല്ലെങ്കിൽ സ്ഥാനമാനമോഹമോ കാരണത്താൽ അവരോട് ചേരുമായിരുന്നു. കാലക്രമത്തിൽ ഇക്കൂട്ടരുടെ എണ്ണം പെരുകി വന്നു. ഒരു വമ്പിച്ച അംഗബലം അവർക്കുണ്ടായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഒരു കലഹമുണ്ടാകാൻ പോകുന്ന നേരത്ത് അതിനുള്ള കാര്യകാരണങ്ങളും അസാധാരണമാംവിധം ഒരുമിച്ചുകൂടാൻ തുടങ്ങുന്നതാണ്. ഒരു വശത്ത് ചില അസൂയപ്രകൃതർക്ക് സ്വഹാബാക്കളോട് രോഷമുണ്ടാകാനും മറുവശത്ത് നവ മുസ്‌ലിമീങ്ങളിൽ എല്ലാ മതപരിവർത്തകരിലും തുടക്കത്തിൽ കണ്ടു വന്നിരുന്ന ആവേശം കുറയാനും തുടങ്ങി. അവർക്ക് നബി(സ)തിരുമേനിയുടെ സഹവാസമോ നബിയുടെ സഹവാസം ലഭിച്ചവരുമായി കൂടുതലായി സമ്പർക്കത്തിനുള്ള അവസരമോ ലഭിച്ചിരുന്നില്ല. മാത്രവുമല്ല ഇസ്‌ലാം സ്വീകരിച്ചതോടെ തങ്ങൾ എല്ലാം പഠിച്ചെന്ന് അവർ കരുതുകയും ചെയ്തിരുന്നു. ഇസ്‌ലാമിനോടുള്ള ആവേശം ആ യുവാക്കളുടെ ഹൃദയങ്ങളിൽ കുറഞ്ഞു തുടങ്ങിയപ്പോൾ അനന്തരം അവരിലുണ്ടായ നല്ല മാറ്റങ്ങളിലും കുറവ് വരാനും ഇസ്‌ലാം പുൽകുന്നതിനു മുമ്പേയുണ്ടായിരുന്ന പാപങ്ങളിൽ അവർ വീണ്ടും സന്തോഷം കണ്ടെത്താനും തുടങ്ങി. അവർക്ക് അപരാധങ്ങൾക്കുള്ള ശിക്ഷ ലഭിച്ചപ്പോൾ അവർ നന്നാകുന്നതിന് പകരം ശിക്ഷ നല്കിയവരെ നശിപ്പിക്കാനായി ഒരുമ്പിട്ടിറങ്ങി. അവസാനം അത് ഇസ്‌ലാമിന്റെ അഖണ്ഡതയ്ക്ക് വിള്ളലുണ്ടാക്കാൻ കാരണമായി. അവരുടെ കേന്ദ്രം 'കൂഫ' ആയിരുന്നെങ്കിലും മറ്റൊരു കാര്യം അത്ഭുതകരമായിരുന്നു. മദീന മുനവ്വറയിലും ഒരു സംഭവം അരങ്ങേറി. അതിൽനിന്നു മനസ്സിലാകുന്നത് ഇന്ന് ചില ഇരുൾ പ്രദേശങ്ങളിൽ അധിവസിക്കുന്ന അജ്ഞരെപ്പോലെ ഇസ്‌ലാമിനെ കുറിച്ച് അജ്ഞരായവർ അന്നുമുണ്ടായിരുന്നെന്നാണ്.

ഇദ്ദ കാലാവധിയിലുള്ള സ്ത്രീയെ നിക്കാഹ് ചെയ്ത ഒരു വ്യക്തിയായിരുന്നു ഹുറാൻ ഇബ്നു അബാൻ. അക്കാര്യം പറഞ്ഞപ്പോൾ അയാളോട് ഹദ്റത്ത് ഉഥ്മാൻ നീരസപ്പെടുകയും ആ സ്ത്രീയെ അയാളിൽനിന്നു വേർപെടുത്തുകയും അയാളെ മദീനയിൽനിന്നു ബസ്വ്‌യിലേക്ക് നാടുകടത്തുകയും ചെയ്തു. അന്നും ഇസ്‌ലാം സ്വീകരിച്ച് തങ്ങളെ ഇസ്‌ലാമിക പണ്ഡിതരായി കണക്കാക്കുകയും കാര്യങ്ങൾ അന്വേഷിച്ചറിയുന്നത് അനിവാര്യമല്ലെന്നും നിനക്കുകയും ഹലാലും ഹറാമും തമ്മിൽ അന്തരം വയ്ക്കാതെ ശരീഅത്ത് പ്രകാരം പ്രവർത്തിക്കുന്നത് വ്യർഥമാണെന്നു കരുതുകയും ചെയ്യുന്നവരുണ്ടായിരുന്നെന്നാണ് മനസ്സിലാകുന്നത്.'(ഇസ്‌ലാം മെ ഇഖ്തിലാഫാത് കാ ആഗാസ്, അൻവാറുൽഉലൂം വാള്യം 4, പേജ് 262–263)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഈ അനർഥങ്ങളെല്ലാം ഗൂഢപദ്ധതികളുടെ പരിണിതഫലമായിരുന്നു എന്നതാണ് വസ്തുത. അതിന്റെ യഥാർഥ വക്താക്കൾ ജൂതന്മാരായിരുന്നു. ദീനിൽനിന്നു പുറത്തായ ചില ലൗകികാസക്തരായ മുസ്‌ലിമീങ്ങളും അവരോടൊപ്പമുണ്ടായിരുന്നു. അല്ലാതെ ഭരണകർത്താക്കളുടെ ഒരുവിധ പിഴവുമുണ്ടായിരുന്നില്ല. ഈ കുഴപ്പത്തിന് അവർ കാരണവുമായിരുന്നില്ല. പല പ്രദേശങ്ങളിലുമായി ഹദ്റത്ത് ഉഥ്മാൻ(റ) നിശ്ചയിച്ച അമീർമാരുടെ ഒരു തെറ്റുമുണ്ടായിരുന്നില്ല. അവർ കലഹത്തിന് കാരണക്കാരുമായിരുന്നില്ല. ഹദ്റത്ത് ഉഥ്മാൻ(റ) അവരെ ആ പണിക്ക് നിയമിച്ചിരുന്നു എന്നതുമാത്രമാണ് അവരുടെ കുറ്റം. ഹദ്റത്ത് ഉഥ്മാന്റെ കുറ്റമിതായിരുന്നു, വാർധക്യവും ശാരീരികദുർബലതയുമുണ്ടായിട്ടും ഇസ്‌ലാമിന്റെ അഖണ്ഡതയുടെ പാശം അദ്ദേഹം മുറുകെ പിടിച്ചു. ഇസ്‌ലാമിക സമുദായത്തിന്റെ ഭാരം സ്വന്തം കഴുത്തിലേറ്റി. ഇസ്‌ലാമിക ശരീഅത്തിന്റെ സ്ഥാപനത്തെക്കുറിച്ച് ചിന്താകുലനായി. രാജ്യദ്രോഹികളെയും അക്രമകാരികളെയും അവരുടെ ഇഷ്ടം പോലെ ദുർബലർക്കും ആരോരുമില്ലാത്തവർക്കുംമേൽ അക്രമം അഴിച്ചുവിടാൻ അനുവദിച്ചില്ല. ഇക്കാര്യത്തെ തെളിയിക്കുന്ന ഒരു സംഭവമുണ്ട്. ഈ കുഴപ്പക്കാർ കൂഫയിൽ ഒരു സമ്മേളനം നടത്തി. അതിൽ മുസ്‌ലിമീങ്ങൾക്കിടയിൽ കലാപം സൃഷ്ടിക്കുന്ന കാര്യത്തിൽ ചർച്ച നടന്നപ്പോൾ എല്ലാവരും ഏകകണ്ഠമായി പറഞ്ഞത്, *ലാ വല്ലാഹി, ലയർഫഉ റഅ്സുൻ മാ ദാമ ഉഥ്മാനു അലന്നാസ്*, അതായത് ഉഥ്മാൻ ഭരിക്കുന്നിടത്തോളം അത്തരക്കാർക്ക് ഒരിക്കലും തലപൊക്കാനാകില്ല. അവരെ വിദ്രോഹത്തിൽ നിന്നു മാറ്റി നിറുത്തുന്ന ഏക വ്യക്തി ഉഥ്മാൻ മാത്രമായിരുന്നു. അദ്ദേഹത്തെ വഴിയിൽനിന്നു മാറ്റേണ്ടത് അവരെ സംബന്ധിച്ചിടത്തോളം തങ്ങളുടെ ലക്ഷ്യങ്ങൾ സ്വച്ഛമായി പൂർത്തിയാക്കാൻ അനിവാര്യമായിരുന്നു.'(ഇസ്‌ലാം മെ ഇഖ്തിലാഫാത് കാ ആഗാസ്, അൻവാറുൽ ഉലൂം വാള്യം 4, പേജ് 282–283)

ഈ കലഹത്തെ കുറിച്ച് പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: 'അദ്ദേഹം ആ കലാപകാരികളെയും വിളിച്ചു. നബി(സ)തിരുമേനിയുടെ സ്വഹാബാക്കളെയും വിളിച്ചുകൂട്ടി. എല്ലാവരും സമ്മേളിച്ചപ്പോൾ അദ്ദേഹം അവരുടെ അവസ്ഥകൾ വ്യക്തമായി വിശദീകരിച്ചു. അപ്പോൾ കലാപകാരികൾ എന്തൊക്കെ കലാപങ്ങൾക്കാണ് കോപ്പുകൂട്ടുന്നതെന്ന് ഹദ്റത്ത് ഉഥ്മാന് വിവരം നല്കിയ രണ്ടു വ്യക്തികളും എഴുന്നേറ്റു നിന്നുകൊണ്ട് അക്കാര്യത്തിന് സാക്ഷ്യം പറഞ്ഞു. അപ്പോൾ സ്വഹാബാക്കൾ പറഞ്ഞു: 'ഇക്കൂട്ടരെ കൊന്നുകളയണം. പരിഷ്കരണത്തിന്റെ പേരും പറഞ്ഞു ക്രമക്കേട് സൃഷ്ടിക്കുന്നവരാണിവർ. കാരണം നബി(സ)തിരുമേനി പറഞ്ഞത്, ഒരു ഇമാം നിലവിലിരിക്കെ തങ്ങളെയോ മറ്റാരെയെങ്കിലുമോ അനുസരിക്കാൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്നവർക്കുമേൽ ദൈവശാപമുണ്ട്. അവരെ നിങ്ങൾ എന്തായാലും വധിക്കണമെന്നാണ്.' ഇത് മുസ്‌ലിമിലാണ് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നത്. അതോടൊപ്പം അവർ ഹദ്റത്ത് ഉമർ പറഞ്ഞതും അദ്ദേഹത്തെ ഓർമപ്പെടുത്തി. ഉമർ പറഞ്ഞു: ഞാൻ ഭാഗഭാക്കാകാത്ത ഒരു വധത്തിലും പങ്കെടുക്കാൻ നിങ്ങൾക്ക് അനുവാദമില്ല. അതായത് ഭരണപക്ഷത്തുനിന്നു അനുവാദം ലഭിക്കാതെ ആരെയും വധിക്കുന്നത് അനുവദനീയമല്ല. ഹദ്റത്ത് ഉഥ്മാൻ സ്വഹാബാക്കളുടെ ഈ ഫത്‌വ കേട്ടപ്പോൾ പറഞ്ഞു: 'നാം അവർക്കു പൊറുത്തുകൊടുക്കുന്നതാണ്. അവരുടെ ന്യായീകരണങ്ങൾ സ്വീകരിക്കുന്നതാണ്. നമ്മുടെ സർവ്വ കഴിവുകളും ഉപയോഗിച്ച് അവരെ പറഞ്ഞു മനസ്സിലാക്കുന്നതാണ്. ആരോടും വിരോധം കാണിക്കുന്നതല്ല. ഏതുവരെയെന്നാൽ, ഏതെങ്കിലും ശരീഅത്തിന്റെ വിലക്കുകളെ ലംഘിക്കുകയോ, കുഫ്റ് വെളിപ്പെടുത്തുകയോ ചെയ്യുന്നില്ലയോ അതുവരെ. ഇവർ ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതെന്താണെന്ന് നിങ്ങൾക്കുമറിയാം. അവർ ധരിച്ചിരിക്കുന്നത് അത് സംബന്ധിച്ച് അവർ എന്നോട് തർക്കിക്കുകയും ശേഷം മടങ്ങിപ്പോയാൽ ഇന്ന കാര്യങ്ങളെക്കുറിച്ച് ഉഥ്മാനോട് തങ്ങൾ തർക്കിക്കുകയും അയാളെ പരാജയപ്പെടുത്തുകയും ചെയ്തെന്ന് അവർക്ക് പറയാൻ സാധിക്കുകയും ചെയ്യുമെന്നാണ് ഇവർ (ഉഥ്മാനെ കുറിച്ച്)പറയുന്നത്. ഇയാൾ മക്കയിൽവച്ച് യാത്രയിൽ നമസ്കാരം പൂർണ്ണരൂപത്തിൽ അനുഷ്ഠിച്ചു. എന്നാൽ, നബി(സ)തിരുമേനി യാത്രയിൽ നമസ്കാരം ഖസ്ർ ആക്കിയിരുന്നു അഥവാ ചുരുക്കിയിരുന്നു എന്നാണ്. ഹദ്റത്ത് ഉഥ്മാൻ പറയുന്നു: ഞാൻ മിനായിൽവച്ച് മാത്രമാണ് നമസ്കാരം പൂർണമായും നിർവഹിച്ചത്. അതിനു രണ്ടു കാരണങ്ങളുമുണ്ട്. ഒന്നാമതായി എനിക്കവിടെ സ്വത്തുമുണ്ട്. ഞാൻ അവിടെ കല്യാണം കഴിച്ചതുമാണ്. രണ്ടാമതായി ആ സമയത്ത് നാലു ദിക്കുകളിൽനിന്നും അവിടെ ആളുകൾ ഹജ്ജിനായി വന്നിരുന്നു. അവരിൽ അറിവില്ലാത്തവർ പറയും ഖലീഫ രണ്ടു റക്അത്താണ് നമസ്കരിച്ചത്. അതുകൊണ്ട് നമസ്കാരത്തിന് രണ്ട് റക്അത്തുകളേ ഉള്ളൂ. സ്വഹാബാക്കളോട് അദ്ദേഹം ചോദിച്ചു: 'ഞാൻ പറഞ്ഞത് ശരിയല്ലേ?' സ്വഹാബാക്കൾ മറുപടി നൽകി: 'ശരിയാണ്.' പിന്നീട് ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു: രണ്ടാമത്തെ ആരോപണം ഞാൻ 'റഘ്' നിശ്ചയിക്കുന്നതിൽ ബിദ്അത്ത് തുടങ്ങി എന്നാണ്. വാസ്തവത്തിൽ ഈ ആരോപണം തെറ്റാണ്. 'റഘ്' എനിക്കു മുമ്പേ നിശ്ചയിക്കപ്പെട്ടിരുന്നതാണ്. ഹദ്റത്ത് ഉമറാണ് അത് തുടങ്ങിയത്. സ്വദഖയുടെ ഒട്ടകങ്ങൾ ഏറെയായപ്പോൾ

ഞാനത് വിപുലീകരിച്ചു എന്നുമാത്രം. മാത്രവുമല്ല ആ ഭൂമി സർക്കാർ സ്ഥലമാണ്. അതിൽനിന്ന് എനിക്ക് ഒരു നേട്ടവും കിട്ടാനില്ല. എനിക്ക് വെറും രണ്ട് ഒട്ടകങ്ങളാണുള്ളത്. എന്നാൽ, ഞാൻ ഖലീഫയായി തിരഞ്ഞെടുക്കപ്പെടുമ്പോൾ എല്ലാ അറബികളെക്കാളും കൂടുതൽ ഞാൻ ധനികനായിരുന്നു. ആ രണ്ട് ഒട്ടകങ്ങളും ഹജ്ജിനുവേണ്ടി വച്ചതാണ്. എന്താ ശരിയല്ലേ? സ്വഹാബാക്കൾ പറഞ്ഞു: ശരിയാണ്. എന്നിട്ട് ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു: ഞാൻ ചെറുപ്പക്കാരെയാണ് ഭരണസാരഥികളാക്കുന്നത് എന്ന് ഇവർ പറയുന്നു. ഞാൻ സൽപ്രകൃതരും സുശീലരുമായവരെയാണ് ഭരണമേല്പിക്കുന്നത്. എനിക്ക് മുമ്പേയുള്ള മഹാത്മാക്കൾ ഞാൻ നിശ്ചയിച്ച ഗവർണറുമാരെക്കാളും ചെറിയ പ്രായക്കാരെ ഭരണാധികാരികളാക്കിയിട്ടുണ്ട്. എനിക്കുമേൽ ഇപ്പോഴുണ്ടാകുന്നതിനേക്കാൾ കൂടുതലായി ആരോപണങ്ങൾ നബി(സ)തിരുമേനിക്കുമേൽ ഉസാമ ബിൻ സയ്ദിനെ സൈന്യാധിപനാക്കിയപ്പോൾ ഉണ്ടായിട്ടുണ്ട്. എന്താ ശരിയല്ലേ? സ്വഹാബാക്കൾ പറഞ്ഞു: ശരിയാണ്. ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു: ഇവർ ജനങ്ങൾക്കുമുമ്പിൽ കുറവുകൾ ചൂണ്ടിക്കാണിക്കുന്നു. യഥാർഥ സംഭവങ്ങൾ വിവരിക്കുന്നില്ല. അങ്ങനെ ഹദ്റത്ത് ഉഥ്മാൻ ഒന്നൊന്നായി ആക്ഷേപങ്ങളും അവയ്ക്കുള്ള മറുപടികളും അവതരിപ്പിച്ചു. ഈ കുഴപ്പക്കാരെ വധിക്കണമെന്ന് സ്വഹാബാക്കൾ ഊന്നിയൂന്നി പറഞ്ഞു. എന്നാൽ, ഹദ്റത്ത് ഉഥ്മാൻ അവർ പറഞ്ഞത് അംഗീകരിക്കാതെ അക്കൂട്ടരെ വിട്ടയച്ചു. ത്വബരി പറയുന്നു: *അബൽ മുസ്‌ലിമൂന ഇല്ലാ ഖത്‌ലഹും വ അബാ ഇല്ലാ തർക്കഹും* അതായത് മറ്റെല്ലാ മുസ്‌ലിമീങ്ങളും അവരെ വധിക്കുന്നതല്ലാത്ത ഒരു കാര്യത്തിലും തൃപ്തരായിരുന്നില്ല. എന്നാൽ, ഹദ്റത്ത് ഉഥ്മാൻ(റ) അവരെ വധിക്കുന്ന കാര്യത്തിൽ തൃപ്തിപ്പെട്ടതേയില്ല.

ഈ സംഭവത്തിൽനിന്നു കുഴപ്പക്കാർ എന്തൊക്കെ ചതി പ്രയോഗങ്ങളും വഞ്ചനകളും നടത്തിയിരുന്നെന്ന് മനസ്സിലാക്കാം. ഇന്നത്തെപ്പോലെ പ്രസ്സോ യാത്ര സൗകര്യങ്ങളോ ഇല്ലാതിരുന്നതുകൊണ്ട് അവർക്ക് അജ്ഞരെ വഴികേടിൽ ആക്കുന്നത് അത്ര എളുപ്പവുമായിരുന്നില്ല. സത്യത്തിൽ അവരുടെ പക്കൽ യുക്തിപരമായ ഒന്നും കലഹമുണ്ടാക്കാനുണ്ടായിരുന്നില്ല. സത്യവും അവരോടൊപ്പം ആയിരുന്നില്ല. അവരുടെ സകല പ്രവൃത്തികളുടെയും അടിസ്ഥാനം അസത്യവും മിഥ്യയുമായിരുന്നു. ഹദ്റത്ത് ഉഥ്മാന്റെ ദയാദാക്ഷിണ്യമായിരുന്നു അവരെ രക്ഷിച്ചുകൊണ്ടിരുന്നത്. അല്ലെങ്കിൽ മുസ്‌ലിമീങ്ങൾക്ക് അത് ദുസ്സഹമായിരുന്നു. ഇക്കൂട്ടരെ അവർ തുണ്ടംതുണ്ടമാക്കിയേനെ. പഴയ മുസ്‌ലിമീങ്ങളായ സ്വഹാബാക്കൾ തങ്ങളുടെ ജീവിതം ത്യാഗം ചെയ്തു നേടിയെടുത്ത ശാന്തി സമാധാനന്തരീക്ഷം ദ്രോഹബുദ്ധികളുടെ കുത്സിത പ്രവർത്തനങ്ങളാൽ താറുമാറാക്കുന്നത് നോക്കിനിൽക്കാൻ അവർക്കൊരിക്കലും കഴിയുമായിരുന്നില്ല. ഇത്തരക്കാർക്ക് പെട്ടെന്നുതന്നെ ശിക്ഷ നൽകിയില്ലെങ്കിൽ ഇസ്‌ലാമിക ഭരണം കീഴ്മേൽ മറിയുമെന്ന് അവർക്കറിയാമായിരുന്നു. എന്നാൽ, ഹദ്റത്ത് ഉഥ്മാൻ കാരുണ്യത്തിന്റെ മൂർത്തിമദ്ഭാവമായിരുന്നു. ഇക്കൂട്ടർക്ക് എങ്ങനെയെങ്കിലും ഹിദായത്ത് കിട്ടണം. ഇവർ കുഫ്റിൽ മരിക്കരുതെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. അദ്ദേഹം അവർക്ക് ഇളവു നല്കുകയും അവരുടെ സ്പഷ്ടമായ വിദ്രോഹ പ്രവർത്തനങ്ങളെ, വെറും വിദ്രോഹ ചിന്തകൾ മാത്രമായി കണക്കാക്കി ശിക്ഷയെ താമസിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഈ സംഭവത്തിൽനിന്നു മനസ്സിലാകുന്നത് സ്വഹാബാക്കൾ അവരിൽ നിന്നു വിമുഖരായിരുന്നെന്നാണ്. അവർ അവരോടൊപ്പം വെറും മൂന്നു മദീനാവാസികൾ ഉള്ളതായാണ് പറഞ്ഞത്. അതിൽ കൂടുതൽ പേര് പറഞ്ഞിരുന്നില്ല. വേറെയും സ്വഹാബാക്കൾ ഉണ്ടായിരുന്നെങ്കിൽ അവരുടെ പേരും എടുത്തു പറഞ്ഞേനെ. മറ്റു സ്വഹാബാക്കൾ തങ്ങളുടെ കർമങ്ങളാൽ അവരുടെ പ്രവർത്തനങ്ങളെ അപലപിക്കുകയും അതിനുള്ള ഏറ്റവും കുറഞ്ഞ ശിക്ഷ വധമാണെന്നും കാരണം അവരുടെ പ്രവൃത്തികൾ ശരീഅത്തിന് കടകവിരുദ്ധമാണെന്നും പറഞ്ഞു. ആ സ്വഹാബാക്കളോ, മദീനവാസികളോ അവരോടൊപ്പം ഉണ്ടായിരുന്നെങ്കിൽ അവരുടെ സമാന ചിന്താഗതിക്കാരായിരുന്നെങ്കിൽ അവർക്ക് മറ്റൊന്നും ന്യായീകരിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. അപ്പോൾതന്നെ ഹദ്റത്ത് ഉഥ്മാനെ വധിച്ചേനെ. മദീനക്കാർ ഒരുപാടു പേർ അവരെ പിന്തുണച്ചിരുന്നെങ്കിൽ മറ്റാരെയെങ്കിലും അദ്ദേഹത്തിനുപകരം ഖലീഫ ആക്കിയേനെ. എന്നാൽ, നമുക്ക് കാണാനാകുന്നത് ഹദ്റത്ത് ഉഥ്മാനെ വധിക്കുന്നതിൽ അവർക്ക് വിജയം ലഭിക്കുന്നതിനു പകരം അവരുടെ തന്നെ കഴുത്തുകൾ സ്വഹാബാക്കളുടെ ഊരിപ്പിടിച്ച വാളിനിരയാകുന്ന അപകടസന്ധിയിലാണ് അവരുണ്ടായത്. എന്നാൽ, ആ കാരുണ്യവാന്റെ ദയാദാക്ഷിണ്യത്താലാണ് അവർക്ക് രക്ഷപ്പെട്ടു മടങ്ങിപ്പോകാൻ സാധിച്ചത്. ആ വ്യക്തിയെ വധിക്കാനുള്ള ശ്രമം നടത്തിയവരും അദ്ദേഹത്തിനെതിരെ കലാപം സൃഷ്ടിക്കാൻ കോപ്പുകൂട്ടിയവരുമായിരുന്നിട്ടും അവർക്ക് ദയ ലഭിച്ചു. ആ കലാപകാരികളുടെ ശത്രുതയും ഭക്തിശൂന്യതയും കാണുമ്പോൾ അത്ഭുതം തോന്നുന്നു. ആ സംഭവത്തിൽനിന്നു അവർ ഒട്ടും പ്രയോജനമെടുത്തില്ല. അവരുടെ ഓരോരോ ആക്ഷേപങ്ങൾക്കും നല്ലവണ്ണം മറുപടി നല്കപ്പെട്ടതും അവരുടെ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് തെളിയിക്കപ്പെട്ടതുമായിരുന്നു. അവർ ഹദ്റത്ത് ഉഥ്മാന്റെ കരുണയും സഹതാപവും കണ്ടു. അവിടെയുണ്ടായിരുന്ന ഓരോ വ്യക്തിയുടെ ആത്മാവും അദ്ദേഹത്തിനു സമനായി ഇന്ന് ഭൂമുഖത്ത് മറ്റൊരാളും കാരുണ്യവാനായില്ലെന്നു സാക്ഷ്യം വഹിക്കുന്നുണ്ടായിരുന്നു. എന്നാൽ, തങ്ങളുടെ പാപങ്ങളിൽനിന്നു തൗബ ചെയ്യുകയും വഞ്ചനകളെക്കുറിച്ച് ലജ്ജിക്കുകയും അപരാധങ്ങളെ കുറിച്ച് നാണിക്കുകയും ഉപദ്രവങ്ങളിൽനിന്നു പശ്ചാത്തപിക്കുകയും ചെയ്യുന്നതിനുപകരം അക്കൂട്ടർ കോപതാപങ്ങളുടെ അഗ്നിയിൽ പൂർവാധികം എരിയുകയും തങ്ങൾക്ക് ഉത്തരം മുട്ടിയത് നിന്ദാവഹമായി കാണുകയും ചെയ്തു. ഹദ്റത്ത് ഉഥ്മാന്റെ പൊറുമയെ തങ്ങളുടെ നല്ല അടവായി മനസ്സിലാക്കിയും തങ്ങളുടെ ശേഷിച്ച ഉദ്ദേശ്യങ്ങൾ എങ്ങനെ ലക്ഷ്യം കാണുമെന്ന് ഗൂഢാലോചന നടത്തുകയും ചെയ്തുകൊണ്ട് അവർ മടങ്ങിപ്പോയി.'(ഇസ്‌ലാംമെ ഇഖ്തിലാഫാത് കാ ആഗാസ്, അൻവാറുൽ ഉലൂം വാള്യം 4, പേജ് 293-296)

ഈ പരമ്പര ഇനിയും തുടരുന്നതാണ്. ഇൻശാ അല്ലാഹ്.

ഇപ്പോൾ ഞാൻ ഈയിടെ വഫാത്തായ കുറച്ചുപേരെ അനുസ്മരിക്കുന്നതാണ്. അവരിൽ ഏറ്റവും ആദ്യം ഒരു ശഹീദാണ്. പിശാവറിലെ ബാസേദ് ഖേൽ വാസി അബ്ദുൽ ഖാദിർ ബശീർ അഹ്മദ് സാഹിബ്. ഫെബ്രുവരി 11 നാണ് ഇദ്ദേഹം ശഹീദായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.അദ്ദേഹത്തെ കുറിച്ച് വിവരങ്ങൾ ലഭിച്ച പ്രകാരം അദ്ദേഹം തന്റെ പിതൃസഹോദരൻ മർഹൂം ഡോ. മൻസൂർ അഹ്മദ് സാഹിബിന്റെ പിശാവറിലെ ബാസേദ് ഖേലിലുള്ള ക്ലിനിക്കിലായിരുന്നു ജോലിചെയ്തിരുന്നത്. ക്ലിനിക്കിലുള്ള മറ്റു അഹ്മദികളോടൊപ്പം ശഹീദ് മർഹൂം ക്ലിനിക്കിലെ മുറിയിൽ ളുഹർ നമസ്കാരത്തിനായി ഒത്തുകൂടിയതായിരുന്നു. രോഗികളുടെ ഭാഗത്തുള്ള മുറിയിൽ നിന്നു ബെല്ലടി കേട്ടപ്പോൾ അദ്ദേഹം വാതിൽ തുറന്നു. രോഗിയായി വന്ന ഒരു യുവാവ് അദ്ദേഹത്തിന് നേരെ വെടിയുതിർത്തു. മർഹൂമിന് സാരമായ പരിക്കേറ്റു. രണ്ടു വെടിയുണ്ടകൾ നെഞ്ചിൽ കൊണ്ടു. പെട്ടെന്നുതന്നെ ആശുപത്രിയിലേക്ക് കൊണ്ടുപോയെങ്കിലും ഗുരുതരമായ പരിക്കു കാരണം അബ്ദുൽ ഖാദിർ സാഹിബ് ശഹീദായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 65 വയസ്സായിരുന്നു. കൊലയാളിയെ നാട്ടുകാർ പിടികൂടി പോലീസിൽ ഏൽപ്പിച്ചു. മറ്റു അഹ്മദി കുടുംബാംഗങ്ങളോടൊപ്പം ശഹീദ് മർഹൂമിന്റെ കുടുംബം ശക്തമായ എതിർപ്പുകൾ നേരിട്ട് വരികയായിരുന്നു. 2009 ജനുവരി 19ന് മതതീവ്രവാദികൾ ഈ ക്ലിനിക് ആക്രമിക്കുകയും അബ്ദുൽ ഖാദിർ സാഹിബിന്റെ കാലിൽ വെടിയേല്ക്കുകയുമുണ്ടായിരുന്നു. അതേ തുടർന്ന് അദ്ദേഹം പിശാവറിലേക്ക് താമസം മാറുകയുണ്ടായി. ഇപ്പോഴുള്ള എതിർപ്പിന്റെ തിരമാല കാരണം ഏകദേശം രണ്ടു മാസം മുമ്പേ ജമാഅത്തിന്റെ നിർദേശപ്രകാരം റബ്വയിലേക്ക് ഹിജ്റ ചെയ്യാൻ നിർബന്ധിതനാകുകയുണ്ടായി. അദ്ദേഹത്തിന്റെ കുടുംബം റബ്വയിൽ താമസമാക്കിയെങ്കിലും ജോലിയാവശ്യാർഥം ഇദ്ദേഹം ക്ലിനിക്കിൽ വന്നു താമസമാക്കിയതായിരുന്നു.

ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്തിന്റെ തുടക്കം ഇദ്ദേഹത്തിന്റെ പിതാമഹനായ നിളാമുദ്ദീൻ അഹ്മദ് സാഹിബ് ഒന്നാം ഖിലാഫത്തിൽ ബയ്അത്ത് ചെയ്തതിലൂടെയാണ്. പിതാമഹന് രണ്ടു ജ്യേഷ്ഠ സഹോദരന്മാർ കൂടിയുണ്ടായിരുന്നു. പിശാവറിലെ സിവിൽ സർജനായിരുന്ന ഡോക്ടർ ഫത്ഹുദ്ദീൻ സാഹിബും എഞ്ചിനീയർ അബ്ദുൽ ലത്വീഫ് സാഹിബും. ഡോക്ടർ ഫത്ഹുദ്ദീൻ വിദ്യാർഥിയായിരിക്കുമ്പോൾ 1902-ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തെ കുറിച്ച് അറിഞ്ഞപ്പോൾ ഖാദിയാൻ സന്ദർശിച്ചിരുന്നു. ഹുദൂർ(അ) അദ്ദേഹത്തിന്റെ തലയിൽ വാത്സല്യത്തോടെ കൈ വച്ചു കൊണ്ട് വളരെ നല്ല കുട്ടിയാണെന്ന് പറഞ്ഞിരുന്നു. അപ്പോൾ ബയ്അത്ത് ചെയ്യാൻ സാധിച്ചിരുന്നില്ല. പിന്നീട് അദ്ദേഹം യു.കെ യിൽ സ്കോളർഷിപ്പ് ലഭിച്ചു വരുകയും ഡോക്ടറായി ഉന്നതവിദ്യാഭ്യാസം കരസ്ഥമാക്കുകയും 1908 ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മരണവാർത്ത ലഭിച്ചപ്പോൾ ഖാദിയാനിൽ വന്നു ഒന്നാം ഖിലാഫത്ത് കാലഘട്ടത്തിൽ ബയ്അത്ത് ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ സഹോദരൻ അബ്ദുൽ ലത്വീഫ് സാഹിബ് എഞ്ചിനീയറായിരുന്നു. സഹോദരനോടൊപ്പം അദ്ദേഹവും ഒന്നാം ഖിലാഫത്ത് കാലത്ത് ബയ്അത്ത് ചെയ്യുകയുണ്ടായി. ഇവർ ഇരുവരുടെയും ശ്രമഫലമായി കുറച്ചു കാലം കഴിഞ്ഞ് ഇതരകുടുംബാംഗങ്ങളും ശഹീദ് മർഹൂമിന്റെ പിതാമഹനും ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു.

ശഹീദ് മർഹൂം അനേകം പ്രത്യേകതകളുള്ള വ്യക്തിയായിരുന്നു. ഖിലാഫത്തിനോട് അളവറ്റ സ്നേഹമായിരുന്നു. ജമാഅത്ത് ഭാരവാഹികളോട് വളരെ ആത്മാർഥ ബന്ധമായിരുന്നു. ദഅ്വത്തെ ഇലല്ലാഹ്(തബ്‌ലീഗ്) ചെയ്യാൻ അതീവ തൽപരനായിരുന്നു. അത് കാരണത്താൽ എതിർപ്പുകളും നേരിട്ടിരുന്നു. അക്കാരണത്താൽ കഴിഞ്ഞ രണ്ടുവർഷത്തിനിടെ ഏഴുതവണ വീടു മാറുകയുണ്ടായിട്ടും ദൈവാനുഗ്രഹത്താൽ അഹ്മദിയ്യത്തിൽ നിലകൊണ്ടു. തഹജ്ജുദ്, നമസ്കാരങ്ങൾ എന്നിവ കൂടാതെ ഖുർആൻ പാരായണത്തിലും കണിശത പാലിച്ചിരുന്നു. വളരെ വാത്സല്യമുള്ള വ്യക്തിയും അടുപ്പം കാണിക്കുന്ന വ്യക്തിയുമായിരുന്നു. ജീവിതം മുഴുവനും ആരുമായും ഒരിക്കലും കലഹിച്ചില്ല. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: ജീവിതത്തിൽ പലവട്ടം ഉയർച്ചകളും താഴ്ചകളുമുണ്ടായിട്ടും ഒരിക്കലും മറ്റുള്ളവരെ വ്രണപ്പെടുത്തുന്ന നിലയിൽ പെരുമാറിയിട്ടില്ല. ഞാൻ അദ്ദേഹത്തോട് കയർത്തു

സംസാരിച്ചാലും തിരിച്ചു വളരെ സൗമ്യമായിരുന്നു പെരുമാറിയിരുന്നത്. മക്കളോട് എപ്പോഴും സ്നേഹവാത്സല്യങ്ങളോടെ പെരുമാറിയിരുന്നു. ശഹാദത്ത് വരിക്കാൻ ഉൽക്കടമായ ആഗ്രഹമായിരുന്നു. എപ്പോഴും പറയുമായിരുന്നു, 'എപ്പോഴെങ്കിലും പരീക്ഷണം നേരിട്ടാൽ ഖിലാഫത്തിൽ നിന്നു അകലുന്നതിനേക്കാൾ മുൻഗണന മരണത്തിനു നല്കും എന്ന്. തുടർന്നെഴുതുന്നു: നമസ്കാരം എപ്രകാരമായിരുന്നെന്നാൽ ചിലപ്പോൾ വീട്ടുകാർ അദ്ദേഹത്തെ സുജൂദിൽ ഉള്ളപ്പോൾ തൊട്ടു നോക്കുമായിരുന്നു. ആപത്തൊന്നും സംഭവിച്ചില്ലെന്ന് ഉറപ്പുവരുത്താൻ! സുദീർഘമായ സുജൂദിലാകുമായിരുന്നു. ശഹീദ് മർഹൂമിന് ബാസേദ് ഖേലിൽ മുൻതളിം തർബിയ്യത്തായും ജമാഅത്തിനെ സേവിക്കാനുള്ള തൗഫീഖ് ലഭിച്ചു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യ സാജിദ ഖാദിർ സാഹിബയെ കൂടാതെ നാല് ആൺകുട്ടികളും അഞ്ച് പെൺകുട്ടികളുമുണ്ട്. അല്ലാഹു തആലാ ശഹീദ് മർഹൂമിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. കുടുംബത്തിന്റെയും സ്വയം സംരക്ഷകനും സഹായിയുമായി തീരുമാറാകട്ടെ. അദ്ദേഹത്തിന്റെ സന്താനങ്ങൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടു പോകാനുള്ള തൗഫീഖ് ലഭിക്കട്ടെ.

രണ്ടാമത്തെ ജനാസ, ദൈവമാർഗത്തിൽ ജയിൽവാസമനുഷ്ഠിച്ച അക്ബർ അലി സാഹിബിന്റേതാണ്. ഇബ്റാഹിം സാഹിബിന്റെ മകനാണ് ഇദ്ദേഹം. ജില്ലാ നങ്കാനയിലെ ശൗക്കത്താബാദ് കോളനിയിലായിരുന്നു താമസിച്ചിരുന്നത്. ഫെബ്രുവരി 16-നാണ് വഫാത്തായത്. ജയിലിൽവച്ച് ഹൃദയാഘാതം സംഭവിച്ചാണ് അദ്ദേഹം വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തോടൊപ്പം 2020 മെയ് രണ്ടിന് വേറെ രണ്ടുപേർക്കും ജയിൽശിക്ഷ ലഭിച്ചിരുന്നു. ഹൈക്കോടതിയിൽ ജാമ്യം അനുവദിക്കുന്നതിനുള്ള ദിവസം ജാമ്യം റദ്ദാക്കുകയും തടവുശിക്ഷ വിധിക്കുകയും ചെയ്തു. അങ്ങനെ ഇവർ മൂന്നുപേരും തടവുകാരായി. നങ്കാന മജിസ്ട്രേറ്റ് ആ അപ്പീൽ പ്രകാരം ഏകപക്ഷീയമായി നമ്മുടെ അഭിപ്രായം ആരായാതെ 2021 ജനുവരിയിൽ 295 സി കൂട്ടിച്ചേർത്തു. അത് അപകടകരമായ ഒരു ചട്ടമാണ്. മർഹൂം നാലര മാസമായി ജയിലിലായിരുന്നു. വഫാത്താകുമ്പോൾ 55 വയസ്സായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയാണ്. അദ്ദേഹത്തിന്റെ പിതാവ് ഇബ്റാഹിം സാഹിബ് മുഖേനയാണ് ആ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത്. ഇബ്റാഹിം സാഹിബ് തന്റെ സഹോദരൻ മിയാ ഇസ്മായീൽ സാഹിബിനൊടൊപ്പം 1920 ൽ രണ്ടാം ഖിലാഫത്ത് കാലത്ത് ബയ്അത്ത് ചെയ്തു. അക്ബർ അലി സാഹിബ് പട്ടാളത്തിലായിരുന്നു. മുപ്പതുവർഷം ഹവാൽദാരായി സേവനമനുഷ്ഠിച്ചു. 16 വർഷം മുമ്പേ ആർമിയിൽനിന്നു വിരമിച്ചു. ശേഷം സെക്യൂരിറ്റി ഗാർഡായി ജോലി ചെയ്തു. നല്ല ഉത്തരവാദിത്വബോധവും ധൈര്യവുമുള്ള വ്യക്തിയായിരുന്നു. ജയിൽവാസത്തിനു മുമ്പേ ബാങ്കിന്റെ സെക്യൂരിറ്റി ഗാർഡായി സേവനമനുഷ്ഠിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ബാങ്ക് മാനേജറോട് ഒരാൾ ഇപ്രകാരം പരാതിപ്പെട്ടു, താങ്കൾ ജോലിയിൽ വച്ചിരിക്കുന്ന അക്ബർ അലി കാഫിറാണ്. ബാങ്ക് മാനേജർ ഉടനടി മറുപടി പറഞ്ഞു: 'ഞാൻ ദിവസവും രാവിലെ സി.സി.ടി.വി ക്യാമറ റെക്കോർഡിങ് പരിശോധിക്കാറുണ്ട്. അക്ബർ അലി രാത്രി നഫ്ലുകൾ നമസ്കരിക്കുന്നു. ഖുർആൻ പാരായണം ചെയ്യുന്നു. റമളാനിലെ നോമ്പുകൾ നോല്ക്കുന്നു. പിന്നെങ്ങനെ അദ്ദേഹം കാഫിറാകും.' എന്തായാലും ആ ബാങ്ക് മാനേജരും ധൈര്യമുള്ളയാളായിരുന്നു. സ്വദ്ർ ജമാഅത്തായി ആറുവർഷം സേവനം അനുഷ്ഠിക്കാൻ അദ്ദേഹത്തിനു സൗഭാഗ്യമുണ്ടായി. ജയിലിൽ പോകുംമുമ്പേ സെക്രട്ടറി മാലായി സേവനമനുഷ്ഠിക്കുകയായിരുന്നു. ദരിദ്രരോട് അനുകമ്പ, അതിഥി സൽക്കാരം, കുടുംബത്തിലെ എല്ലാവരോടും സ്നേഹബന്ധം എന്നിവ വച്ചു പുലർത്തുന്ന ആളായിരുന്നു. ദഅ്വത്തെ ഇലല്ലാഹ് ചെയ്യാൻ അതീവ തല്പരനായിരുന്നു. പ്രമാണബദ്ധമായ നിലയിൽ എപ്പോഴും സംസാരിക്കുമായിരുന്നു. അക്കാരണത്താൽ എതിർപ്പുകളും നേരിട്ടിരുന്നു. സെക്യൂരിറ്റി ഗാർഡിന്റെ ജോലിയും എതിർപ്പു കാരണമാണ് ഉപേക്ഷിക്കേണ്ടി വന്നത്. സന്തപ്ത കുടുംബത്തിൽ രണ്ട് വിധവകളുണ്ട്. സീനത്ത് ബീബി സാഹിബ, ഫളീലത്ത് ബീബി സാഹിബ. അതുകൂടാതെ 19 വയസ്സുള്ള ഒരു മകനും 11 വയസ്സുള്ള ഒരു മകളുമുണ്ട്. അല്ലാഹു അദ്ദേഹത്തോട് പൊറുമയോടും കരുണയോടും കൂടി പൊരുമാറട്ടെ. പദവികൾ ഉയർത്തു മാറാകട്ടെ. അദ്ദേഹത്തിന്റെ മക്കളുടെയും സ്വയം സംരക്ഷകനും സഹായിയുമായി തീരുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ അവർക്ക് പിന്തുടരാനുള്ള തൗഫീഖ് ലഭിക്കുമാറാകട്ടെ .

അടുത്ത ജനാസ ഖാലിദ് മഹ്മൂദുൽ ഹസൻ ഭട്ടി സാഹിബിന്റേതാണ്. ഈയിടെയായി തഹ്രീക്കെ ജദീദിൽ വക്കീലുൽ മാൽ ഥാലിഥായിരുന്നു. നാഇബ് സ്വദ്ർ അൻസാറുല്ലായും നാഇബ് ഓഫീസർ ജൽസ സാലാനയുമായിരുന്നു. ത്വാഹിർ ഹാർട്ട് ഇൻസ്റ്റ്യൂട്ടിൽവച്ച് 67 ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ കുടുംബത്തിലെ ആദ്യ അഹ്മദി അദ്ദേഹത്തിന്റെ പിതാമഹൻ അബ്ബാബുൽ ഖാൻ ഭട്ടി സാഹിബാണ്. എന്നാൽ, ഖാലിദ് മഹ്മൂദ് സാഹിബിന്റെ പിതാവ് അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ ഹൃദയം തുറന്നില്ല. പിതാവ് അഹ്മദിയായിട്ടും മകന് അതിനു സാധിച്ചില്ല. ഒരിക്കൽ അദ്ദേഹത്തിന്റെ പിതാവ് കൃഷി നിലത്തിനടുത്തുള്ള ചായ്പ്പിൽ വിശ്രമിക്കുകയായിരുന്നു. അദ്ദേഹം മുഖംപൊത്തു കിടക്കുകയായിരുന്നു. ഭൂവുടമകൾ ഇങ്ങനെ ചായ്പ്പ് പണിയാറുണ്ട്. അപ്പോൾ അദ്ദേഹം നമസ്കരിക്കുന്ന മസ്ജിദിലെ ഒരു മൗലവി അതു വഴി കടന്നു പോവുകയായിരുന്നു. അയാളും അവിടെ ഇരുന്നു സംസാരിച്ചു സംസാരിച്ചു അഹ്മദിയ്യത്തും ചർച്ചാവിഷയമായി. സംസാരത്തിനിടയിൽ മൗലവി അഹ്മദിയ്യത്ത് സത്യമാണെന്ന് അംഗീകരിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹത്തിന്റെ പിതാവ് പെട്ടെന്ന് മുഖത്തുനിന്നും പുതപ്പു നീക്കി എഴുന്നേറ്റിരുന്നു. എന്നിട്ട് പറഞ്ഞു: അഹ്മദിയ്യത്ത് സത്യമാണെങ്കിൽ പിന്നെന്തിനാണ് ഞങ്ങളെ വഴിതെറ്റിക്കുന്നത്. ഇനി ഒരിക്കലും നീ അഹ്മദിയ്യത്ത് വ്യാജമാണെന്ന് പറഞ്ഞു വഴിതെറ്റിപ്പിക്കുകയും അത് സ്വീകരിക്കരുതെന്നും നിന്റെ പിതാവിന്റെ പിറകെ പോകരുതെന്നും പറയാൻ നില്ക്കരുത്. സത്യമുള്ളിടത്തു തന്നെയായിരിക്കും ഇന്നു മുതൽ ഞാനുമുണ്ടാകുക. എന്നിട്ട് അദ്ദേഹം പോയി. ഭട്ടി സാഹിബ് പഞ്ചാബ് യൂണിവേഴ്സിറ്റിയിൽനിന്ന് ബി.എ എടുത്തശേഷം 1928-ൽ പൊളിറ്റിക്കൽ സയൻസിലും 1980 ഹിസ്റ്ററിയിലും എം.എ എടുത്തു. പിന്നീട് രണ്ടുവർഷം ഗവൺമെന്റ് ലക്ചററായി സേവനമനുഷ്ഠിച്ചു. ശേഷം രാജിവച്ചു. 1982 ൽ ജീവിതം വഖ്ഫ് ചെയ്തു. പല നിലകളിലും ഏകദേശം 38 വർഷം ജമാഅത്തിനെ സേവിച്ചു. 1982-ൽ വക്കാലത്ത് തഅ്മീൽ വ തൻഫീദിൽ അദ്ദേഹം നിയമിതനായി. തുടർന്ന് നാഇബ് വക്കീലായി. ശേഷം വക്കീലുദ്ദീവാനായി നിയമിതനായി. പിന്നീട് വക്കീലുൽ മാൽ ഥാലിഥായി. തുടർന്ന് ഇന്തൊനേഷ്യ, സിംഗപ്പൂർ, ബർമ്മ, ശ്രീലങ്ക, നേപ്പാൾ, ഉഗാണ്ട തുടങ്ങിയ രാജ്യങ്ങൾ പര്യടനം ചെയ്യാൻ സൗഭാഗ്യമുണ്ടായി. പര്യടനം നടത്തുന്നിടങ്ങളിലെല്ലാം വളരെ സൂക്ഷ്മമായി വിശകലനം നടത്തുകയും അവിടെയുള്ളവർക്ക് മാർഗനിർദ്ദേശം നല്കുകയും ചെയ്തിരുന്നു. അവിടങ്ങളിലെല്ലാം പ്രത്യേകിച്ച് ബർമയിലും ശ്രീലങ്കയിലും ഉള്ളവർക്ക് അദ്ദേഹം ഒരുപാട് കാര്യങ്ങൾ പഠിപ്പിക്കുകയുണ്ടായി. ജമാഅത്തുകളിലുള്ളവർ അത് എടുത്തു പറയുകയും ചെയ്യാറുണ്ട്. ഒരുപാടുപേർ എനിക്ക് കത്തെഴുതുകയുണ്ടായി. അദ്ദേഹത്തിൽനിന്നു ഞങ്ങൾ ഒരുപാട് പഠിച്ചു. നിളാമിനെ (ജമാഅത്ത് വ്യവസ്ഥിതിയെ) കുറിച്ചും ഭട്ടി സാഹിബ് കൃത്യമായി കാര്യങ്ങൾ ഞങ്ങൾക്ക് പറഞ്ഞു തന്നു. ഖിലാഫത്തുമായി ബന്ധം സ്ഥാപിക്കുന്നതിനു ഒരുപാട് സഹായിച്ചു. അതുപോലെ ഖുദാമുൽ അഹ്മദിയ്യായുടെയും അൻസാറുല്ലായുടെയും കേന്ദ്ര പ്രവർത്തക സമിതികളിലും വിവിധ കമ്മിറ്റികളിലും ഖളാ ബോർഡിലും അദ്ദേഹം മെമ്പറായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ നുസ്റത്ത് നാഹേദ് സാഹിബയാണ്. അല്ലാഹു അവർക്ക് രണ്ടു പെൺമക്കളേയും ഒരു മകനേയും നല്കി അനുഗ്രഹിച്ചു. മകൻ ഖറം ഉഥ്മാൻ ഇവിടെ യു.കെ യിൽ എം.ടി.എ യിൽ ജോലി ചെയ്യുന്നു. എം.എ പൊളിറ്റിക്കൽ സയൻസിനു ശേഷം എം.എ ഹിസ്റ്ററിയും എടുക്കണമെന്ന് അദ്ദേഹം തന്റെ പിതാവിനോട് പറഞ്ഞു. എത്ര വേണമെങ്കിലും പഠിച്ചോളൂ. എന്നാൽ, ജോലി ചെയ്യുന്നത് ജമാഅത്തിനു വേണ്ടിയായിരിക്കണം എന്ന കാര്യം ഓർമയുണ്ടാകണം. 43 വർഷം വിവാഹശേഷം ഒരുമിച്ചുണ്ടായി. എപ്പോഴും വാത്സല്യത്തോടെ പെരുമാറി. പര്യടനം കഴിഞ്ഞു വന്നാൽ എങ്ങനെയൊക്കെ അല്ലാഹു സ്നേഹത്തോടെ പെരുമാറിയിരുന്നെന്നുള്ള സംഭവങ്ങൾ വിവരിക്കുമായിരുന്നു. മക്കൾക്ക് വാത്സല്യനിധിയായ പിതാവായിരുന്നു. മക്കളുടെ എല്ലാവരുടെയും അനുവദനീയമായ ആഗ്രഹങ്ങൾ പൂർത്തിയാക്കാൻ ശ്രമിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മൂത്തമകൾ ഡോക്ടർ സാഇമ പറയുന്നു: ഞാൻ വിസയ്ക്ക് അപേക്ഷിച്ചിരുന്നു. രണ്ടു പ്രാവശ്യം റിജക്റ്റായി. മൂന്നാംവട്ടം അപേക്ഷിച്ചപ്പോൾ ഭട്ടി സാഹിബിന് പര്യടനത്തിനു പോകേണ്ട സമയമായിരുന്നു. അപ്പോൾ ഞാൻ പറഞ്ഞു: 'താങ്കൾ യാത്ര കുറച്ചുദിവസത്തേക്ക് നീട്ടുക. വിസക്ക് എംബസിയിൽ പോകേണ്ട തീയതി അടുത്തിരിക്കുന്നു.' അപ്പോൾ അദ്ദേഹം പറഞ്ഞു:

## അല്ലാഹുവിന്റെ കലാം:

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**
**(വിശുദ്ധ ഖുർആൻ 51:57)**

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

## ഹദീഥുന്നബ്‌വി(സ):

**"സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക." (സ്വഹീഹ് മുസ്‌ലിം)**

ത്വാലിബെ ദുആ:
K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

'അത് നടക്കില്ല. ഒറ്റയ്ക്ക് പൊയ്കൊള്ളുക. കാരണം ഞാൻ അല്ലാഹുവിനു വേണ്ടിയാണ് യാത്ര ചെയ്യുന്നത്. അല്ലാഹു അനുഗ്രഹിക്കുന്നതാണ്.' ആ സമയത്ത് മകൾക്ക് വിസ കിട്ടുകയും ചെയ്തു. ഇളയ മകൾ പറയുന്നു: വളരെ സൗമ്യ ഹൃദയനായ പിതാവായിരുന്നു. വളരെ സൗമ്യത്തോടെ പെരുമാറിയിരുന്നു. ഒരിക്കലും ഞങ്ങളെ വഴക്കു പറഞ്ഞിട്ടില്ല. സസ്നേഹം കാര്യങ്ങൾ മനസ്സിലാക്കിത്തരുമായിരുന്നു. ജമാഅത്തിന്റെ ജോലികൾക്ക് എപ്പോഴും മുൻതൂക്കം കൊടുക്കുമായിരുന്നു. വീട്ടിൽ എത്ര സുപ്രധാന ജോലിയുണ്ടായാലും ആദ്യം ഓഫീസ് ജോലി മുഴുവനാക്കിയ ശേഷം മാത്രമേ വീട്ടിൽ വന്നിരുന്നുള്ളൂ. ജമാഅത്തിനായി സദാ സേവന തൽപരനായിരുന്നു. സ്നേഹത്തോടും ആഭിമുഖ്യത്തോടും കൂടി ജമാഅത്തിന്റെ ജോലികൾ ചെയ്യുമായിരുന്നു. ദുൻയാവിനെക്കാൾ ദീനിനെ മുന്തിക്കുമായിരുന്നു. വളരെ അധ്വാനപൂർവ്വം ജോലിചെയ്യുന്നതായിട്ട് ഞാനും കണ്ടിട്ടുണ്ട്. വളരെ വിശ്വസ്തതയോടെ വഖ്ഫിന്റെ ആത്മാവിനെ നിലനിറുത്തിയും അദ്ദേഹം എപ്പോഴും സേവനങ്ങൾ കാഴ്ച്ചവയ്ക്കുകണ്ടായി. ഒരു മകൻ പറയുന്നു: ബുദ്ധിമുട്ടുള്ള സമയത്തൊക്കെ ഞങ്ങളോട് എപ്പോഴും ക്ഷമ കൈക്കൊള്ളാൻ ഉപദേശിച്ചിരുന്നു. അല്ലാഹു ഒരിക്കലും നമ്മെ കൈവിടില്ലെന്നു പറയുമായിരുന്നു. അല്ലാഹു ഒരിക്കലും കൈവിട്ടിട്ടുമില്ല. അദ്ദേഹത്തിന്റെ മകൻ പറയുന്നു: ഞങ്ങൾക്ക് ഓർമ വെച്ച നാൾ മുതൽ അദ്ദേഹം ജമാഅത്തിന് സേവനം ചെയ്യുന്ന അവസ്ഥയിൽ മാത്രമേ കണ്ടിട്ടുള്ളൂ. എന്തെങ്കിലും പ്രയാസങ്ങളോ പരീക്ഷണങ്ങളോ നേരിടുമ്പോൾ എപ്പോഴും പറയാറുള്ളത് ദീനിനെ സേവിക്കുന്നതുകൊണ്ടും അല്ലാഹുവിനുവേണ്ടി ജോലി ചെയ്യുന്നതുകൊണ്ടും അല്ലാഹു എന്റെ കാര്യങ്ങളും ചെയ്തു തരുന്നതാണ്. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹമുണ്ടാകാറുണ്ട്. അദ്ദേഹത്തിന്റെ കാര്യങ്ങൾ എളുപ്പമാകാറുണ്ട്. യഥാർഥ നിലയിൽ അദ്ദേഹം വഖ്ഫിന്റെ ആത്മാവിനെ നിലനിറുത്തി. അതോടൊപ്പം പറയുന്നു: 'ജമാഅത്ത് കാര്യത്തിലുള്ള തിരക്കുണ്ടായിട്ടും വീട്ടിലെ കടമകളിലും ഒരുവിധ വീഴ്ചയും വരുത്തിയില്ല. എല്ലാ കാര്യങ്ങളും പൂർണമായും സ്വന്തമായി ശ്രദ്ധിക്കുമായിരുന്നു.

തഹ്‌രീക്കെ ജദീദിലെ ലീഗൽ അഡ്വൈസറാണ് ലഈഖ് ആബിദ് സാഹിബ്. അദ്ദേഹം എഴുതുന്നു: ഞാൻ 38 വർഷമായി അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ജമാഅത്ത് വ്യവസ്ഥിതികളുടെ സുരക്ഷകനും അവയെ ആദരിക്കുന്ന ആളുമായിരുന്നു. ഒരുപാട് ഗുണങ്ങളിൽ അദ്ദേഹത്തിന്റെ പ്രത്യേകമായ ഗുണം വളരെ സൂക്ഷ്മമായി ജമാഅത്തിന്റെ സമ്പത്ത് സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നു കരുതിയിരുന്നു. അദ്ദേഹത്തിന്റെ സഹപാഠിയായ മുഹമ്മദ് ഇദ്‌രീസ് സാഹിബ് പറയുന്നു: വഖ്ഫ് ചെയ്ത ശേഷം വളരെ മൗനിയായിരുന്നു. ഖാലിദ് തീർത്തും വ്യത്യസ്ത വ്യക്തിത്വമായി ഉയർന്നുവന്നു. അദ്ദേഹത്തിന്റെ അംഗോപാംഗങ്ങളിൽ ഖിലാഫത്തിനോടുള്ള സ്നേഹം അലിഞ്ഞു ചേർന്നിരുന്നു. കാലത്തിന്റെ ഖലീഫയെ അനുസരിക്കുന്നത് അദ്ദേഹത്തിന്റെ സർവ്വസ്വവുമായി മാറിയിരുന്നു. സദാസമയം ദീനി സേവനത്തിൽ മുഴുകുക എന്നത് അദ്ദേഹത്തിന്റെ ഇഷ്ടഭോജനമായി തീർന്നിരുന്നു.' വക്കാലത്തു മാൽ ഥാലിഥിന്റെ ഒരു പ്രവർത്തകൻ പറയുന്നു: ഓഫീസിൽ വരുന്ന ഒരു കത്തും അദ്ദേഹം പെൻഡിങ് വെക്കുമായിരുന്നില്ല. പെട്ടെന്ന് നടപടിയെടുക്കുമായിരുന്നു. ഇന്നത്തെ ജോലി ഇന്ന് തന്നെ ചെയ്യണമെന്ന് ഞങ്ങളോട് നിർദേശിക്കുമായിരുന്നു. ജീവിതം പ്രവചനാതീതമാണ്. നാളെ അവസരമുണ്ടാകുമോ എന്നു പറയാനാകില്ലെന്നും പറയുമായിരുന്നു. ഞാൻ പറഞ്ഞതുപോലെ പാകിസ്താനിലും അന്യ രാജ്യങ്ങളിലും പോയിടങ്ങളിലെല്ലാം വളരെ വലുതായി അദ്ദേഹം സ്വാധീനിച്ചു. സേവന താൽപര്യത്തോടെ പ്രവർത്തിച്ചു. വിശ്വസ്തതയോടെ തന്റെ വഖ്ഫിനെ നിറവേറ്റി. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ സന്താനങ്ങൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടരാനുള്ള തൗഫീഖ് ഉണ്ടാകട്ടെ.

അടുത്തതായി അനുസ്മരിക്കുന്നത് സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ലീഗൽ അഡ്വൈസറായ മുബാറക് അഹ്മദ് സാഹിബിനെയാണ്. ഫെബ്രുവരി 17 ന് 81–ാം വയസ്സിൽ ത്വാഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.1927–ൽ അദ്ദേഹത്തിന്റെ വന്ദ്യപിതാവ് സ്വൂഫീ ഗുലാം മുഹമ്മദ് സാഹിബ് മുഖേനയാണ് ആ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രവേശിച്ചത്. ഖാദിയാനിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായ കാര്യം അറിഞ്ഞപ്പോൾ അദ്ദേഹം തന്റെ മിത്രാദികളോടൊപ്പം ഖാദിയാൻ സന്ദർശിക്കാൻ തീരുമാനിച്ചു. 1926–ൽ സിന്ധിലുള്ള ഥർപാർകറിൽ നിന്നു ഖാദിയാനിൽ ജൽസക്കു പങ്കെടുക്കാനായി വന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദിലും ജമാഅത്തിലും വളരെ പ്രഭാവിതനായെങ്കിലും ബയ്അത്ത് ചെയ്തില്ല. അടുത്ത വർഷം വരാൻ അദ്ദേഹം നിശ്ചയിച്ചു. എന്നാൽ, കൂട്ടുകാർ കൂടെ വരാൻ സമ്മതിച്ചില്ല. അങ്ങനെ അടുത്ത വർഷം 1927– ൽ അദ്ദേഹം ജൽസക്കു പോയി ബയ്അത്ത് ചെയ്തു. അപ്പോൾ അദ്ദേഹത്തിന് 28 വയസ്സായിരുന്നു. അദ്ദേഹത്തിന്റെ ഗ്രാമം തീവ്ര അഹ്‌ലെ ഹദീഥായിരുന്നു. വലിയ എതിർപ്പുകളുണ്ടായി. അദ്ദേഹത്തിന്റെ ഭാര്യാ വീട്ടുകാർ അദ്ദേഹം കാഫിറായെന്നു പറഞ്ഞ് ഭാര്യയെ തിരികെ വിളിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ അവരോട് പറഞ്ഞു: 'ഞാൻ അദ്ദേഹത്തെ കണ്ടതാണ്. കാഫിറായ ശേഷം അദ്ദേഹം കൂടുതൽ മുസ്‌ലിമായിരിക്കുന്നു. അദ്ദേഹത്തിൽനിന്നു വേർപെടാൻ ഒരു കാരണവും ഞാൻ കാണുന്നില്ല. എന്നിട്ട് അവർ തിരികെ പോയി.' ഗ്രാമം മുഴുവൻ ആ കുടുംബത്തെ ബഹിഷ്കരിച്ചു. ഗ്രാമത്തിലെ കിണറിൽ നിന്നു വെള്ളം കോരുന്നതു പോലും അവർ വിലക്കി. പിന്നീട് മൈലുകളോളം സഞ്ചരിച്ച് വെള്ളം കൊണ്ടു വരേണ്ടതായി വന്നു. കുറച്ച് ആഴ്ചകൾ കഴിഞ്ഞപ്പോൾ ആ ഗ്രാമക്കാരുടെ കിണറിലെ വെള്ളം വറ്റി. അപ്പോൾ അവർ ചിന്തിച്ചു. നമ്മൾ സ്വൂഫി സാഹിബിന് വെള്ളം മുടക്കിയത് കൊണ്ടാണ് ഗ്രാമത്തിലെ വെള്ളം വറ്റിയത്. ശേഷം അവർ അദ്ദേഹത്തിന്റെയടുത്ത് വന്നു പറഞ്ഞു: 'ഞങ്ങൾ രണ്ടാമതും കിണർ കുഴിക്കുകയാണ്. ആദ്യം താങ്കൾ ചന്ദ നൽകണം. കാരണം താങ്കൾ പൈസ തന്നാൽ മാത്രമേ കിണറിൽ വെള്ളം വരികയും അതു നിലനില്ക്കുകയും ചെയ്യുകയുള്ളൂ.' എന്തായാലും ബന്ധുക്കൾ അഹ്മദിയ്യത്ത് സ്വീകരിച്ചില്ലെങ്കിലും ആ സംഭവത്തിനുശേഷം അവർ എതിർപ്പ് അവസാനിപ്പിച്ചു. അദ്ദേഹത്തിന്റെ ഭാര്യ റാശിദ പർവീൻ സാഹിബയാണ്. അവർക്ക് അല്ലാഹു നാല് ആൺമക്കളും രണ്ടു പെൺമക്കളും നൽകി അനുഗ്രഹിച്ചു. ഒരു മകൻ ഹാഫിള് ഇഅ്ജാസ് അഹ്മദ് ത്വാഹിർ സാഹിബ് ഇവിടെ ഇസ്‌ലാമാബാദിൽ മുറബ്ബിയാണ്. ജാമിഅ യു.കെയിൽ പഠിപ്പിക്കുന്നു. രണ്ടാമത്തെ മകൻ നാസ്വിർ അഹ്മദ് ത്വാഹിർ വഖ്ഫെ സിന്ദഗിയാണ്. റിവ്യൂ ഓഫ് റിലീജിയൻസ് കനഡയിൽ സേവനമനുഷ്ഠിക്കുന്നു. മുബാറക് ത്വാഹിർ സാഹിബ് 1968 ൽ എം.എ എക്കണോമിക്സ് ചെയ്തു. 1969–ൽ എൽ. എൽ. ബി. എടുത്തു. 1970 ജനുവരി അദ്ദേഹത്തിന്റെ വഖ്ഫ് അംഗീകരിക്കപ്പെട്ടു. അദ്ദേഹം വക്കാലത്ത് ഉലിയായിൽ എം.എ, എൽ, എൽ,ബി യായി സേവനമനുഷ്ഠിച്ച ശേഷം അവിടെത്തന്നെ അക്കൗണ്ടന്റ് ദർജ അവ്വലായി (ഫസ്റ്റ് ഗ്രേഡ്) നിയമിതനായി. 1971 ഫെബ്രുവരി 5 ന് അദ്ദേഹത്തെ ഉഗാണ്ടയിലേക്ക് ടീച്ചറായി നിയമിച്ചയച്ചു. 1972–ൽ അദ്ദേഹം അവിടെ നിന്നു മടങ്ങി വന്നു. തുടർന്ന് വക്കാലത്ത് മാൽ ഥാനിയിൽ കുറച്ച് പ്രവർത്തിച്ചു. 1976–ൽ ഖലീഫ ഥാലിഥ് അദ്ദേഹത്തിന് ലാഹോറിൽ വിവിധ വക്കീലുമാരിൽനിന്നു ഇൻകം ടാക്സിന്റെയും പ്രോപ്പർട്ടിയുടെയും ജോലികളിൽ പരിശീലനം നൽകി. ബാർ കൗൺസലിൽ അദ്ദേഹത്തിന് അംഗത്വവും ലഭിച്ചു. 1970–ൽ അദ്ദേഹം തഹ്‌രീക്കെജദീദിൽ ലീഗൽ അഡ്വൈസറിയി നിയമിതനായി. 1983 ജൂലായി ഒന്നിന് ഖലീഫ റാബിഅ് അദ്ദേഹത്തെ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ലീഗൽ അഡ്വൈസറുമാക്കി. മരണം വരെ അദ്ദേഹം അത് അനുഷ്ഠിച്ചു. അമ്പതിലധികം വർഷം അദ്ദേഹം സേവനം ചെയ്തു. കേന്ദ്ര ഖുദ്ദാമുൽ അഹ്മദിയ്യാ കമ്മറ്റിയിലും വിവിധ വകുപ്പുകളുടെ മുഹ്ത്തമിം(സെക്രട്ടറി) ആയും സേവനമനുഷ്ഠിച്ചു.

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: എപ്പോഴും സുസ്മേര വദനനായി വീട്ടിൽ വന്നിരുന്നു. സലാം ചൊല്ലി വീട്ടിൽ കയറി നമസ്കരിച്ച ശേഷമായിരുന്നു ഭക്ഷണം കഴിച്ചിരുന്നത്. എല്ലാ ഖലീഫമാരോടൊപ്പവുമുണ്ടായ സംഭവങ്ങൾ വളരെയധികം സ്നേഹത്തോടെ സ്മരിക്കുമായിരുന്നു. കുടുംബത്തിലെ കുട്ടികളോടൊപ്പമിരിക്കുമ്പോൾ ഈമാൻ വർധകസംഭവങ്ങൾ വിവരിക്കുമായിരുന്നു. ഖിലാഫത്തുമായി ഒട്ടി നിന്നിരുന്നതിന്റെ ഫലമായി അല്ലാഹുവിന്റെ അനുഗ്രഹാശിസ്സുകൾ നേടിയിരുന്നു. രഹസ്യമായി ആവശ്യക്കാരെ സഹായിച്ചിരുന്നു. ഞങ്ങളെ ഒന്നും അറി യിച്ചിരുന്നില്ല. സഹായം ലഭിച്ചവർ നേരിട്ടുവന്ന് പറയുകയോ മറ്റു മാർഗങ്ങളിലൂടെ പ്രകടിപ്പിക്കുകയോ ചെയ്താൽ മാത്രമേ അറിഞ്ഞിരുന്നുള്ളൂ. മറ്റുള്ളവരുടെ ദു:ഖത്തിലും സന്തോഷത്തിലും പങ്കുചേരുന്ന വ്യക്തിയായിരുന്നു. തിലാവത്ത് ചെയ്യുകയും നഫ്‌ലനുഷ്ഠിക്കുകയും സ്വലാത്ത് ചൊല്ലുകയും ചെയ്യുമായിരുന്നു. വഖ്ഫെ സിന്ദഗിയുടെ പ്രവർത്തനങ്ങളിൽ വിജയം നല്കുന്നതിന്റെ ഉത്തരവാദിത്വം അല്ലാഹു സ്വയം ഏറ്റെടുത്തിരിക്കുന്നുവെന്നും അതുപോലെ അല്ലാഹുവിൽ ഭരമേൽപിക്കാനും ദുആ ചെയ്യാനും ഇസ്തിഗ്ഫർ ചെയ്യാനും ഖിലാഫത്തിനെ സ്നേഹിക്കാനും ഖലീഫക്ക് ദുആക്കുവേണ്ടി എഴുതാനും പറയുമായിരുന്നു. ഇതെല്ലാം വളരെ അത്യാവശ്യമാണ്. ഇക്കാര്യങ്ങളെല്ലാം യാഥാർഥ്യവുമാണ്. വളരെ തവക്കുൽ (അല്ലാഹുവിൽ ഭരമേല്പിക്കൽ) ചെയ്യുന്ന വ്യക്തിയായിരുന്നു. വളരെയധികം പ്രയാസകരമായ കാര്യങ്ങളിലും തവക്കുൽ ചെയ്തിരുന്നു. ഞാൻ നാളിർ അഅ്‌ലാ ആയപ്പോഴും അതിനുമുമ്പേയും ചില കാര്യങ്ങൾക്കായി ഞാനുമായി ബന്ധപ്പെട്ടിട്ടുണ്ട്. ജമാഅത്ത് കാര്യങ്ങളിൽ കാലത്തിന്റെ ഖലീഫയുടെ ദുആയാണ് എല്ലാം ശരിയാക്കുക, ഇൻശാ അല്ലാഹ് എന്നു പറയുമായിരുന്നു. സ്വദഖയും ദുആയും ചെയ്താണ് ജോലി തുടങ്ങുമായിരുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പിന്നീട് വിജയങ്ങളും ലഭിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മകൻ ഇഅ്ജാസ് സാഹിബ് എഴുതുന്നു: '1967–ലെ ഒരു സംഭവം അദ്ദേഹം കേൾപ്പിക്കുകയുണ്ടായി. ഖലീഫ മൂന്നാമൻ ട്രെയിനിൽ കറാച്ചിയിലേക്ക് യാത്ര പോകുകയായിരുന്നു. ട്രെയിൻ ഹൈദ്രാബാദ് സ്റ്റേഷനിൽ കുറച്ചു സമയത്തേക്ക് നിറുത്തി. ഒരുപാട് അഹ്മദികൾ ഹുദൂറിനെ കാണാനായി അവിടെ തടിച്ചുകൂടി. ഹുദൂർ ട്രെയിൻ വാതിൽക്കൽ നിൽക്കുകയായിരുന്നു. കൈചൂണ്ടി മുബാറക് ത്വാഹിർ സാഹിബിനെ വിളിച്ചു. അതിനുമുമ്പേ അദ്ദേഹത്തിന് വലിയ പരിചയമൊന്നുമുണ്ടായിരുന്നില്ല. ഖലീഫ ഥാലിഥിന് എന്തായാലും തന്നെ അറിയുന്നുണ്ടാകില്ലെന്നായിരുന്നു അദ്ദേഹം കരുതിയിരുന്നത്. എന്തായാലും മുബാറക്ക് സാഹിബ് വളരെ വേഗത്തിൽ തിരക്കിനിടയിലൂടെ ഹുദൂറിന്റെ ഭാഗത്തേക്കു നീങ്ങി.

വാതിലിനടുത്തെത്തിയപ്പോൾ ഹുദൂർ തന്റെ ശേർവാണിയുടെ പോക്കറ്റിൽ നിന്നു കുറച്ചു പൈസയെടുത്തു മുബാറക്ക് സാഹിബിന്റെ പോക്കറ്റിൽ ഇട്ടു കൊടുത്തു. അതിനുശേഷം ട്രെയിൻ പുറപ്പെട്ടു. മുബാറക്ക് സാഹിബ് പറയുന്നു: 'ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് എന്റെ കീശയിൽ പൈസ ഇട്ടുതന്നതിന്റെ ബർക്കത്തിനാൽ എപ്പോഴും എന്റെ കീശ നിറഞ്ഞിരുന്നു.' അത് യാഥാർഥ്യവുമാണ്. അല്ലാഹു എപ്പോഴും അദ്ദേഹത്തിന്റെ കീശ നിറച്ചുവച്ചു. അസാധാരണമായ നിലയിൽ അദ്ദേഹത്തിന് ചില വരുമാനങ്ങൾ ഉണ്ടായിരുന്നു. അതുപയോഗിച്ച് അദ്ദേഹം ദരിദ്രർക്കും ജമാഅത്തിനും സഹായങ്ങളും ചെയ്തു. കുറച്ചു കാലശേഷം ഒരു സ്വപ്നാടിസ്ഥാനത്തിൽ അദ്ദേഹം ജീവിതം വഖ്ഫും ചെയ്തു. വഖ്ഫ് ചെയ്യുമ്പോഴേക്കും അദ്ദേഹത്തിന്റെ വിവാഹ ബന്ധം ഉറച്ചിരുന്നു. നിക്കാഹും നടന്നിരുന്നു. ഇവർ ഹൈദ്രാബാദിലായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഭാര്യയുടെ ചികിത്സാകാര്യങ്ങൾക്കായി കുടുംബത്തിലെ ഒരു സ്ത്രീ അവിടെ വന്നിരുന്നു. ഹോസ്പിറ്റലിൽ പോകേണ്ട കാര്യവും പറഞ്ഞിരുന്നു. ട്രെയിനിൽ നിന്നു ഇറങ്ങിയപ്പോൾ ആ സ്ത്രീ പറഞ്ഞു: 'നിങ്ങൾ വഖ്ഫ് ചെയ്തിരിക്കുന്നുവെന്ന് പറഞ്ഞു കേട്ടു. വഖ്ഫ് ചെയ്യുന്നവർക്ക് ഭക്ഷണകാര്യങ്ങൾക്കുതന്നെ പണമുണ്ടാകില്ലല്ലോ.' മുബാറക്ക് സാഹിബ് പറഞ്ഞു: 'ഇപ്പോൾ നിക്കാഹ് മാത്രമല്ലേ കഴിഞ്ഞിട്ടുള്ളൂ. കൂട്ടിക്കൊണ്ടുപോയിട്ടില്ലല്ലോ. നിങ്ങൾക്ക് ഇത്രയും സംശയമുണ്ടെങ്കിൽ മകളെ ഇപ്പോൾതന്നെ കൂടെ കൊണ്ടുപൊയ്ക്കൊള്ളൂ. ഇത്രയും പറഞ്ഞു നീരസപ്പെട്ടു അവിടെ നിന്നു പോയി. എന്തായാലും അദ്ദേഹം ദീനിന്റെ മാനം സംരക്ഷിച്ചു. അല്ലാഹു അദ്ദേഹത്തിന്റെയും മാനം കാത്തു. വഖ്ഫിലായിരിക്കെതന്നെ അദ്ദേഹത്തിന് ഒരുപാട് ധനം കൊടുത്തു. സാമ്പത്തികമായ വളരെ ഭദ്രതയുണ്ടായിരുന്നു. ഖലീഫ ഥാലിഥിന്റെ കാലത്ത് അദ്ദേഹം ലീഗൽ അഡ്വൈസറായിരുന്നു. കേസുകളുടെ ആവശ്യത്തിന് പട്ടണത്തിൽ നിന്നു പുറത്തുപോകേണ്ടി വന്നിരുന്നു. ബസ്സുകളിലായിരുന്നു യാത്ര. ആ സമയത്ത് റബ്വയിൽ എല്ലാവരുടെ അടുത്തും യാത്രാസൗകര്യങ്ങൾക്കായി കാറൊന്നും ഉണ്ടായിരുന്നില്ല. ഖലീഫ ഥാലിഥ് നിർദ്ദേശിച്ചിരുന്നത് യാത്ര കഴിഞ്ഞു വന്നാൽ എന്റെ അടുത്തുവന്ന് റിപ്പോർട്ട് നല്കണം എന്നായിരുന്നു. ഒരിക്കൽ രാത്രി വളരെ വൈകി. സുബ്ഹി നമസ്കാരത്തിന് വെറും രണ്ടു മണിക്കൂർ മുമ്പേയാണ് റബ്വയിലെത്തിയത്. ഞാൻ കരുതി ഇപ്പോൾ പോയി ഖലീഫ ഥാലിഥിനെ വിവരമറിയിച്ച് ഉറക്കത്തിന് ബുദ്ധിമുട്ടുണ്ടാക്കേണ്ട ആവശ്യമില്ല. ഞാൻ കരുതി സുബ്ഹി നമസ്കാരത്തിന് പോയാൽ കാണാം. നമസ്കാരത്തിനു വന്നപ്പോൾ ഖലീഫ ഥാലിഥ് ചോദിച്ചു: 'മുബാറക് സാഹിബ് രാത്രി എപ്പോഴെത്തി?' ഞാൻ പറഞ്ഞു: 'ഒന്നര രണ്ടു മണിക്കൂർ മുമ്പേയാണ് എത്തിയത്.' അപ്പോൾ ഹദ്റത്ത് സാഹിബ് പറഞ്ഞു: 'എന്നോട് അപ്പോൾ വന്ന് കാര്യം പറഞ്ഞിരുന്നെങ്കിൽ ഞാൻ കുറച്ചു സമയം ഉറങ്ങിയേനെ. താങ്കളെ കാത്തിരിക്കുകയായിരുന്നു. സുഖമായി എത്തിയോ ഇല്ലയോ എന്നറിയില്ലല്ലോ.' അദ്ദേഹത്തിന്റെ മകൻ പറയുന്നു: ഞാൻ വഖ്ഫ് ചെയ്ത് ജാമിഅയിൽ പോകുന്നത് ഉപേക്ഷിച്ചപ്പോൾ പറഞ്ഞു: 'വഖ്ഫെന്നത് അനുസരണത്തിന്റെ പേരാണ്. നിന്റേത് കുറച്ചു ചൂടുള്ള പ്രകൃതമാണ്. അത് വഖ്ഫിന് ശരിയാകില്ല. വഖ്ഫ് എന്നത് നിശബ്ദമായി അനുസരണത്തോടെ സേവിക്കുന്നതിന്റെ പേരാണ്. അത് ചെയ്യാൻ പറ്റുമെങ്കിൽ വളരെ സന്തോഷമുള്ള കാര്യമാണ്. അല്ലാത്ത പക്ഷം നീ വഖ്ഫ് ചെയ്ത ശേഷം അത് ഉപേക്ഷിക്കുന്നത് എനിക്കിഷ്ടമല്ല.' അങ്ങനെ അദ്ദേഹം ഉപദേശിക്കുകയും തർബിയത്ത് ചെയ്യുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മകന് ഇന്നുവരെ വഖ്ഫ് നിലനിറുത്താൻ തൗഫീഖ് ലഭിച്ചു. തുടർന്നും അതുണ്ടാകട്ടെ. ഖലീഫയുടെ ഖുത്ബ നടക്കുമ്പോൾ എല്ലാ പണിയും നിറുത്തി സശ്രദ്ധം ഖുത്ബ കേൾക്കാൻ വീട്ടുകാരോട് നിർദേശിച്ചിരുന്നു. എന്തെങ്കിലും ഉപദേശനിർദേശങ്ങളോ സാമ്പത്തിക ആഹ്വാനങ്ങളോ ഉണ്ടായാൽ ഖുത്ബ കഴിഞ്ഞതും ആ ആഹ്വാനത്തെ നിറവേറ്റുകയും മക്കൾക്ക് നിർദേശം നൽകുകയും ചെയ്തിരുന്നു.

മിർസാ അദീൽ അഹ്മദ് അദ്ദേഹത്തിന്റെ അസിസ്റ്റൻറ് ലീഗൽ അഡ്വൈസറാണ്. പറയുന്നു: 'ഞാൻ കണ്ടിടത്തോളം ഖിലാഫത്തിന്റെ സത്യപ്രേമിയായിരുന്നു. ദുആകളിൽ അടിയുറച്ച വിശ്വാസമായിരുന്നു. എന്തെങ്കിലും പ്രയാസങ്ങളോ ബുദ്ധിമുട്ടുകളോ ഉണ്ടായാൽ അതിനായി പുറപ്പെടുമ്പോൾ പറയുമായിരുന്നു : 'നഫ്ലുകളിൽ നല്ലവണ്ണം ദുആ ചെയ്തിട്ടുണ്ട്, സ്വദഖയും കൊടുത്തു. ഖലീഫക്കും എഴുതി. അല്ലാഹു അനുഗ്രഹിക്കുന്നതാണ്.' തുടർന്ന് പറയുന്നു: 'വളരെ ആത്മാഭിമാനമായിരുന്നു. എന്നാൽ, ജമാഅത്തിനു വേണ്ടി ഏതെങ്കിലും ചായ ഉണ്ടാക്കുന്ന വ്യക്തിയോടോ, സഹായിയോടോ, അഭ്യർഥിക്കേണ്ടി വന്നാലും മടികാണിച്ചിരുന്നില്ല. ഓഫീസറുമായി ബന്ധം വയ്ക്കാൻ സാധ്യമായ എല്ലാ മാർഗങ്ങളും അവലംബിച്ചിരുന്നു.

ഒരിക്കൽ അദ്ദേഹം അഭിപ്രായപ്പെട്ടു: അഞ്ചുമൻ എടുത്ത ഒരു തീരുമാനം ജമാഅത്തിനു മോശമായി ഭവിക്കാൻ സാധ്യതയുണ്ടാകുമെന്നു തോന്നിയപ്പോൾ അദ്ദേഹം പറഞ്ഞു: ഈ തീരുമാനം ശരിയാണെന്ന് തോന്നുന്നില്ല. കാലത്തിന്റെ ഖലീഫയ്ക്ക് എഴുതി അറിയിക്കാം. കാര്യം അറിയിക്കേണ്ടത് നമ്മുടെ കടമയാണ്. ശേഷം എന്ത് തീരുമാനമുണ്ടായാലും അതിൽ ബർക്കത്തുണ്ടാകും. ഡോക്ടർ സുൽത്താൻ മുബശ്ശിർ എഴുതുന്നു: ഓഫീസറുമായി നല്ല ബന്ധം സ്ഥാപിക്കാനറിയാമായിരുന്നു. അത് ജമാഅത്തിന് ഗുണമുണ്ടാക്കാൻ ഉപയോഗിക്കുകയും ചെയ്തിരുന്നു. ഏറ്റവും കഠിനമായ അവസ്ഥയിലും അദ്ദേഹത്തിന്റെ മുഖത്ത് പുഞ്ചിരി ഉണ്ടാകുമായിരുന്നു. അദ്ദേഹത്തിന്റെ മുഖത്ത് ഒരിക്കലും വെപ്രാളത്തിന്റെ അടയാളം ഉണ്ടായിരുന്നില്ല. ജമാഅത്ത് കേസുകളുടെ ആവശ്യത്തിന് അപകടം പിടിച്ച, ജീവൻപോലും അപായത്തിലാകുന്ന സ്ഥലങ്ങളിലേക്ക് പോകേണ്ടി വന്നിരുന്നു. എന്നാൽ ആ ധീരശാലി ഒരിക്കലും കടമകളെ അവഗണിച്ചിരുന്നില്ല. ഞാൻ പറഞ്ഞപോലെ അല്ലാഹു അദ്ദേഹത്തിന് സാമ്പത്തികശേഷിയും നല്കിയിരുന്നു. ബോണ്ടുകൾ വഴി അദ്ദേഹത്തിന് അല്ലാഹു സഹായം നല്കി. വലിയ വലിയ തുക ലഭിച്ചിരുന്നു. ഡോക്ടർ സാഹിബ് പറയുന്നു: ഒരിക്കൽ 50 ലക്ഷത്തിന്റെ സമ്മാനം ലഭിച്ചു. അതിൽ ഏകദേശം 60% ദരിദ്രർക്കും മറ്റുമായി അദ്ദേഹം ചെലവഴിച്ചു. ഇത് ഒറ്റപ്പെട്ട സംഭവമല്ല. എപ്പോഴും ഇതുതന്നെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഉസൂൽ. അല്ലാഹു വലിയ സംഖ്യകൾ നൽകിയിരുന്നു. അവ എപ്പോഴും ദരിദ്രർക്കും ചന്ദകൾക്കുമായി ചെലവഴിച്ചിരുന്നു. അദ്ദേഹത്തിന് രണ്ട് വലിയ ആഗ്രഹങ്ങളുണ്ടായിരുന്നു. അതിനായി ദുആക്ക് പറയുമായിരുന്നു. ഒന്ന് അന്ത്യശ്വാസംവരെ ജമാഅത്തിനെ സേവിക്കണം. രണ്ട് നടന്നുകൊണ്ട് തന്നെ ലോകത്തുനിന്ന് വിട പറയണം. ആർക്കും ഭാരമാകരുത്. അല്ലാഹു അദ്ദേഹത്തിന്റെ രണ്ട് ആഗ്രഹങ്ങളും നിറവേറ്റി. ഞാൻ അദ്ദേഹത്തിൽ ഒട്ടനവധി ഗുണങ്ങൾ കണ്ടിട്ടുണ്ട്. വളരെ ക്ഷമയോടും ധൈര്യത്തോടും നിലകൊണ്ടിരുന്നു. ഒരിക്കലും പ്രയാസത്തിലകപ്പെട്ടിരുന്നില്ല. അല്ലാഹുവിനുമേൽ അസാധാരണമാം വിധം തവക്കുൽ ഉണ്ടായിരുന്നു. നമസ്കാരശേഷം ഇവരെല്ലാവരുടെയും ജനാസ ഗാഇബ് നമസ്കരിക്കുന്നതാണ്. ഇൻശാ അല്ലാഹ് (വിവർത്തകൻ: അംനാസ് കടലായ്, ടൈപ്സെറ്റിംഗ്: ഹാശിം അശ്റഫ് ആലപ്പുഴ)

## സ്വദഖത്തുൽ ഫിത്ർ

അൽഹംദുലില്ലാഹ് അനുഗൃഹീത റമളാൻ മാസം ഏപ്രിൽ മാസത്തിന്റെ അവസാനത്തോടെ ആരംഭിക്കുകയാണ്. ഇസ്‌ലാമിൽ ഫിത്ർ സക്കാത്ത് കൊടുക്കുന്നതിന് ഒരു സ്വാഅ് ധാന്യം (ഏകദേശം 2 കിലോ 750 ഗ്രാം) തോതാണ് നിശ്ചയിച്ചിട്ടുള്ളത്. ജമാഅത്തംഗങ്ങൾ പൂർണ ശ്രദ്ധയോടുകൂടി റമളാന്റെ ആദ്യമോ രണ്ടാമത്തെ പത്തിന്റെ ഉള്ളിലോ ഫിത്ർ സക്കാത്ത് കൊടുക്കാൻ ശ്രമിക്കുക. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ (ഗോതമ്പ്, അരി) എന്നിവയുടെ തോത് വിഭിന്നങ്ങളാണ്. അതുകൊണ്ട് നമ്മുടെ തദ്ദേശ വിലയനുസരിച്ച് നിശ്ചിത തോതനുസരിച്ച് ഫിത്ർ സക്കാത്ത് നല്കുക. പഞ്ചാബിൽ ഇതിന്റെ തോത് നിശ്ചയിച്ചിട്ടുള്ളത് ഒരു സ്വാഅ്ന് സമാനമായി ആളോഹരി 55 രൂപയാണ്. തദ്ദേശ ജമാഅത്തിൽ ദരിദ്രരും അർഹരും ഉണ്ടെങ്കിൽ ഫിത്ർ സക്കാത്തിന്റെ മൊത്തം തുകയിൽനിന്ന് 90%വരെ മജ്‌ലിസെ ആമിലയുടെ അഭിപ്രായവും തീരുമാനവും അനുസരിച്ച് വിതരണം ചെയ്യാവുന്നതാണ്. ബാക്കിതുക കേന്ദ്രത്തിൽ അടയ്ക്കേണ്ടതാണ്. ദരിദ്രരും അർഹരുമില്ലെങ്കിൽ മുഴുവൻ തുകയും സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ജമാഅത്ത് അക്കൗണ്ടിൽ വരേണ്ടതാണ്. ഫിത്ർ സക്കാത്തിന്റെ തുക മസ്ജിദു തുടങ്ങിയവയുടെ ആവശ്യങ്ങൾക്കായി ചെലവഴിക്കാൻ അനുവാദമില്ല.

**(ഖാഇം മഖാം നാളിർ ബയ്ത്തുൽമാൽ ആമദ്, ഖാദിയാൻ)**

## അല്ലാഹുവിന്റെ കലാം:

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."**

**(വിശുദ്ധ ഖുർആൻ 14:36)**

ത്വാലിബെ ദുആ:
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala

## അല്ലാഹുവിന്റെ കലാം:

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

**(വിശുദ്ധ ഖുർആൻ 54:18)**

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

## കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച

**ജുമുഅ ഖുത്വ്ബ 19-02-2021 സമ്പൂർണ തർജമ**

ഇന്ത്യയിലെ ജമീയത്തുൽ ഉലമായുടെ പ്രസിദ്ധനായ നേതാവ് മൗലാനാ അബ്ദുൽ ഖാദിർ ഫറങ്കി 1920 മെയ് 30ന് ഹദ്റത്ത് മുസ്ലിഹ് മൗഊദിന്റെ സവിധത്തിൽ ഒരു കത്ത് മുഖാന്തരം കോൺഫറൻസിൽ അദ്ദേഹത്തിന്റെ ചിന്താഗതികൾ പങ്കുവയ്ക്കാനായി ക്ഷണിച്ചു. അങ്ങനെ ഹുദൂർ(റ) **'തുർക്കി ഉടമ്പടിയും മുസ്‌ലിമീങ്ങളുടെ ഭാവി നീക്കവും'** എന്ന വിഷയത്തിൽ ഒരു ദിവസംകൊണ്ട് ഈ ലേഖനം രചിക്കുകയും രാത്രിക്കുരാത്രി തന്നെ അത് പ്രസിദ്ധീകരിച്ച് മൗലനാ മുഹമ്മദ് സർവർ ശാഹ് സാഹിബ്, ഹദ്റത്ത് സയ്യിദ് വലിയുല്ലാഹ് ശാഹ് സാഹിബ്, ഹദ്റത്ത് ചൗദ്‌രി മുഹമ്മദ് സഫ്റുല്ലാഹ് ഖാൻ സാഹിബ് എന്നിവർ മുഖേന അയച്ചുകൊടുക്കുകയും ചെയ്തു. ഹുദൂർ(റ) ഈ പ്രബന്ധത്തിൽ തുർക്കി ഉടമ്പടിയിലെ നിബന്ധനകളുടെ പോരായ്മകൾ ചൂണ്ടിക്കാട്ടുകയും അതിന്റെ ദുഷ്പ്രഭാവത്തിൽ നിന്നു രക്ഷപ്പെടാനായി മുസ്‌ലിമീങ്ങൾക്ക് മുമ്പാകെ ചില നിർദ്ദേശങ്ങൾ വയ്ക്കുകയും ചെയ്തിരുന്നു. ഹുദൂർ തന്റെ അഭിപ്രായങ്ങൾ വാദമുഖങ്ങളോടെ അവതരിപ്പിക്കുകയും ഹിജ്റത്ത്, പൊതു ജിഹാദ്, സർക്കാറുമായി ബന്ധവിഛേദം തുടങ്ങിയ നിർദേശങ്ങൾ സ്വീകാര്യയോഗ്യമല്ലെന്നും അത് മുസ്‌ലിമീങ്ങൾക്കു നഷ്ടം വരുത്തിവെക്കുന്നവയുമാണെന്ന് വ്യക്തമാക്കുകയും ചെയ്തു. ഹുദൂർ(റ) അവർക്ക് മുമ്പാകെ വച്ച അഭിപ്രായമിതായിരുന്നു. 'നിങ്ങളുടെ തുർക്കികളോടുള്ള സമാധാന സന്ധിയുടെ നിബന്ധനകൾ അവർതന്നെ നിശ്ചയിച്ച മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്നും ഈ ഉടമ്പടിയിൽ ക്രിസ്തീയ പക്ഷത്തിന്റെ വിദ്വേഷം പ്രകടമാണെന്നും ഈ നിബന്ധനകൾ ക്യാപിറ്റലിസ്റ്റുകളുടെ നിക്ഷിപ്ത താല്പര്യങ്ങളെ കണക്കാക്കിയാണെന്നും അതിനാൽ മുസ്‌ലിമീങ്ങൾ ഈ തീരുമാനത്തെ അനിഷ്ടപ്പെടുന്നെന്നും ഇതിൽ മാറ്റം വരുത്താൻ അപ്പീൽ ചെയ്യുന്നുവെന്നും മുസ്‌ലിമീങ്ങളെല്ലാവരും ഏകകണ്ഠമായി ഒത്തൊരുമയോടെ സഖ്യശക്തികൾക്കു മുമ്പാകെ വ്യക്തമാക്കണം. ഈ പ്രബന്ധത്തിൽ പ്രസ്തുത നിർദേശങ്ങൾ വച്ചതുകൂടാതെ ഇസ്‌ലാമിന്റെയും മുസ്‌ലിമീങ്ങളുടെയും പുരോഗതിക്കും അഭിവൃദ്ധിക്കുമായി ഒട്ടും താമസിയാതെ ഒരു അന്താരാഷ്ട്ര ഇസ്‌ലാമിക സംഘടന രൂപീകരിക്കാനും ഉണർത്തുകയുണ്ടായി.(തആറുഫെ കുതുബ് അൻവാറുൽഉലൂം വാള്യം 5 പേജ് 10)

ഇന്ന് അവർ പറയുന്നത് മുസ്‌ലിമീങ്ങൾക്ക് ഒത്തൊരുമിച്ചു ഒരു തീരുമാനമെടുക്കാൻ പറ്റുന്നില്ലെന്നാണ്. എന്നാൽ, ഈ അഭിപ്രായവും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മുന്നോട്ട് വച്ചതാണ്. ഈ പ്രബന്ധത്തിൽ വരച്ചുകാട്ടിയ സ്ഥിതിഗതികൾക്ക് സമാനമാണ് ഇന്നും ചില പാശ്ചാത്യ ശക്തികളുടെ മുസ്‌ലിം ഭരണകൂടങ്ങളോടുള്ള പെരുമാറ്റവും നിലപാടുമെന്ന് കാണാം. ആ സമയത്ത് ഇൻർനെറ്റ് തുടങ്ങിയ സംവിധാനങ്ങൾ ഇല്ലായിരുന്നിട്ടും ഈ അനിതരസാധാരണമായ വിശകലനവും അദ്ദേഹത്തിന്റെ അഭിപ്രായവും ചൂണ്ടിക്കാണിക്കുന്നത് അദ്ദേഹത്തോടൊപ്പം അല്ലാഹുവിന്റെ സവിശേഷ സഹായമുണ്ടായിരുന്നെന്നും അല്ലാഹു അദ്ദേഹത്തിന് കനിഞ്ഞരുളിയ ഭൗതിക വിജ്ഞാനത്തേയും അല്ലാഹു വാഗ്ദാനം ചെയ്ത അദ്ദേഹത്തിന്റെ വിവേകത്തേയും സാക്ഷാത്കരിക്കുന്നതാണ്.

അദ്ദേഹത്തിന്റെ മറ്റൊരു പ്രഭാഷണമാണ് മലാഇക്കത്തുല്ലാഹ് (അല്ലാഹുവിന്റെ മലക്കുകൾ). ഈ പ്രസംഗം ചെയ്തത് 1920 ഡിസംബർ 28 നാണ്. ബയ്ത്തുന്നൂറിൽവച്ച് രണ്ടുദിവസം പ്രഭാഷണം നടന്നു. മലാഇക്കത്തുല്ലാഹ് എന്ന പ്രബന്ധം ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങളിലും ഈമാൻ കാര്യങ്ങളിലും പെട്ടതാണ്. ഈ വിഷയം വളരെ ഗഹനവും സൂക്ഷ്മവുമായിരുന്നിട്ടും ഹുദൂർ(റ) അതിനെ വളരെ ലളിതവും വൈജ്ഞാനികവുമായ നിലയിൽ അവതരിപ്പിച്ചു. ഹുദൂർ(റ) ഖുർആനിന്റെ വെളിച്ചത്തിൽ മലക്കുകളുടെ യാഥാർഥ്യം, ആവശ്യകത, വിഭാഗങ്ങൾ, കർത്തവ്യങ്ങൾ, സേവനങ്ങൾ എന്നിവ കൂടാതെ മലക്കുകളുടെ അസ്തിത്വത്തെക്കുറിച്ച് തെളിവുകളും അവയെക്കുറിച്ചുള്ള സംശയങ്ങൾക്കും ആക്ഷേപങ്ങൾക്കും വിശദവും പ്രമാണബദ്ധവുമായ മറുപടിയും നൽകി. വിഷയാവസാനത്തിൽ ഹുദൂർ(റ) മലക്കുകളുമായി ബന്ധം സ്ഥാപിക്കുന്നതും അവരിൽനിന്നും ഫലമെടുക്കുന്നതും സംബന്ധിച്ച എട്ടു മാർഗങ്ങൾ വിവരിച്ചു. ഒന്നാമത്തെ കാര്യം, ജിബ്‌രീൽ ഇറങ്ങുന്ന വ്യക്തിയുടെ അടുത്തിരിക്കുന്നതിലൂടെ അതായത് സജ്ജനങ്ങളുടെയും പ്രവാചകന്മാരുടെയും കൂടെയുള്ള സഹവാസത്തിലൂടെ. രണ്ട് നബി(സ)തിരുമേനിയുടെമേൽ സ്വലാത്തു ചൊല്ലുന്നതിലൂടെ. മൂന്ന്, മാപ്പും വിട്ടുവീഴ്ചയും ചെയ്യാനും ദുർഭാവനകൾ കൈവെടിയാനും ഹൃദയത്തിൽ പ്രേരണയുണ്ടാക്കുന്നതിലൂടെ. നാല്, തസ്ബീഹും തഹ്‌മീദും ചെയ്യുന്നതിലൂടെ. അഞ്ച്, സശ്രദ്ധം വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിലൂടെ. ആറ്, മലക്കുകൾ ഇറങ്ങുന്ന വ്യക്തി എഴു തിയ പുസ്തകങ്ങൾ വായിക്കുന്നതിലൂടെ. ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കേണ്ടതാണ്. ഏഴ്, മലക്കുകൾ സവിശേഷമായി ഇറങ്ങുന്ന സ്ഥലങ്ങൾ സന്ദർശിക്കുന്നതിലൂടെ. ചില പുണ്യ കേന്ദ്രങ്ങൾ അത്തരത്തിലുണ്ട്. അവിടെ പോകേണ്ടതാണ്. എട്ട് ഖലീഫയുമായി ബന്ധം സ്ഥാപിക്കുന്നതിലൂടെ. ഇക്കാര്യങ്ങളെല്ലാമാണ് അദ്ദേഹം ഇതിൽ വിവരിച്ചത്.(മലാഇക്കത്തുല്ലാഹ്, അൻവാറുൽഉലൂം, വാള്യം 5, പേജ് 15)

ളറൂറത്തെ മദ്ഹബ് (മതത്തിന്റെ ആവശ്യകത) എന്ന ഒരു പ്രഭാഷണവും അദ്ദേഹത്തിന്റേതായുണ്ട്. അത് 1921 മാർച്ച് അഞ്ചിന് ലാഹോറിലെ ചില വിദ്യാർഥികളുടെ ചോദ്യങ്ങൾക്ക് ഉത്തരമായി അദ്ദേഹം നല്കിയതാണ്. അതിന്റെ ലഘു വിവരണം ഇപ്രകാരമാണ്. 1921 മാർച്ച് 4 ലെ ഒരു കേസിൽ സാക്ഷിമൊഴി നല്കാനായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ലാഹോറിലേക്ക് പോയി. 4 മുതൽ 7 വരെ അവിടെ കഴിച്ചു കൂട്ടി. മാർച്ച് 5 ന് ചില വിദ്യാർഥികൾ ഹുദൂറിനെ കാണാനായി വരികയും മൂന്നു ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു. ഒന്ന്, മതത്തിന്റെ ഒരാവശ്യവുമില്ല. അതുകൊണ്ടൊരു ഗുണവുമില്ല. എന്നാൽ, ജനങ്ങൾ ചില ബാഹ്യമായ നേട്ടങ്ങൾക്കായി മതം സ്വീകരിച്ചാൽ അതിൽ തെറ്റില്ല. ഇതേക്കുറിച്ച് വിശദമാക്കാമോ? രണ്ട്, ഇതര മതങ്ങളിലും പ്രവചനങ്ങൾ നടത്തുന്ന വ്യക്തികൾ കണ്ടുവരുന്നുണ്ട്. എന്നിരിക്കെ ചില പ്രവചനങ്ങൾ ഉള്ളത് ഇസ്‌ലാമിന്റെ ഒരു സവിശേഷതയാകുന്നില്ലല്ലോ? മൂന്ന്, ഹദ്റത്ത് മിർസാ സാഹിബിന്റെ പ്രസ്ഥാനം വ്യാപിക്കുന്നത് അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള തെളിവല്ല. കാരണം റഷ്യയിലെ ലെനിനും വൻ വിജയമുണ്ടായിട്ടുണ്ട്. ഹുദൂർ ഈ മൂന്ന് ചോദ്യങ്ങൾക്കും ലളിതമായ നിലയിൽ വാദമുഖങ്ങളോടുകൂടിയ മറുപടി നൽകി. മതത്തിന്റെ ആവശ്യകതയുടെ ചോദ്യം ദൈവത്തിന്റെ അസ്തിത്വവുമായി ബന്ധപ്പെട്ടതാണ്. ദൈവമുണ്ടെങ്കിൽ മതത്തിന്റേയും ആവശ്യകതയുണ്ട്. ദൈവത്തിന്റെ അസ്തിത്വത്തിലുള്ള തെളിവ് അവൻ തന്റെ ദാസരോട് സംവദിക്കുന്നതാണ്. ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനങ്ങൾ പുലരുന്നുണ്ട്. അവ ദൈവത്തിന്റെ അസ്തിത്വത്തിന് തെളിവും പ്രദാനം ചെയ്യുന്നുണ്ട്. രണ്ടാമത്തെ ചോദ്യത്തിനുത്തരമായി ഹുദൂർ(റ) പറഞ്ഞു: പ്രവാചകന്മാരും മറ്റുള്ളവരും ചെയ്യുന്ന പ്രവചനങ്ങളിലുള്ള അടിസ്ഥാന അന്തരമെന്നത് മറ്റുള്ളവർ തങ്ങളെ അറിവിന്റെ അടിസ്ഥാനത്തിലാണ് പ്രവചിക്കുന്നത്. അത് അനുമാനങ്ങളായിരിക്കും. എന്നാൽ, പ്രവാചകന്മാരുടെ പ്രവചനങ്ങൾ അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ളതായിരിക്കും. അവ പ്രതികൂല സാഹചര്യത്തിലായിരിക്കും. അവയിൽ ചിലതിന് അനേകം വശങ്ങളുണ്ടായിരിക്കും. അവയ്ക്ക് പ്രൗഢിയും ഭരണകർത്താക്കൾക്ക് തുല്യം അധികാരവും ഉണ്ടാകും. മൂന്നാമത്തെ ചോദ്യത്തിന്റെ ഉത്തരമായി ഹുദൂർ(റ) പറഞ്ഞു: ഹദ്റത്ത് മിർസാ സാഹിബിനുണ്ടായ പുരോഗതികൾ അവ ഉണ്ടാകുന്നതിനുമുമ്പേതന്നെ അദ്ദേഹം വാദിച്ച പ്രകാരമായിരുന്നു. അതുകൊണ്ട് മറ്റുള്ളവർക്കും പുരോഗതിയുണ്ടാകുന്നു, ആയതിനാൽ ഹദ്റത്ത് മിർസാ സാഹിബിനു ലഭിക്കുന്ന പുരോഗതികൾ അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള തെളിവല്ലാ എന്നു പറയുന്നത് തെറ്റാകും. (തആറുഫെ കുതുബ് അൻവാറുൽഉലൂം വാള്യം 5 പേജ് 1-2)

എന്തായാലും ഇത് ഒരു വിശദവും സുദീർഘവുമായ ലേഖനമാണ്.

1921-ൽ ദൈവാസ്തിക്യത്തെ കുറിച്ച് അദ്ദേഹം ഒരു സുദീർഘ പ്രഭാഷണം നടത്തി. 190 പേജുകൾ അടങ്ങിയതാണത്. അതിന്റെ ചുരുക്കമിതാണ്: ദൈവാസ്തിക്യം എന്ന വിഷയത്തെക്കുറിച്ച് ജ്ഞാന വിജ്ഞാനങ്ങൾ നിറഞ്ഞ, ചിന്തോദ്ദീപകമായ പണ്ഡിതോചിതവും സമഗ്രവുമായ ഒരു പ്രഭാഷണമാണ് 1921 ൽ അദ്ദേഹം നടത്തിയത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ പ്രഭാഷണത്തിൽ ദൈവസ്തികൃത്തിന്റെ 8 തെളിവുകളും അവയ്ക്കുമേലുണ്ടാകുന്ന ആരോപണങ്ങൾക്കുള്ള മറുപടിയും നൽകി. ദൈവത്തിന്റെ സിഫത്തുകൾ മുഖേന ദൈവാസ്തികൃത്തിനു തെളിവുകൾ ഉന്നയിച്ചു. ദൈവീക ഗുണങ്ങളുടെ തരങ്ങളും വിവരിച്ചു. അല്ലാഹുവിനെക്കുറിച്ച് യൂറോപ്പുകാരുടെ ചിന്തകൾ, സൗരാഷ്ട്രമതക്കാരുടെ സങ്കല്പങ്ങൾ, ഹിന്ദുക്കളുടെ വീക്ഷണങ്ങൾ, ആര്യമതക്കാരുടെ കാഴ്ചപ്പാടുകൾ എന്നിവയുമായി ഇസ്‌ലാമിൽ അല്ലാഹുവിനെക്കുറിച്ചുള്ള അധ്യാപനങ്ങളുടെ വിശദാംശങ്ങളെ താരതമ്യം ചെയ്തു വിവരിച്ചു. അതുകൂടാതെ ഹുദൂർ(റ) ഈ പ്രഭാഷണത്തിൽ ശിർക്കിന്റെ നിർവചനം, തരം തിരിവുകൾ എന്നിവ വിവരിച്ചുകൊണ്ട് അവയ്ക്കുള്ള ഖണ്ഡനങ്ങൾ നിർദ്ദേശിച്ചു. ദിവ്യ സ്വപ്നങ്ങളുടെ ഘട്ടങ്ങൾ, പ്രയോജനങ്ങൾ അവ നേടുന്നതിനുള്ള മാർഗങ്ങൾ, ഉപാധികൾ എന്നിവ വിശദീകരിച്ചു.(തആറുഫെ കുതുബ് അൻവാറുൽഉലൂം വാള്യം 6 പേജ് 6)

1921- ൽ അദ്ദേഹം തുഹ്ഫ ശഹ്സാദ വേൽസ് (വേൽസ്‌രാജകുമാരനൊരു ഉപഹാരം) എന്ന പുസ്തകം രചിച്ചു. വേൽസ് രാജകുമാരൻ ഇന്ത്യ സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിന് അത് സമർപ്പിച്ചു. അതിന്റെ ചുരുക്കമിതാണ്: ഗ്രേറ്റ് ബ്രിട്ടന്റെ രാജാധികാരി വേൽസ് രാജകുമാരൻ 1921 ഡിസംബറിൽ ഇന്ത്യാ പര്യടനത്തിനായി വന്നു. ഇദ്ദേഹമാണ് പിന്നീട് എഡ്വേർഡ് എട്ടാമൻ എന്നറിയപ്പെട്ടത്. 1936-ൽ ഇദ്ദേഹം ചർച്ച് ഓഫ് ഇംഗ്ലണ്ടുമായി ഭിന്നിച്ചു സിംഹാസനം ഒഴിഞ്ഞു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)അദ്ദേഹം ഇന്ത്യയിൽ വന്നപ്പോൾ തുഹ്ഫ ശഹ്സാദ വേൽസ് എന്ന ടൈറ്റിലിൽ ഒരു പുസ്തകം രചിച്ചു. ഹുദൂറിന്റെ നിർദേശപ്രകാരം ജമാഅത്തിന്റെ 32208 മെമ്പർമാർ ഓരോരുത്തരും ഒരണ വീതം ശേഖരിച്ച് ആ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിന് ഏർപ്പാട് ചെയ്തു. അഹ്മദിയ്യ ജമാഅത്തിന്റെ ഒരു സംഘം ലാഹോറിൽ 1922 ഫെബ്രുവരി 27 ന് പഞ്ചാബിന്റെ ഗവൺമെൻറ് മുഖാന്തരം പ്രിൻസ് ഓഫ് വേൽസിന് സമക്ഷം ഒരു അഡ്രസ്സോടുകൂടി ഇസ്‌ലാമിന്റെ അമൂല്യ സമ്മാനമായി ഈ പുസ്തകം അയച്ചുകൊടുത്തു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പണ്ഡിതോചിത

മായ ലഘു ലേഖനത്തിൽ ഭരണകൂടത്തോട് വിശ്വസ്തത പ്രകടിപ്പിച്ചു കൊണ്ട് ആഗോള അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ വന്ദ്യ സ്ഥാപകനായ ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ)ന്റെ ലഘു ജീവചരിത്രം, അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ അധ്യാപനങ്ങൾ, ചരിത്രം, സ്ഥാപന ലക്ഷ്യം എന്നിവ വിവരിച്ചു. അവസാനത്തിൽ റസൂലിന്റെ സുന്നത്തിന് അനുധാവനം ചെയ്തുകൊണ്ട് ബ്രിട്ടന്റെ സിംഹാസനാവകാശിക്ക് ഇസ്‌ലാമിന്റെ സന്ദേശം പ്രഭാവം ചെലുത്തും വിധം എത്തിക്കുകയും ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തു. വേൽസ് രാജകുമാരൻ ഹുസൂറിന്റെ ഈ ഉപഹാരം സ്വീകരിച്ചു. തന്റെ ചീഫ് സെക്രട്ടറി മുഖേന അതിനു നന്ദിയും അറിയിച്ചു. (തആറുഫെ കുതുബ് അൻവാറുൽഉലൂം വാല്യം 6 പേജ് 7)

1936ന് എഡ്വേർഡ് എട്ടാമനായി അവരോധിതനായ പ്രിൻസ് വേൽസിനെ ഈ പുസ്തകം പ്രഭാവിതനുമാക്കി. ഞാൻ പറഞ്ഞതുപാലെ പിന്നീട് അഭിപ്രായഭിന്നത കാരണം അദ്ദേഹം സിംഹാസനം ഒഴിയുകയുണ്ടായി. അദ്ദേഹം ഈ പാരിതോഷികത്തെ വളരെ വിലമതിക്കുകയും ആദരപൂർവ്വം നോക്കി കാണുകയും ചെയ്തു. ചീഫ് സെക്രട്ടറി മുഖേന നന്ദി അറിയിച്ചുവെന്നു മാത്രമല്ല, 1922 മാർച്ചിൽ ലാഹോറിൽനിന്ന് ജമ്മുവിലേക്കുള്ള യാത്രയിൽ അത് പൂർണമായും പാരായണം ചെയ്യുകയും സന്തോഷവാനാവുകയും ചെയ്തു. പിന്നീടു ലഭിച്ച വിവരമനുസരിച്ച് പുസ്തകം വായിച്ചു കൊണ്ടിരിക്കെ ചില സ്ഥലത്തെത്തിയാൽ അദ്ദേഹത്തിന്റെ മുഖം റോസാപ്പൂകണക്കെ വിടർന്നിരുന്നു. അതുപോലെ അദ്ദേഹത്തിന്റെ മറ്റൊരു സഹായിയും പറയുന്നു, അദ്ദേഹം ആ പുസ്തകം വായിക്കവെ പെട്ടെന്ന് എഴുന്നേറ്റ് നില്ക്കുമായിരുന്നു. അതിന് കുറച്ചുകാലം കഴിഞ്ഞ് അദ്ദേഹം ക്രിസ്തുമതത്തിൽനിന്ന് പ്രത്യക്ഷമായ നിലയിൽ വിമുഖനായി.

1922 ഏപ്രിൽ 24ന് സുൽഫിഖാർ എന്ന പത്രത്തിൽ ഈ പുസ്തകത്തെ കുറിച്ച് ഇപ്രകാരം റിവ്യൂ വന്നിട്ടുണ്ട്. ഞങ്ങൾക്ക് ഖലീഫ ഥാനിയുടെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ഇസ്‌ലാമിക പ്രചാരണത്തെ കുറിച്ച് പുകഴ്ത്താതെ വയ്യ. തുഹ്ഫ വേൽസിന്റെ ഭൂരിഭാഗവും ഇസ്‌ലാമിന്റെ പ്രബോധനത്താൽ സമ്പുഷ്ടമാണ്. ഒരു മഹത്തായ പ്രവർത്തനമാണിത്. അതു കണ്ടാൽ അനഹ്മദികൾ എന്തായാലും സംശയിച്ചു പോകുന്നതാണ്. പത്രപ്രവർത്തനത്തിന്റെ മേശയിൽ വിഭാഗീയ ചിന്തയുടെ മാല ഊരി വെക്കേണ്ടത് നിർബന്ധമാണ്. അങ്ങനെ നാം ഈ ഉപഹാരത്തെ കണ്ട് അമ്പരന്നിരിക്കുകയാണ്. ഈ ഉപഹാരത്തിൽ പ്രതിഭാശാലിയായ ഗ്രന്ഥകർത്താവ് നബി(സ)തിരുമേനിയുടെ തിരുസുന്നത്തിനെയും പൂർണ്ണമായും പാലിച്ചിരിക്കുന്നു. ബ്രിട്ടന്റെ സിംഹാസനാവകാശിക്ക് ഇസ്‌ലാമിക സന്ദേശം വളരെ സ്വതന്ത്രവും നിർഭയവുമായി എത്തിച്ചിരിക്കുകയാണ്. ഇസ്‌ലാമിലെ ഏതെങ്കിലും വിഭാഗത്തിന്റെ വ്യക്തി അല്ലെങ്കിൽ ഇക്കാലത്തെ കലാപപ്രിയമുള്ള പത്രങ്ങൾ അസൂയയും വിദ്വേഷവും കാരണമായി ഈ ഉപഹാരത്തിനുമേൽ ആക്രമണം നടത്തുന്നുവെങ്കിൽ അത് വേറെ കാര്യമാണ്. ഈ ഉപഹാരത്തിൽ നമുക്ക് എവിടെയും മുഖസ്തുതി കാണാൻ സാധിച്ചിട്ടില്ല. ചില സ്ഥലങ്ങളിൽ മിർസാ ഗുലാം അഹ്മദ് സാഹിബിന്റെ ആദ്യന്തം അവസ്ഥകൾ എഴുതിയിട്ടുണ്ടെന്നത് ശരി തന്നെ. എന്നാൽ, ആ സംഭവങ്ങൾ സമാധാന തൽപരതയും ഭരണകൂടത്തോടുള്ള വിശ്വസ്തതയും പ്രകടിപ്പിക്കുന്നതാണ്. സമാധാനലംഘകരും കലാപപ്രിയരുമായ വിഭാഗങ്ങളെ അല്ലാഹു സുഹൃത്താക്കില്ല. മറിച്ച് അവരെ നശിപ്പിക്കുന്നതാണ്.

അതുപോലെ പഞ്ചാബിന്റെ ഒരു അർദ്ധ സർക്കാർ പത്രമായ സിവിൽ ആൻഡ് മിലിറ്ററി ഗസ്റ്റ് 1922 ഏപ്രിൽ 18 ന്റെ പതിപ്പിൽ എഴുതുന്നു: 'വളരെയധികം യോഗ്യതയോടും ജ്ഞാനത്തോടും ഇതിലെ വാദമുഖങ്ങൾ ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നെന്നു സമ്മതിക്കേണ്ടിവരും. ഇതിന്റെ ആത്യന്തികമായ ലക്ഷ്യം പ്രബോധനത്തിന്റെ പ്രയത്നമാണെന്നത് വസ്തുതയാണെങ്കിലും പ്രിൻസ് ഓഫ് വേൽസ് അഹ്മദി ആയാലും ഇല്ലെങ്കിലും ഈ പുസ്തകത്തിന്റെ വിലയ്ക്കും നിലയ്ക്കും അതുപോലെ മതങ്ങൾ പ്രത്യേകിച്ച് ഇന്ത്യയിലേയും ബ്രിട്ടണിലേയും അനേകം മതങ്ങളിൽ താൽപര്യം വയ്ക്കുന്നവരുടെ ആനന്ദാനുഭൂതിയിലും ഒരു കുറവും വരില്ലെന്നത് നിസ്സംശയമാണ്. വിദേശങ്ങളിലും ഈ പുസ്തകം വലിയ സ്വാധീനം ചൊലുത്തി. പാശ്ചാത്യ രാഷ്ട്രങ്ങളിൽ ഇത് ഇസ്‌ലാമിക പ്രചാരണത്തിനുള്ള പുത്തൻ മാർഗം തുറന്നിരിക്കുകയാണ്. ഓസ്ട്രിയുടെ തലസ്ഥാനമായ വിയന്നയിലെ മൂന്നു ഭാഷകളിൽ പ്രാവീണ്യമുള്ള ഒരു പ്രൊഫസർ വളരെയധികം സന്തോഷം പ്രകടിപ്പിച്ചു. അതോടൊപ്പം താൻ വൃദ്ധനായിരിക്കുന്നു ഇല്ലെങ്കിൽ ഇതിനെ ലോകം മുഴുവൻ പ്രചരിപ്പിക്കുമായിരുന്നുവെന്ന വ്യസനവും പ്രകടിപ്പിച്ചു.

ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ) അമേരിക്കയിൽനിന്നുമെഴുതി: ഈ പുസ്തകം അമേരിക്കയെ വലുതായി സ്വാധീനിച്ചിട്ടുണ്ട്. ഇത് അമേരിക്കയുടെ വൈജ്ഞാനിക ആവശ്യാനുസരണം എഴുതപ്പെട്ടതാണെന്ന് തോന്നിപ്പോകുന്നു. പാശ്ചാത്യരാഷ്ട്രങ്ങൾക്കു പുറമേ ആഫ്രിക്കയിലും അതിന്റെ പ്രഭാവമുണ്ടായി. നെയ്റൂബിയിലെ 'ലീഡർ' പത്രത്തിൽ എഴുതുന്നു: ഞാൻ ക്രിസ്ത്യാനിയല്ലെങ്കിലും ക്രിസ്ത്യാനി വീട്ടിലാണ് ജനിച്ചത്. അവരുടെ സാഹിത്യങ്ങളെ കുറിച്ച് നന്നായറിയാം. എന്നാൽ, എനിക്ക് ഈ പുസ്തകത്തിൽ നിന്നു പ്രാപ്യമായതും ആനന്ദമുണ്ടായതും വിവരണാതീതമാണ്. ഈ പുസ്തകം എഴുതിയ വ്യക്തി മുസ്‌ലിമാണെങ്കിലും ക്രിസ്ത്യാനികളോടൊപ്പം വർഷങ്ങളോളം താമസിച്ച വ്യക്തിയും അവരുടെ സാഹിത്യങ്ങളെ സശ്രദ്ധം വായിച്ച വ്യക്തിയുമാണെന്നാണ് എന്റെ ബലമായ സംശയം. അല്ലാത്തപക്ഷം ക്രിസ്ത്യാനികൾക്ക് ഇത്രയും അർഥവത്തായ കാര്യങ്ങൾ സധൈര്യം പറഞ്ഞു കൊടുക്കാൻ ആവുക വളരെ പ്രയാസകരമാണ്. മതാടിസ്ഥാനത്തിൽ വിരചിതമായിട്ടും മതപക്ഷപാതം ഇല്ലാതെയുള്ള ഒരു പുസ്തകവും ഞാൻ ഇന്നുവരെ കണ്ടിട്ടില്ല. ഇത്തരത്തിലുള്ള ആദ്യത്തെ പുസ്തകമാണിത്. (താരീഖെ അഹ്മദിയ്യത്ത്, വാല്യം 4, പേജ് 292 –294)

അതുപോലെ 1924 ലെ അദ്ദേഹത്തിന്റെ ഒരു പ്രഭാഷണമാണ്,അഹ്മദിയ്യത്ത് യഅ്നി ഹഖീഖീ ഇസ്‌ലാം(അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം). വിംബ്ലേ കോൺഫ്രൻസിലാണ് അത് നടന്നത്. വളരെ ബൃഹദ്ഗ്രന്ഥമാണ്. 250 പേജുകളുണ്ട്. 1924 ആണ് വിംബ്ലേ കോൺഫ്രൻസ് നടന്നത്. ലോകമതങ്ങളുടെയെല്ലാം പണ്ഡിത കേസരികൾ അതിലേക്ക് ക്ഷണിക്കപ്പെട്ടിരുന്നു. സ്വന്തം മതങ്ങളുടെ മാഹാത്മ്യങ്ങൾ വിവരിക്കാൻ നിർദേശമുണ്ടായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ആ കോൺഫ്രൻസിനു വണ്ടി അഹ്മദിയ്യത്ത് യഅ്നീ ഹഖീഖി ഇസ്‌ലാം എന്ന പേരിൽ മേയ് 24 മുതൽ ജൂൺ 6 ന്റെ ഇടയിൽ രണ്ടാഴ്ചയിൽ കുറഞ്ഞ സമയത്തിൽ ഒരു ബൃഹദ് ഗ്രന്ഥം രചിച്ചു. എന്നിട്ട് അതിന്റെ ചുരുക്കം ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ സാന്നിധ്യത്തിൽ ഹദ്റത്ത് ചൗദരി മുഹമ്മദ് സഫ്റുല്ലാഹ് ഖാൻ സാഹിബ് അവിടെ വായിച്ചുകേൾപ്പിച്ചു. ആ ലക്ചർ വളരെ പുതുമയേറിയതും വ്യതിരിക്തവുമായിരുന്നു. ക്രിസ്തുമതത്തിലെ വലിയ വലിയ നേതാക്കന്മാർപോലും അനിയന്ത്രിതരായി പറഞ്ഞു: ഈ പ്രബന്ധത്തിലെ വിചാരധാരകൾ ക്രമത്തിന്റേയും തെളിവുകളുടേയും സൗന്ദര്യത്തിന്റേയും അടിസ്ഥാനത്തിൽ പുതുമയുള്ളതും തീർത്തും വ്യത്യസ്തവുമാണ്. ഈ ലക്ചർ മുഖേന അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിന്റെ സന്ദേശം ലോകമതങ്ങളുടെ വലിയ വലിയ ലീഡർമാരിലേക്ക് എത്തിക്കാൻ അല്ലാഹു അവസരമൊരുക്കി. അതും അവർ ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ അംഗീകരിക്കാൻ നിർബന്ധിതരാകും വിധം. ഈ ഗ്രന്ഥത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇസ്‌ലാമിന്റെ സുന്ദരാധ്യാപനങ്ങളുടെ വിവിധ വശങ്ങളിൽ വളരെ ഭംഗിയായ നിലയിൽ വെളിച്ചം വീശുകയുണ്ടായി. ആദ്യമായി അദ്ദേഹം വിശുദ്ധ ഖുർആനിലെ 'സ്വാഫാത്ത്' അധ്യായത്തിലെ ആയത്തുകൾ ഉദ്ധരിച്ചുകൊണ്ട് ഇവിടെ ചേരുന്ന മത സമ്മേളനങ്ങളെപോലുള്ള സമ്മേളനങ്ങളെ കുറിച്ച് ഇന്നേക്ക് 13 നൂറ്റാണ്ടു മുമ്പേ ഖുർആനിൽ വൃത്താന്തം വന്നിട്ടുണ്ടെന്ന് സമർപ്പിച്ചു. അതേ തുടർന്ന് അദ്ദേഹം അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുത്തി. അഖണ്ഡിത തെളിവുകളാൽ അഹ്മദിയ്യത്തും യഥാർഥ ഇസ്‌ലാമും ഒരേ സംഗതിയുടെ പേരാണെന്ന് തെളിയിച്ചു. അതിനുശേഷം അദ്ദേഹം മതത്തിന്റെ നാലു ലക്ഷ്യങ്ങൾ വിവരിച്ചു. അത് സംബന്ധിച്ച് ആദ്യമായി അല്ലാഹുവിനെ കുറിച്ച് ഇസ്‌ലാമിന്റെ കാഴ്ചപ്പാട് സ്പഷ്ടമാക്കി. ഒരു മനുഷ്യൻ തന്റെ ദൈവത്തോട് എത്തരത്തിലുള്ള ബന്ധം പുലർത്തണമെന്നാണ് ഇസ്‌ലാം പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കി. ദൈവത്തിൽനിന്ന് മനുഷ്യനിൽ അർപ്പിതമായ ചുമതലകളെന്തൊക്കെയെന്നു വിവരിച്ചു. ഇസ്‌ലാം ഉപാധികളും മാർഗങ്ങളും ഉപയോഗിക്കാതെ എല്ലാകാര്യങ്ങളും അല്ലാഹുവിനു വിട്ടുകൊടുക്കുന്നു, അതായത് കൈകാലുകൾ അനക്കേണ്ട കാര്യമില്ല എന്ന ഒരാരോപണം മുസ്‌ലിങ്ങൾക്കുമേൽ ഉന്നയിക്കപ്പെടാറുണ്ട്. അതിനെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) നിവാരണം ചെയ്തു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു: ഇത് ഇസ്‌ലാമിക അധ്യാപനമല്ല എന്ന് പരിശുദ്ധ ഖുർആനിൽനിന്നു സ്ഥാപിതമായൊരു കാര്യമാണ്. ഇസ്‌ലാം പഠിപ്പിക്കുന്നത് ഉപാധികളെ പരമാവധി പ്രയോജനപ്പെടുത്തണമെന്നാണ്. സാധ്യമായ മാർഗങ്ങളെ സ്വീകരിക്കേണ്ടതുമാണ്. ശേഷമാണ് അല്ലാഹുവിൽ ഭരമേല്പിക്കേണ്ടത്. ആയതിനാൽ ഉപാധികളെ നിരാകരിക്കുന്നതിന്റെ പേരല്ല തവക്കുൽ അഥവാ ഭരമേൽപ്പിക്കൽ. ദൈവം ഒരു ജീവൽദൈവമാണെന്ന കാര്യത്തിൽ പൂർണവിശ്വാസം വരിക്കുന്നതിന്റെ പേരാണത്. തുടർന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മറ്റൊരു കാര്യത്തിലേക്ക് ശ്രദ്ധക്ഷണിച്ചു. ഇന്ന് നിലവിൽ ദൈവവുമായി മനുഷ്യനെ ബന്ധിപ്പിക്കുന്ന ഒരേയൊരു സംഗതി ഇസ്‌ലാമാണ്. ഇസ്‌ലാമിന്റെ വാദമാണത്. ഇസ്‌ലാമികാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുകയും ദൈവവുമായി കൂടിച്ചേരാനുള്ള ഹൃദയവേദന വയ്ക്കുകയും ചെയ്യുന്ന ഒരാൾക്ക് ദൈവത്തെ തീർച്ചയായും പ്രാപിക്കാം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഇതുസംബന്ധിച്ച സംശയനിവാരണം നടത്താൻ ഇസ്‌ലാമിനു മാത്രമേ സാധിക്കുകയുള്ളൂ. ഇസ്‌ലാമികാധ്യാപനങ്ങളെ പിന്തുടർന്നുകൊണ്ട് ദൈവീക ഗുണങ്ങളുടെ പ്രകട സ്വരൂപമാകുന്നവരുണ്ട്. അവർ ആദ്യം സ്വന്തം അസ്തിത്വത്തിൽ ദൈവീക ഗുണങ്ങളുടെ പ്രതിബിംബം സ്ഫുരിക്കുമാറാക്കുകയും പിന്നെ മറ്റുള്ളവർക്ക് അവന്റെ ദൃഷ്ടാന്തങ്ങൾ കാണിക്കുകയും ദൈവാസ്തിത്വത്തിന്റെ സമ്പൂർണ്ണ പരിജ്ഞാനം നല്കുകയും ചെയ്യുന്നു. ആയതിനാൽ അല്ലാഹു ഈ കാലഘട്ടത്തിൽ ഈയൊരു ഉദ്ദേശ്യത്തിനായി അതായത് ജനങ്ങൾ അവന്റെ സത്തയെ തിരിച്ചറിയുകയും സംശയഗ്രസ്തമായ ജീവിതത്തിൽ നിന്നു ശുദ്ധിവരിക്കുകയും ചെയ്യാനായി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയക്കുകയുണ്ടായി. അതിനുശേഷം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ധാർമിക ഗുണങ്ങളുടെ വ്യത്യസ്ത വശങ്ങളെ കുറിച്ച് വിശദമായി

ചർച്ച ചെയ്തു. ഇസ്‌ലാമിന്റെ ധാർമിക അധ്യാപനങ്ങൾ തന്നെയാണ് അന്യൂനമെന്നും മറ്റൊരു മതത്തിനും അതിനോട് കിടപിടിക്കാനാകില്ലെന്നും തെളിയിക്കുകയും ചെയ്തു. തുടർന്ന് അദ്ദേഹം സദ്ഗുണങ്ങളുടെ അടിസ്ഥാനതത്ത്വങ്ങളെക്കുറിച്ചും ദുർഗുണങ്ങളിൽനിന്നു രക്ഷപ്പെടേണ്ട മാർഗങ്ങളെ സംബന്ധിച്ചും വിശദമായി വെളിച്ചം വീശി. ധാർമികത ശരിയാക്കുന്നതിനെ കുറിച്ചുള്ള ഇസ്‌ലാമികാധ്യാപനങ്ങളെയും വിവരിച്ചു. ശേഷം അദ്ദേഹം പരിഷ്കരണത്തെ കുറിച്ചുള്ള ഇസ്‌ലാമികാധ്യാപനങ്ങളെന്തൊക്കെയെന്ന് പ്രതിപാദിച്ചു. വളരെ സൂക്ഷ്മതലത്തിലുള്ള ധാർമികതയും പരിഷ്കാരവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കി. തുടർന്ന് സമൂഹത്തിൽ മനുഷ്യൻ വിവിധ തരക്കാരോട് ബന്ധം വെക്കുന്നതിന്റെ രേഖാപരിധികളെന്തായിരിക്കണമെന്നു വിശദമാക്കി. നാഗരികതയുടെ അടിസ്ഥാന തത്ത്വങ്ങൾ വിവരിച്ചു. ശേഷം അദ്ദേഹം ഭരണകൂടങ്ങളുടെ പരസ്പര ബന്ധങ്ങൾ എത്തരത്തിലായിരിക്കണമെന്ന് വിശദീകരിച്ചു. വ്യത്യസ്ത രാജ്യങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് വിശുദ്ധ ഖുർആന്റെ മൂല്യവത്തായ അധ്യാപനങ്ങൾ വിവ രിച്ചു. എന്നിട്ട് പറഞ്ഞു: ലീഗ് ഓഫ് നേഷൻസി(League of Nations)ന്റെ അടിസ്ഥാനം ഈ തത്ത്വങ്ങൾക്കു അനുസൃതമായിരുന്നെങ്കിൽ അത് വിജയകരമായി ഭവിച്ചേനെ. എന്നാൽ, അപ്രകാരം ചെയ്തില്ല. അതുകൊണ്ടു അത് പരാജയപ്പെട്ടു. ഇനി യു.എൻ.ഓ യും ഈ തത്ത്വങ്ങളനുസരിച്ച് മുന്നോട്ട് പോയില്ലെങ്കിൽ അതും പരാജയപ്പെടുന്നതാണ്. കൂടുതൽ പരാജയപ്പെടുന്നതാണ്. പുസ്തകത്തിന്റെ അവസാനം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളെ പ്രതിപാദിക്കുക മാത്രമല്ല ചെയ്തത് മറിച്ച് അദ്ദേഹം അധ്യാപനങ്ങൾ പ്രാവർത്തികമാക്കിയതിന്റെ ഉദാഹരണങ്ങളും സമർപ്പിച്ചു. അവർ എപ്രകാരമാണ് തങ്ങളുടെ ജീവിതത്തിൽ വിപ്ലവകരമായ മാറ്റം സൃഷ്ടിച്ചതെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങൾ അവരിൽ എത്രമാത്രം സ്വാധീനം ചെലുത്തിയെന്നും അവരിൽ ചിലർ തങ്ങളുടെ ജീവൻ ത്യാഗം ചെയ്യുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളെ ഉപേക്ഷിക്കാൻ കൂട്ടാക്കാതിരിക്കുകയും ചെയ്തെന്നും വിവരിച്ചു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ലോകം മുഴുവനുള്ളവരെയും അഹ്മദിയ്യത്ത് സ്വീകരിക്കാൻ ക്ഷണിക്കുകയും ഈ പ്രയാസങ്ങൾ ദൂരീകരിക്കപ്പെടുന്ന സമയം സമാഗതമായെന്നും ഈ കാലഘട്ടത്തിലെ ദൈവദൂതന്റെ കൈകളിൽ ഒരുമിച്ചാൽ അവർക്ക് ദീനിലും ദുൻയാവിലും വിജയിക്കാമെന്നും സുവാർത്ത നൽകുകയും ചെയ്തു.(തആറുഫെ കുതുബ്, അൻവാറുൽഉലൂം വാള്യം 8, പേജ് 6–9)

വിഷയാവതരണം സമാപിച്ചപ്പോൾ പ്രസിഡന്റ് റിമാർക്സ് രേഖപ്പെടുത്തിക്കൊണ്ട് പറഞ്ഞു: 'ഞാൻ കൂടുതലായി ഒന്നും പറയേണ്ടതില്ല. പ്രബന്ധത്തിന്റെ സൗന്ദര്യവും വൈജ്ഞാനികതയും അത് സ്വയം തന്നെ പ്രകടിപ്പിച്ചിരിക്കുന്നു. ഞാൻ എന്റെയും സദസ്സ്യരുടെയും ഭാഗത്തുനിന്നു പ്രബന്ധത്തിന്റെ ക്രമീകരണ ഭംഗിയും ആശയഭംഗിയും ഉന്നതനിലവാരത്തിലുള്ള സമർഥന രീതിയും കണക്കിലെടുത്തു ഹദ്റത്ത് ഖലീഫത്തുൽ മസീഹിനു നന്ദി അറിയിക്കുന്നു. സദസ്സ്യരുടെ മുഖത്ത് എന്റെ വാക്കുകളോട് ഭാവനാത്മകമായി ഐക്യപ്പെടുന്നത് കാണാൻ സാധിക്കുന്നുണ്ട്. അവർക്കുവേണ്ടി ഞാൻ നന്ദി പറഞ്ഞത് ഉചിതമാണെന്നും പ്രതിനിധാനം ചെയ്യുന്നതിൽ ഞാൻ വീഴ്ച വരുത്തിയിട്ടില്ലെന്ന കാര്യവും അവർ സമ്മതിക്കുമെന്ന് ഞാൻ ഉറപ്പായും വിശ്വസിക്കുന്നു. ഒരു വ്യക്തി ഹദ്റത്ത് സാഹിബിന്റെ അടുത്ത് വന്നിട്ട് പറഞ്ഞു: 'ഞാൻ ഇന്ത്യയിൽ 30 വർഷം ജോലി ചെയ്തിട്ടുണ്ട്. മുസ്‌ലിമീങ്ങളുടെ അവസ്ഥയെയും അവരുടെ വാദങ്ങളെയും ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. കാരണം ഞാൻ ഒരു മിഷണറിയായിട്ടാണ് ഇന്ത്യയിലുണ്ടായിരുന്നത്. താങ്കൾ ഇന്ന് ഈ വിഷയത്തെ എത്ര ഭംഗിയായും വ്യക്തമായും ഗഹനമായുമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഞാൻ ഇതുപോലെ മുമ്പേ ഒരിക്കലും എവിടെയും കേട്ടിട്ടില്ല. ഇന്നെനിക്ക് ഈ വിഷയാവതരണം കേട്ടപ്പോൾ അതിലെ ആശയങ്ങളും അനുക്രമവും തെളിവുകളും വളരെയധികം എന്നിൽ സ്വാധീനം ചെലുത്തി. ഞാൻ താങ്കളെ അഭിനന്ദിക്കുന്നു.' മറ്റൊരു വ്യക്തി വന്നിട്ട് പറഞ്ഞു: 'ഞാൻ ഈ പ്രബന്ധം കേൾക്കാനായി ഫ്രാൻസിൽ നിന്നുമാണ് വന്നിട്ടുള്ളത്. ഞാൻ ക്രിസ്തുമതത്തിനു മേൽ ഇസ്‌ലാമിന് മുൻഗണന നല്കിയിരുന്നു. എന്നാൽ, ഇസ്‌ലാമിനു മേൽ ബുദ്ധമതത്തിനും മുൻഗണന നല്കിയിരുന്നു. ഞാൻ താങ്കളുടെ പ്രബന്ധം കേട്ടു. ബുദ്ധമതത്തിന്റേയും കേട്ടു. ഞാൻ ഇസ്‌ലാമാണ് യഥാർഥത്തിൽ എല്ലാറ്റിലും ശ്രേഷ്ഠമതമെന്നു ഏറ്റു പറയുകയാണ്. എത്ര ഭംഗിയോടെയും നല്ല നിലയിലുമാണ് താങ്കൾ ഇസ്‌ലാമിനെ അവതരിപ്പിച്ചിട്ടുള്ളത്. മറ്റൊരു മതത്തിനും ഇതുമായി കിടപിടിക്കാനാകില്ല. എന്റെ ഹൃദയത്തിൽ ഇപ്പോൾ ഇതിന്റെ വലുതായ സ്വാധീനമുണ്ട്.'

മറ്റു പല റിമാർക്സുമുണ്ട്. മിസിസ്സ് ശാർപ്പൽസ്, അവർ ഈ കോൺഫ്രൻസിന്റെ സെക്രട്ടറിയാണ്. അവർ ചൗദ്‌രി സാഹിബിനോട് പറഞ്ഞു: ഞാൻ താങ്കളെ അഭിനന്ദിക്കുന്നു. ജനങ്ങൾ താങ്കൾക്ക് അത്യന്തം കടപ്പെട്ടിരിക്കുന്നു. അവർ തന്നെ പറഞ്ഞു: സ്ത്രീകളും പുരുഷന്മാരും എന്റെ അടുത്ത് വന്ന് ഇതേക്കുറിച്ച് ഒരുപാട് പ്രശംസിക്കുന്നുണ്ട്. ഒരു ജർമൻകാരൻ, അദ്ദേഹം ഇവിടെ പ്രൊഫസറാണ്. അദ്ദേഹം റോഡിലൂടെ നടക്കുമ്പോൾ മുന്നോട്ടുവന്നു ഹദ്റത്ത് സാഹിബിന് അഭിനന്ദനം അറിയിച്ചു. എന്നിട്ട് പറഞ്ഞു: എന്റെയടുത്ത് ചില വലിയ വലിയ ഇംഗ്ലീഷുകാർ ഇരിക്കുന്നുണ്ടായിരുന്നു. ചിലർ തങ്ങളുടെ തുടയ്ക്ക് കൈ കൊണ്ട് അടിച്ചുകൊണ്ട് ഇപ്രകാരം പറയുന്നതായി ഞാൻ കണ്ടു: Rare ideas. One can not hear such ideas everyda.(ഇത് വളരെ അമൂല്യമായ ആശയങ്ങളാണ്. ഇത്തരം ആശയങ്ങൾ എല്ലാ ദിവസവും കേൾക്കാനാവില്ല.) അതേ ജർമൻ പ്രൊഫസർ പറയുന്നു: ചിലർ അനിയന്ത്രിതരായി പറയുന്നുണ്ടായിരുന്നു: what a beautiful and true principle. എത്ര സുന്ദരവും സത്യപൂർണവുമായ തത്ത്വങ്ങളാണ്. എന്നിട്ട് ആ ജർമൻ പ്രൊഫസർ സ്വന്തം അഭിപ്രായവും ആ അവസരത്തിൽ ഇപ്രകാരം പറഞ്ഞു: ഇത് അഹ്മദികൾക്ക് ഒരു ടേണിംഗ് പോയിന്റാണ്. അതായത് അഭിവൃദ്ധി ഘട്ടമാണ്. ഇത്തരമൊരു വിജയം ആയിരക്കണക്കിന് പൗണ്ടുകൾ ചെലവഴിച്ചാൽപോലും ലഭിക്കില്ല. ഈ ഒരു ലക്ചർ വഴി ലഭിച്ച അത്ര പ്രശസ്തിയും സാഫല്യവും ഒരിക്കലും കിട്ടുകയില്ല. ബഹായി മതസ്ഥയായ ഒരു സ്ത്രീ ഈ പ്രസംഗം കേട്ടു. എന്നിട്ട് ഞങ്ങളോടൊന്നിച്ചു താമസസ്ഥലം വരെ വന്നു. അവർ പറയുന്നു: 'ഞാൻ ബഹായി വിശ്വാസം വച്ചുപുലർത്തിയിരുന്നു. എന്നാൽ, ഇന്ന് താങ്കളുടെ പ്രഭാഷണം കേട്ടതിൽ എന്റെ ചിന്താഗതികൾ മാറിയിരിക്കുന്നു. താങ്കളുടെ ഇനിയും കൂടുതൽ കൂടുതൽ പ്രസംഗം കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നോട് ദയവു ചെയ്ത് പറയുക എവിടെയൊക്കെ, എപ്പോഴൊക്കെ ഇനി താങ്കളുടെ പ്രസംഗം ഉണ്ടാകുമെന്ന്. ഞാൻ തീർച്ചയായും വരുന്നതാണ്.' ഒരു സ്ത്രീ ഹുദൂറിന്റെ പിറകെ കൂടി, വീട്ടിൽ ചായ കുടിക്കാനായി ക്ഷണിച്ചു. ഒരു വ്യക്തി ഇപ്രകാരം പറഞ്ഞു: 'ഈ പ്രബന്ധം എത്ര പ്രിയങ്കരമാണെന്നാൽ ദേശസ്നേഹത്തേക്കാൾ പ്രിയങ്കരമാണ്.'(അൽഫള്ൽ 1924 ഒക്ടോബർ 23പേജ് 4–5)

ഹുദൂറിന്റെ(റ) 18 മുതൽ 35 വയസ്സുവരെയുള്ള ജ്ഞാനവിജ്ഞാനങ്ങളുടെ മുത്തുകളുടെ ഒരു മിന്നലാട്ടമാണ് ഞാൻ ഇവിടെ അവതരിപ്പിച്ചത്. പ്രാരംഭ യൗവ്വന ദശയിലും തുടർന്ന് യുവത്വത്തിലുമുള്ള ഒരു ഭൗതിക വിദ്യഭ്യാസമില്ലാത്ത വ്യക്തിയുടെ കാര്യങ്ങളാണിത്. എന്നാൽ, അദ്ദേഹത്തിൽ ലൗകികവും ആന്തരീയവുമായ വിദ്യകൾ നിറയ്ക്കപ്പെട്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യതയ്ക്കും നബി(സ)തിരുമേനിയുടെ പ്രവചനത്തിന്റെ സാക്ഷാത്കാരത്തിനുമുള്ള ഒരു ദൃഷ്ടാന്തമാണ് ഞാൻ ഇവിടെ അവതരിപ്പിച്ചത്. 17 വർഷക്കാലത്തെ മാത്രം കാര്യമാണ്. ചിലത് ഖിലാഫത്തിനുമുമ്പേയുള്ളതും ചിലത് ഖിലാഫത്തിനുശേഷമുള്ളതുമാണ്. 17 വർഷക്കാലയളവിൽ ഹുദൂർ(റ) വിവരിച്ച കാര്യങ്ങളുടെ നൂറിലൊരു ഭാഗമാണ് ഞാൻ ഇവിടെ അവതരിപ്പിച്ചത്. ആദ്യം അമ്പതിലൊന്നു വിവരിക്കാമെന്നായിരുന്നു പറഞ്ഞത്. നൂറിലൊന്നു പോലും ഇവിടെ വന്നില്ല എന്നതാണ് വസ്തുത. ഒരുപാട് പുസ്തകങ്ങളെ പരിചയപ്പെടുത്താനാകുമെന്നായിരുന്നു കരുതിയത്. ഖുത്ബകളും തഫ്സീറുകളുമെല്ലാം ഇതിനുപുറമേയാണ്. അവയിൽ ജ്ഞാനവിജ്ഞാനങ്ങളുടെ സാരഗർഭമായ ആശയങ്ങളുണ്ട്. അവയിൽ ജ്ഞാന വിജ്ഞാനങ്ങളുടെ നദികൾ പ്രവഹിക്കുന്നുണ്ട്. കൂടാതെ വിവിധ വേദികളിൽവച്ച് അദ്ദേഹം ലോകത്തിന് വഴികാട്ടി കൊടുത്തു. ഈ കലവറ വലിയ പരിധിവരെ അച്ചടിച്ചിട്ടുണ്ട്. ജമാഅത്തംഗങ്ങൾ അവ വായിക്കേണ്ടതുണ്ട്. അല്ലാഹു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

പാകിസ്താനിലെ അഹ്മദികൾക്കു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവിടുത്തുകാർക്കും ശാന്തി സമാധാനത്തോടെ ജീവിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ശത്രുക്കളുടെ ആക്രമണങ്ങളെയും കുതന്ത്രങ്ങളെയും തന്റെ അനുഗ്രഹാശിസ്സുകളാൽ ഉന്മൂലനം ചെയ്യുമാറാകട്ടെ.(വിവർത്തകൻ: മൗലവി പി.കെ.അംനാസ് കടലായ്, ടൈപ്സെറ്റിംഗ്: മൗലവി ഹാഷിം അഷ്റഫ് ആലപ്പുഴ)

★★★★

## ഈദു ഫണ്ട്

ഈ ചന്ദ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് സ്ഥാപിച്ചിട്ടുള്ളതാണ്. ഇതിന്റെ ഉദ്ദേശ്യം സന്തോഷവേളകളിൽ വ്യക്തിപരമായ സന്തോഷത്തിന് വസ്ത്രങ്ങൾക്കും ഭക്ഷണങ്ങൾക്കും സ്ത്രീകൾക്കും വേണ്ടി പല ചെലവുകളും നടത്തുന്നു. മറ്റുള്ളവർക്ക് സമ്മാനം നല്കുന്നു. ആ സന്തോഷത്തിൽ ദീനിപരമായ ഉദ്ദേശ്യങ്ങളും ഓർമിക്കുക എന്നതാണ്. അഹ്മദി അംഗങ്ങൾ ബയ്അത്തിൽ പ്രതിജ്ഞ ചെയ്തിട്ടുള്ളത് ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്നാണ്. അതുകൊണ്ട് സന്തോഷവേളകളിൽ ദീനിന്റെ ഉദ്ദേശ്യങ്ങൾ തീർച്ചയായും അഹ്മദി അംഗങ്ങൾ ഓർക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഉദ്ദേശ്യത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് ഈ വകുപ്പിൽ വരുമാനമുള്ള അഹ്മദി ആളോഹരി ഒരു രൂപയാണ് ഈദുഫണ്ടിൽ കൊടുത്തിരുന്നത്. ഇപ്പോൾ രൂപയ്ക്ക് ആ മൂല്യമില്ല. അതിനാൽ ഒരു രൂപയിൽ ഒതുക്കിനിറുത്തുന്നത് ശരിയല്ല. ഈദുൽഫിത്‌റിന്റെ വരവ്, സന്തോഷകരമാണ്. അതുകൊണ്ട് കഴിവിനനുസരിച്ച് ഈദ് ദിവസം കൂടുതൽ തുക ഈ ഫണ്ടിൽ നൽകുക. ഈദുഫണ്ട് ഈദിന് മുമ്പേ എപ്പോൾ വേണമെങ്കിലും കൊടുക്കാവുന്നതാണ്. ഇത് കേന്ദ്രചന്ദയാണ്. മുഴുവൻ തുകയും സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ഖജനാവിൽ വരേണ്ടത് നിർബന്ധമാണ്. ഇതിൽനിന്ന് തദ്ദേശപരമായി ചെലവഴിക്കാൻ അനുവാദമില്ല. **(ഖാജിം മഖാം നാളിർ ബയ്ത്തുൽമാൽ ആമദ്, ഖാദിയാൻ)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 15 April 2021 Issue-15

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം. 2019-(ജൂലായ്)

**വിവർത്തനം: അമീൻ മുഹമ്മദ് മാത്ര**

**(6 –ാം വാള്യം 8–ാം ലക്കം പേജ് 12 മൂന്നാം കോളത്തിൽ നിന്ന് തുടർച്ച.......)**

ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദ്ർ ഖസാഖ്സ്താനുവേണ്ടി ഹുദൂറിനോട് ദുആക്കപേക്ഷിച്ചു.

ഹുദൂർ അദ്ദേഹത്തോട്: നിങ്ങൾ കൃത്യമായി റിപ്പോർട്ട് അയക്കാറുണ്ടോ?

സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ: മൂന്ന് മാസം കൂടുമ്പോൾ ഒരു റിപ്പോർട്ട് അയക്കുന്നു.

✸ മറ്റൊരു അഹ്മദി: 2011ലാണ് ഞാൻ ബയ്അത്ത് ചെയ്തത്. അല്ലാഹു എന്റെ പ്രാർഥന സ്വീകരിച്ചു. എനിക്ക് ജൽസയിൽ വരാൻ അവസരം ലഭിച്ചു. എന്റെ ഉമ്മ അഹ്മദിയല്ല.ജൽസയിൽ പങ്കെടുത്തത് ഉമ്മയിൽ നല്ല സ്വാധീനമുണ്ടാക്കിയിട്ടുണ്ട്. അല്ലാഹു ഞങ്ങളെ യഥാർഥ അഹ്മദിയാക്കാൻ അങ്ങയോട് ദുആക്കപേക്ഷിക്കുന്നു. ജൽസാ ഡ്യൂട്ടി നിർവഹിച്ചവർ ചെയ്ത് കഠിനമായ അധ്വാനവും ക്ഷമയും ഞങ്ങളിൽ സ്വാധീനമുണ്ടാക്കി. അവരോട് ഞങ്ങൾക്ക് നന്ദിയുണ്ട്.

✸ ഒരു അഹ്മദി: ഞാൻ 2006 മുതൽ അഹ്മദിയാണ്. ഞങ്ങളുടെ രാജ്യത്ത് ഒരു പുതിയ പ്രസിഡന്റ് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പുതിയ തിരഞ്ഞെടുപ്പും നടന്നു. ഞങ്ങളുടെ എല്ലാ പ്രശ്നങ്ങളും ശരിയായിക്കിട്ടാനും ഞങ്ങളുടെ രജിസ്ട്രേഷന് വഴിയിലുള്ള തടസ്സങ്ങൾ നീങ്ങിപ്പോകാനും ദുആയ്ക്കപേക്ഷിക്കുന്നു.

✸ ജാമിഅ അഹ്മദിയ്യാ ഘാനയിൽ അഞ്ചാം വർഷം പഠിച്ചു വരുന്ന ജരിയുല്ലാഹ് സാഹിബിന്റെ ഭാര്യ ഈ സംഘത്തിലുണ്ടായിരുന്നു. ഇവരുടെ ചെറിയ സഹോദരൻ ഘാന ജാമിഅയിൽ ഒന്നാം വർഷം പഠിച്ചു വരുന്നു.

✸ ഒരംഗം പറയുന്നു: ജൽസയുടെ സംവിധാനങ്ങൾ തികച്ചും ഉന്നതനിലവാരത്തിലുള്ളതായിരുന്നു. എന്റെ മകനും ജാമിഅ ഘാനയിൽ പഠിച്ചു വരുന്നു. ഇപ്പോള് അവൻ ഊലാ ക്ളാസ് പാസ്സായി. അവന്നു വേണ്ടി ദുആയ്ക്കപേക്ഷിക്കുന്നു. ഒരു മകനും ഒരു മകളും ഏഴു ചെറുമക്കളുമുണ്ട്. എന്റെ മകന് കുട്ടി ജനിക്കാൻ വേണ്ടിയും ദുആക്കപേക്ഷിക്കുന്നു. അവിടെ ജമാഅത്തിന് രജിസ്ട്രേഷൻ കിട്ടാത്തതിൽ പ്രയാസമുണ്ട്. അല്ലാഹു ഈ വഴിയിൽ വന്നിട്ടുള്ള തടസ്സങ്ങളും ബുദ്ധിമുട്ടുകളും മാറ്റിത്തരുമാറാകട്ടെ.

✸ ഒരു വനിത: ഞങ്ങൾക്ക് ഹുദൂറിനോട് വളരെയധികം നന്ദിയുണ്ട്. ജൽസയുടെ സംവിധാനങ്ങൾ വളരെ ഉന്നതമായിരുന്നു. എനിക്ക് രണ്ടു മക്കളുണ്ട്. അവർക്ക് ശരിയായ തർബിയ്യത്ത് ചെയ്യാനും അവർ രണ്ടുപേരും ജമാഅത്തിന്റെ മുബല്ലിഗുമാരാകാനും ദുആക്കപേക്ഷിക്കുന്നു.

✸ ഒരതിഥി: ഞാൻ അഹ്മദിയല്ല. ജമാഅത്തിനെ പരിചയപ്പെട്ടു വരുന്നു. ഞാനിവിടെ കണ്ടത് തികച്ചും വ്യത്യസ്തമായൊരു ലോകമാണ്. എല്ലാ കാര്യങ്ങളും വ്യവസ്ഥാപിതമായിരുന്നു. ജനങ്ങൾ വളരെയധികം സൗമ്യരും സ്നേഹബന്ധം പുലർത്തുന്നവരുമാണ്. ഇതെന്നെ വല്ലാതെ സ്വാധീനിച്ചിരിക്കന്നു. എന്റെ ബാക്കിയുള്ള എല്ലാ അംഗങ്ങളേയും ഒപ്പം കൊണ്ടു വരണമെന്നാണ് എന്റെ ആഗ്രഹം.

✸ ഒരു വനിത: ജൽസയുടെ സംവിധാനങ്ങൾ തികച്ചും മികച്ചതായിരുന്നു. എല്ലാം വ്യവസ്ഥാപിതമായിരുന്നു. ഞങ്ങളുടെ രാജ്യത്ത് പുതിയ പ്രസിഡന്റ് വന്നിരിക്കുന്നു. ഇപ്പോൾ സാഹചര്യങ്ങൾ മാറിയിരിക്കുന്നു. ഞങ്ങളുടെ ഭാവി തലമുറയ്ക്ക് അവിടെ ഭയമൊന്നും കൂടാതെ ജീവിക്കാൻ സാധിക്കുന്നതിന് ഹുദൂറിനോട് ദുആക്കപേക്ഷിക്കുകയാണ്.

✸ മുമ്പേയും ജൽസയിൽ വന്നിട്ടുള്ള ഒരു വനിത: ഹുദൂറിന് ഞാൻ കത്തെഴുതിയിരുന്നു. ഹുദൂർ അതിന്ന് മറുപടിയും നല്കിയിരുന്നു. ഞാനതിന്ന് ഹുദൂറിന്ന് നന്ദി പറയുകയാണ്. ഹുദൂറിന്റെ ദുആയുടെ ഫലമായി ഞങ്ങളുടെ ബുദ്ധിമുട്ടുകൾ അല്ലാഹു നീക്കിയിരിക്കുന്നു. ഖുർദിസ്താൻ സംഘത്തിന്റെ ഈ കൂടിക്കാഴ്ച 01.15 വരെ നീണ്ടു നിന്നു. ഒടുവിൽ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവർക്ക് ഭാഗ്യം ലഭിച്ചു. കുട്ടികളെ ഹുദൂർ തന്നോട് ചേർത്ത് പിടിച്ച് സ്നേഹം നല്കി. ഈ കുട്ടികളും ഹുദൂറുമൊത്ത് ഫോട്ടോ എടുത്തു. സംഘത്തിലുണ്ടായിരുന്ന വനിതകൾ ഹുദൂറിനോട് തങ്ങളുടെ തലയിൽ കൈവെച്ച് അനുഗ്രഹിക്കണമെന്ന് അപേക്ഷിച്ചു. ഹുദൂർ അൻവർ അനുകമ്പാ പൂർവം അവരുടെ അപേക്ഷ സ്വീകരിച്ചു. അവർക്ക് ദുആ നല്കി.

### ഹംഗറി സംഘത്തിന്റെ കൂടിക്കാഴ്ച

ഹംഗറി രാജ്യത്തുനിന്നു വന്ന 19 പേരടങ്ങുന്ന സംഘം ഹുദൂറുമൊത്ത് കൂടിക്കാഴ്ച നടത്തി.ഇതിൽ 8 പേർ അതിഥികളും 11 പേർ അഹ്മദികളുമായിരുന്നു. എല്ലാവരും ക്രമത്തിൽ സ്വന്തമായി ഹുദൂറിന് തങ്ങളെ പരിചയപ്പെടുത്തിക്കൊടുത്തു.

ജിപ്സി(Gypsy) എന്നു ജനങ്ങൾ വിളിക്കുന്ന റോമൻ സമുദായവുമായി ബന്ധമുള്ള സാവാ വിൻസ് സാഹിബ്(Szava Vince) പറയുന്നു: ഞങ്ങൾ സ്വന്തം ജനതയുടെ ഉന്നമനത്തിനും വിജയത്തിനും നിയമപരമായി അവരെ സഹായിക്കുന്നതിന്നും വേണ്ടി ഒരു സംഘടന ഉണ്ടാക്കിയിരിക്കുന്നു. ഈ സംഘടനയിൽ പതിനാറായിരത്തിലധികം അംഗങ്ങളുണ്ട്. ആദ്യമായാണ് ഞാൻ ജൽസയിൽ പങ്കെടുക്കുന്നത്. സ്വന്തം ജോലി കാരണത്താൽ വിവിധ തരത്തിലുള്ള ആളുകളെ കാണേണ്ടി വരുന്നു. വിവിധ പരിപാടികളിൽ പങ്കെടുക്കാറുണ്ട്. വിവിധ ചടങ്ങുകളിൽ പങ്കെടുക്കാറുമുണ്ട്. യഹൂദികളുടേയും പരിപാടികളിൽ പോയിരുന്നു. മുസ്‌ലിമീങ്ങളുടേയും ക്രിസ്ത്യാനികളുടേയും അടുക്കൽ പോകാറുണ്ട്. ജൽസാവേളയിൽ കണ്ട സ്നേഹം, മനുഷ്യകുലത്തോടുള്ള ആദരവ്, സമത്വം, സാഹോദര്യം എന്റെ ജീവിതത്തിലെവിടേയും കാണാൻ സാധിച്ചിട്ടില്ല, മറ്റൊരു പ്രോഗ്രാമിലും കണ്ടിട്ടുമില്ല. ഇവിടെ വന്ന് ഇതെല്ലാം നേരിട്ട് കാണാൻ അവസരം ഒരുക്കിയതിന്ന് ജമാഅത്തിനോട് വളരെയധികം നന്ദിയുണ്ട്. നമ്മൾ പറയാറുള്ള 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന വാക്യത്തിന്റെ കർമപരമായ പ്രകടനമാണ് ഇവിടെ കാണുന്നത്. ഇതെന്റെ ജീവിതമാകമാനം നിലനിലനില്ക്കുന്ന അനുഭവമാണ്. ഇത് അവിസ്മരണീയമാണ്. ജൽസയിൽ പങ്കെടുത്ത കാരണത്താൽ ഒരു സവിശേഷ വൈകാരികാവസ്ഥയിലാണ് ഞാനുള്ളത്.

കൂടിക്കാഴ്ചക്കുശേഷം അദ്ദേഹം പറയുന്നു: ഇവിടെ ഞങ്ങൾ കണ്ട സ്നേഹവും ആദരവും സമാധാനവും മുമ്പേയൊരിക്കലും എനിക്കെവിടേയും ദർശിക്കാൻ കഴിഞ്ഞിട്ടില്ല. ഞങ്ങൾ മുമ്പേയും മുസ്‌ലിമീങ്ങളെ അനുകൂലിച്ചു വരുന്നവരാണ്. പ്രത്യേകിച്ചും സ്വന്തം രാജ്യത്ത്. അവിടെ അഭയാർഥികളായി വന്ന മുസ്‌ലിമീങ്ങളുടെ പ്രശ്നങ്ങൾ കാരണത്താൽ അവിടെ ഒരു വെറുപ്പ് നിലനില്ക്കുന്നു. മുസ്‌ലിമീങ്ങൾക്കുവേണ്ടി മുമ്പേയും ഞങ്ങൾ ശബ്ദം ഉയർത്തി വന്നിരുന്നു. എന്നാലിപ്പോൾ കൂടുതൽ ശക്തിയോടെയും ഉച്ചത്തിലും ഞങ്ങൾ കാര്യങ്ങൾ ഉന്നയിക്കുന്നതാണ്. മുസ്‌ലിമീങ്ങളെ കുറിച്ച് മീഡിയ പറയുന്ന കാര്യങ്ങൾ തികച്ചും തെറ്റാണ്. രാവുംപകലും മീഡിയ അവിടെ കാണിച്ചു കൊണ്ടിരിക്കുന്ന കാര്യങ്ങൾ തികച്ചും തെറ്റാണ്.

**തുടരും**

---

**(പേജ് 1ൽനിന്ന്)**

ഈ നിഷേധത്തിന്റെ ശക്തി നബി(സ)തിരുമേനിയുടെ മേൽ എങ്ങനെ പതിയുന്നു എന്നുപോലും നോക്കുന്നില്ല. കാരണം 20, 22 വർഷം വരേയും അല്ലാഹു ഏതെങ്കിലും കറ്റുകെട്ടിപ്പറയുന്നവന് സഹായം നല്കാമെന്നാണെങ്കിൽ പിന്നെ എനിക്ക് അത്ഭുതംതന്നെ തോന്നുന്നു. അല്ല, പ്രത്യുത നബി(സ)തിരുമേനിയുടെ സത്യസാക്ഷ്യത്തിന് ഇവരെന്ത് തെളിവ് നല്കുമെന്നോർത്ത് ഹൃദയം വിറച്ചുപോകുന്നു. ഒരു വാദിക്ക് ഇത്രമാത്രം ദീർഘകാലം ജീവിതം ലഭിച്ചിരിക്കുന്നത് കണ്ടാൽ, വ്യാജനും കള്ളനും ഇത്രമാത്രം ദീർഘായുസ് ലഭിക്കുമെന്ന് ഒരു മുസ്‌ലിമും നബി(സ)തിരുമേനിയുടെ സത്യസന്ധനായ ഒരു അനുയായിയും പറയുകയില്ല. അത്തരം വാദിയുടെ സത്യസാക്ഷ്യത്തിനായി മറ്റൊരു തെളിവും കിട്ടിയില്ലെങ്കിൽത്തന്നെയും സത്യവാനായ ഒരു മുസ്‌ലിമിന് സൽഭാവനയുടേയും വിശ്വസ്തതയുടേയും അടിസ്ഥാത്തിൽ നിഷേധിക്കാതിരിക്കുക എന്നത് നിർബന്ധമായി വരുന്നു. കാരണം അയാളുടെ കാലം നബി(സ)തിരുമേനിയുടെ കാലത്തിന് സദൃശമായിരിക്കുന്നു.'(മൽഫൂദാത്ത് വാള്യം 1, പേജ് 274, പ്രസാധകർ ഖാദിയാൻ 2018)

---

**(പേജ് 1ൽനിന്ന്)**

തയുടെ വിവരമെടുക്കാതിരിക്കുക എന്നത് അക്രമമാണ്. കാരണം വിവരമെടുക്കാത്തതുകൊണ്ട് തിന്മ വീണ്ടും മടങ്ങിവരും. ഒരു മനുഷ്യന്റെ ഉന്നത പദവിപ്രാപിക്കൽ ലോകത്തിന് മുഴുവൻ ഫലപ്രദമല്ല. കാരണം അവൻ മരിക്കുന്നതോടുകൂടി അവിടെ അന്ധകാരം പരക്കുന്നതായിരിക്കും. തിന്മയെ ഉന്മൂലനം ചെയ്യുന്നതിന് എല്ലാ ശരിയായ വഴികളും സ്വീകരിക്കുക എന്നതാണ് വിജയം. എന്നാൽ, ഖേദകരമെന്നു പറയട്ടെ, ഈ അധ്യാപനമുണ്ടായിട്ടും മുസ്‌ലിമീങ്ങൾ മതപരമായ അറിവുകളിൽ പിന്നിലായെന്നു മാത്രമല്ല പ്രത്യുത ഭൗതിക അറിവുകളിലും അഭിവൃദ്ധികളിലും തികച്ചും അജ്ഞരുമാണ്. അവർ മനുഷ്യകുലത്തിന്റെ ക്ഷേമപ്രവൃത്തികളിലും വളരെ കുറച്ചേ പങ്കെടുക്കുന്നുള്ളു. മറ്റു ജനതകളിലെ ധീരന്മാർ വൈജ്ഞാനികമായ എല്ലാ വകുപ്പുകളിലും അഭിവൃദ്ധിപ്പെടാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.(തഫ്സീറെ കബീർ, വാള്യം 3, പേജ് 265, പ്രസാധകർ ഖാദിയാൻ 2010)

---

**അല്ലാഹുവിന്റെ കലാം:**

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ." (വിശുദ്ധ ഖുർആൻ 3:148)**

**ത്വാലിബെ ദുആ**
**Rahman Shakeer & Family, Ahmadiyya Jama-ath Karulai, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin